ങ്ങളോ വിമർശനങ്ങളോ ഉണ്ടാകേണ്ട കാര്യമില്ല. ഈ ബിൽ ഈ സഭയിലെ എല്ലാവരും ഒത്തൊരുമിച്ചുനിന്ന് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇത് തയ്യാറാക്കുന്നതിനുമുമ്പുതന്നെ പാർട്ടിനേതാക്കൻമാരുമായി ഈ കാര്യത്തെക്കുറിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ട്. പൊതുവേ എല്ലാവർക്കും സ്വീകാര്യമായ നിർദ്ദേശങ്ങൾ മാത്രമാണ് കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി നിയമം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The question that the payment of Salaries and Allowances (Amendment) Bill, 1979 be taken into consideration, was put and carried.

The Bill was taken into consideration,

Clauses 2 to 7

The question that clauses 2 to 7 stand part of the Bill was put and carried.

Clauses 2 to 7 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **Sri P. K. Vasudevan Nair** : Sir, I move that the Bill be finally passed.

Minister for Labour and Housing **Shri M. K. Raghavan** : Sir, I Second it.

The question that the payment of Salaries and Allowances (Amendment) Bill, 1979 be finally passed was put and carried.

The Motion was adopted and the Bill was finally passed.

X. ധനകാര്യം

ധനാഭ്യർത്ഥന നമ്പർ XXII

ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXV തൊഴിലും തൊഴിൽ സൗകര്യങ്ങളും

ധനാഭ്യർത്ഥന നമ്പർ XXXVIII ജലസേചനം

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ.എം.കെ.രാഘവൻ): ഭവനനിർമ്മാണം എന്ന 22-ാം ധനാഭ്യർത്ഥനയുടെ പേരിൽ 5,98,14,500 രൂപയ്ക്കുള്ള ഗ്രാൻറനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന 25-ാം ധനാഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly

യുടെ പേരിൽ 8,42,62,500 രൂപയ്ക്കുള്ള ഗ്രാന്റ് അനുവദിക്കണമെന്നുള്ള പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു. ജലസേചനം എന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,36,44,706 രൂപയ്ക്കുള്ള ഗ്രാന്റ് കൂടി അനുവദിക്കണമെന്നുള്ള പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): ഞാൻ അദ്ധ്യക്ഷ പിന്താങ്ങുന്നു.

Demand XXII—Housing

Shri N. I. Devassykutty: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri Chadayan Govindan: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 5,98,14,500 under Demand XXII be reduced by Rs. 100.

Demand XXV—Labour and Employment

Shri N. I. Devassykutty: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

Shri Chadayan Govindan: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 8,42,62,500 under Demand XXV be reduced by Rs. 100.

Demand XXXVIII—Irrigation

Shri N. I. Devassikutty: Sir, I move that the total allotment of Rs. 58,38, 40,800 under Demand XXXVIII be reduced by Rs. 100.

Shri Chadayan Govindan: Sir, I move that the total allotment of Rs. 58,38,40,800 under Demand XXXVIII be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 58,38,40,800 under Demand XXXVIII be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 58,38,40,800 under Demand XXXVIII be reduced by Rs. 100.

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 58,38,40,800 under Demand XXXVIII be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 58,38,40,800 under Demand XXXVIII be reduced by Rs. 100.

<u>ശ്രീ. പി. ബാലൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പലപ്പോഴും പ്രതിപക്ഷത്തുനിന്ന് എന്തെങ്കിലും പറഞ്ഞാൽ ക്രിയാത്മകമായ വിമർശനമല്ല, നിഷേധാത്മകമായ വിമർശനമാണ്. ക്രിയാത്മകമായി ഒന്നും പറയാനില്ല എന്നൊക്കെ പറയും. ചിലപ്പോഴൊക്കെ ചില സുഹൃത്തുക്കളും ഞാൻ എന്തെങ്കിലും പറഞ്ഞാൽ ശങ്കരനാരായണൻ മന്ത്രിയായതുകൊണ്ടുള്ള വൈരാഗ്യം കൊണ്ടാണെന്നൊക്കെ പറയും.

<u>മി. സ്പീക്കർ</u>: അങ്ങനെയൊന്നും ആരും പറയുകയില്ല.

<u>ശ്രീ. പി. ബാലൻ</u>: ചെയറിൽനിന്ന് അങ്ങനെയൊരു റൂളിംഗ് നൽകിയത് അത് പറഞ്ഞവർക്ക് ഒരു നല്ല മറുപടിയായി. ഞാൻ ഏറ്റവും ബഹുമാനിക്കപ്പെടുന്ന എന്റെ അടുത്ത മുറിയിൽ താമസിച്ചിരുന്ന എം. കെ. രാഘവൻ തൊഴിൽവകുപ്പുമന്ത്രിയായതിനുശേഷം എനിക്ക് സംസാരിക്കാൻ കിട്ടുന്ന ആദ്യത്തെ അവസരമാണ്. അദ്ദേഹം ഈ രംഗത്തെ പുരോഗമനകാരിയും പുരോഗമനചിന്തയുടെ ഉടമസ്ഥനും ആണ്. കഴിഞ്ഞകാല പ്രവർത്തനം അതിനൊക്കെ സാക്ഷ്യം വഹിക്കുന്നതാണ്. തൊഴിൽ രംഗത്ത് പുരോഗമനപരമായ നടപടി എത്രത്തോളം നടപ്പാക്കാൻ കഴിയുമെന്ന് ഞാൻ സംശയിക്കുകയാണ്. അദ്ദേഹത്തെപ്പോലെയുള്ള ഒരു മനുഷ്യനെ ഞെരിച്ച് അവസാനിപ്പിക്കണമോ അതാണോ മറുഭാഗത്തുള്ളവരുടെ ആലോചന എന്ന് എനിക്ക് അറിഞ്ഞുകൂടാ. തൊഴിൽ രംഗത്തെ സ്ഥിതി എന്താണ്? ഭരണകക്ഷിയിലുള്ള പലർക്കും പറയണമെന്നുണ്ട്. പലരും എന്റെ അടുത്ത സുഹൃത്തുക്കളാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്നോട് അതു പറയാൻ ചട്ടംകെട്ടിയിട്ടുമുണ്ട്. പോലീസിന്റെ അന്യായമായ ഇടപെടൽകൊണ്ട് ഈ രാജ്യത്ത് സമാധാനപരമായി തൊഴിലാളികൾക്ക് സമരംചെയ്യാൻ സാധിക്കാത്ത, അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. എവിടെ സമരം ചെയ്താലും സമരത്തിന്റെ ഭാഗത്ത് മുതലാളി ആരാണ്, ഏത് കക്ഷിക്കാരനാണ് എന്നതിനെ ആശ്രയിച്ചാണ് കാര്യങ്ങൾ നടത്തുന്നത്. ഈ രാജ്യത്ത് നടക്കുന്ന തൊഴിൽ സമരങ്ങളെ പോലീസ് നയമോ തൊഴിൽ നയമോ എന്നെനിക്കറിഞ്ഞുകൂടാ, പോലീസിന് ഒരു നയം ഉണ്ടാകാൻ നിവൃത്തിയില്ല, പോലീസിനെ ഇത്തരം ഒരു നയത്തിലേക്കെത്തിക്കുന്ന രാഷ്ട്രീയ സംവിധാനമല്ലെ ഇവിടെയുള്ളത്. എത്രതന്നെ പുരോഗമനകാരിയായ തൊഴിലാളിപ്രവർത്തകൻ തൊഴിൽ മന്ത്രിയായാലും നടപ്പാക്കാൻ സാധിക്കാത്ത രാഷ്ട്രീയ കൂട്ടുകെട്ടിൽ, കെണിയിൽ ആണ് ശ്രീ. രാഘവൻ ചെന്നു പെട്ടിരിക്കുന്നത്. കോളിയോട് എസ്റേററിൽ സമരം നടന്നപ്പോൾ അദ്ദേഹം ഇടപെട്ടാണ് പോലീസിനെ അവിടെനിന്നു മാററിയതെന്ന് അദ്ദേഹംതന്നെ സമ്മതിക്കേണ്ടിവന്നു. ഇവിടെ എല്ലാം ശാന്തമാണെന്ന് ഒന്നും ധരിക്കേണ്ട. എവിടെ തൊഴിൽസമരം ഉണ്ടായാലും ശരി ആ സമരത്തിൽ ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയുടെ ആളാണ് മുതലാളിയുടെ ഭാഗത്തെങ്കിൽ ആ സമരത്തെ അടിച്ചമർത്താൻ പോലീസ് സ്ഥലത്ത് എത്തും. പോലീസിന് ആ കക്ഷിയുടെ ഉന്നതനേതാക്കൻമാർ പറയുന്നതിന് അപ്പുറത്ത് ചലിക്കാൻ സാധിക്കാത്ത സാഹചര്യം ഈ രാജ്യത്ത് നിലവിലുണ്ട്. അത് മാററാൻ ഭരണകക്ഷി അംഗങ്ങൾക്ക് സാധിക്കുമോ എന്ന് എനിക്കറിഞ്ഞുകൂടാ. അതാണ് തൊഴിൽരംഗത്തെ നില. കർഷക തൊഴിലാളി നിയമം നടപ്പാക്കും ഭൂമികൊടുക്കുമെന്നൊക്കെ പറഞ്ഞു. ഭൂമിയൊന്നും കൊടുക്കേണ്ട, ബില്ല് നേരേചൊവ്വെ ഒന്ന് നടപ്പാക്കികിട്ടിയാൽ മതി. രജിസ്ററർ ചെയ്ത കേസ്സ് എത്രയുണ്ട്. സിറിയക് ജോൺ തൊഴിലാളി പ്രവർത്തകന്റെ നേതൃത്വമൊന്നും ചമഞ്ഞ് ഇറങ്ങണ്ട.

സാക്ഷാൽ ഭൂപ്രഭുക്കൻമാരുടെ പ്രതിനിധിയായിട്ടാണ് സിറിയക്ക് ജോണിനെ ഞാൻ കണ്ടിട്ടുള്ളത്. രണ്ട് കർഷക കോൺഗ്രസ്സ് ഉണ്ടെങ്കിൽ ഒരു കർഷക കോൺഗ്രസ്സിന്റെ പ്രസിഡന്റ് ഈ സംസ്ഥാനത്ത് സിറിയക് ജോൺ ആണെന്ന് മറക്കണ്ട. ഈ രാജ്യത്തെ കർഷകതൊഴിലാളികൾക്ക് ആനുകൂല്യം കിട്ടേണ്ട അനേകം വകുപ്പുകളുള്ളതിൽ ഒരു വകുപ്പ് ആവശ്യാനുസരണം തൊഴിൽ പെട്ടെന്ന് ചെയ്തുതീർക്കുന്നതിന് തൊഴിലാളികളെ പുറമേനിന്ന് എടുക്കാമെന്നാണ്. ആ വകുപ്പിനെ ഈ രാജ്യത്തെ തൊഴിൽ ഉടമകൾ ദുരുപയോഗം ചെയ്യുന്നു. ഒരാണ്ടിൽ നൂറുദിവസം ജോലി കിട്ടുന്ന കർഷകതൊഴിലാളികൾക്ക് അതുപോലും ലഭ്യമല്ലാത്ത അവസ്ഥ ആ വകുപ്പിന്റെ ദുർവ്യാഖ്യാനംകൊണ്ട് ഈ രാജ്യത്തെ കൃഷി ഉടമകൾ ഉണ്ടാക്കിയിരിക്കുന്നു. പുറമേനിന്ന് ആളുകളെ എടുത്ത് സ്ഥിരമായ തൊഴിലാളികൾക്ക് തൊഴിലവസരം ഇല്ലാതാക്കുന്നു. എത്ര തൊഴിൽ കേസ്സുകൾ ഈ രാജ്യത്ത് അന്വേഷിക്കാനുണ്ട്. ഈ നിയമം നടപ്പാക്കുമ്പോൾ അത് നടപ്പാക്കുകയില്ലെന്ന് ഈ നിയമസഭാവേദിയിൽനിന്ന് പറഞ്ഞ ഇ. ജോൺ ജേക്കബിന്റെ കക്ഷിയോടൊപ്പമാണ് ഭരിക്കുന്നതെങ്കിൽ കർഷകത്തൊഴിലാളി നിയമം ഈ രാജ്യത്ത് നടപ്പാക്കാൻ പററുമോ? അതാണ് ഇന്നത്തെ സ്ഥിതി. അതിന്റെ പരിണിതഫലമാണ്. എന്തെല്ലാം നാം ഉത്ഘോഷിച്ചാലും ശരി ഒരുമിച്ചിരുന്ന് കർഷകത്തൊഴിലാളി നിയമം ഈ രാജ്യത്ത് പ്രാവർത്തികമാക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. ഈ നിയമംകൊണ്ട് പരിരക്ഷകിട്ടേണ്ട അനേകം തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികൾക്ക് അത് ലഭ്യമല്ലാതായിരിക്കുന്നു. ഈ രാജ്യത്ത് കങ്കാണി സമ്പ്രദായം അവസാനിപ്പിച്ചു എന്നു പറഞ്ഞു. പത്ത് തൊഴിലാളികളെ ജോലിക്ക് ഏൽപ്പിച്ചുകൊടുത്താൽ ഒരു തൊഴിലാളിയുടെ വേതനം വെറുതെ കിട്ടുന്ന ഏജൻസിയാണ് കങ്കാണി. ആ സമ്പ്രദായം ഇന്ന് പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലകളിൽ നിലനിൽക്കുന്നു. തമിഴ് നാട്ടിൽനിന്നു വരുന്ന തൊഴിലാളികളെ കൊണ്ടുപോയി കൊടുത്താൽ, പത്തുപേരെ കൊടുത്താൽ ഒരു തൊഴിലാളിയുടെ വേതനം സൗജന്യമായി കിട്ടുന്ന കങ്കാണി സമ്പ്രദായം മാററാനുള്ള നടപടി ഈ രാജ്യത്ത് ഉണ്ടാകേണ്ടേ? ഈ ബില്ല് പാസ്സാക്കുന്നതിന് പ്രതിപക്ഷത്തിന്റെ സഹകരണം ആവശ്യമാണെങ്കിൽ അത് തരാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ അത് നടപ്പാക്കണം. ഈ രംഗത്ത് വ്യക്തിപരമായി ആരേയും ഞാൻ ആക്ഷേപിക്കുന്നില്ല. ഈ രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യം, നിങ്ങളെക്കൊണ്ട് എവിടെയും ചെന്നെത്തിക്കാൻ സാധിക്കാത്ത ആ സാഹചര്യത്തിൽനിന്ന് നിങ്ങൾക്ക് പുറത്തു കടക്കാൻ കഴിയുമോ എന്ന് എനിക്കറിഞ്ഞുകൂട. കഴിയുമെന്ന വിശ്വാസം എനിക്കില്ല. മറെറാന്ന് തൊഴിൽ നിയമരംഗത്തുള്ള ശിക്ഷകളുടെ സമീപനമാണ്. നമ്മുടെ നാട്ടിലെ ഒരു മുതലാളി താമസിക്കുന്നത് കോയമ്പത്തൂരാണ്. അദ്ദേഹത്തിന്റെ എസ്റേററ് പാലക്കാട്ടും അട്ടപ്പാടിയിലുമാണ്. സർക്കാരിൽ വലിയ പിടിയുള്ള ആളാണ്. ശ്രീ. രാഘവനായതുകൊണ്ടാണ് ഞാൻ എടുത്തു പറയുന്നത്. നമ്മൾ തമ്മിൽ അത്തരമൊരു അഭിപ്രായ സംഘട്ടനത്തിന് ഇടവരേണ്ട എന്നുവിചാരിച്ചാണ്. ആ മുതലാളി ഈ രാജ്യത്ത് നിലനിൽക്കുന്ന ഗവൺമെൻറിൽ സ്വാധീനമുള്ള ആളാണ്. അദ്ദേഹം 22 കേസ്സിൽ പ്രോസിക്യൂട്ട് ചെയ്യപ്പെട്ടു. തൊഴിൽ നിയമം ലംഘിച്ചതിന്, ബോണസ് കൊടുക്കാത്തതിന്, മിനിമം വേതനം കൊടുക്കാത്തതിന് എന്നിവയ്ക്കെല്ലാമായി ആയിരത്തിൽ താഴെ രൂപയാണ് 22 കേസ്സിലായി അദ്ദേഹത്തിന് പിഴയായി കൽപ്പിച്ചത്. റവന്യൂ റിക്കവറി നടപടി നടന്നില്ല. ഈ ഗവൺമെൻറിൽ ബലമായി സ്വാധീനം ചെലുത്താൻ കഴിയുന്ന ഏതോ ഒരു ഉമ്മനും ഉമ്മന്റെ മകനുമാണെന്നാണ് കേൾക്കുന്നത്. അത് ശരിയാണോ എന്ന് അന്വേഷിക്കണം.

22 കേസ്സുകൾ തുടർച്ചയായി ലംഘിക്കുന്നതിനും പ്രോസിക്യൂട്ട് ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനും അങ്ങനെ തുടർച്ചയായി നിയമലംഘനം നടത്തുകയും ചെയ്യാനുള്ള പ്രേരണ എന്താണ്. നിയമങ്ങൾ ലംഘിക്കുന്നവർക്ക് നൽകുന്ന ശിക്ഷ തുലോം നാമമാത്രമാണ്. അതേപ്പററി തൊഴിൽ കാര്യമന്ത്രി പരിശോധിക്കണം. രണ്ടാമത്തെ പ്രാവശ്യം കുററം ചെയ്താൽ, തൊഴിൽനിയമം ലംഘിച്ചാൽ ജയിൽ ശിക്ഷ നൽകത്തക്ക വിധത്തിൽ നിയമത്തിൽവേണ്ട ഭേദഗതി വരുത്തണം. മായം ചേർത്ത കേസ്സുകളിൽപ്പോലും രണ്ടാമത് കേസ് വരികയാണെങ്കിൽ ജയിൽ ശിക്ഷ നൽകുമ്പോൾ എന്തുകൊണ്ട് അത്തരത്തിൽ തൊഴിൽ നിയമം ലംഘിക്കുന്നവർക്ക് അത്തരം ശിക്ഷ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചുകൂടാ? മറെറാന്നുണ്ട്, കടലിൽ തിരയെണ്ണുന്നതിനുപോലും കൈക്കൂലി വാങ്ങാൻ ശ്രമിക്കുന്ന ആളുകളുണ്ട്. കമ്പോളങ്ങളിൽ ഉണ്ടാകുന്ന ജീവിത സൂചികയുടെ അടിസ്ഥാനത്തിലാണ് തൊഴിലാളികൾക്ക് ഡി. എ. കണക്കാക്കുന്നത്. തൊഴിലാളികൾക്ക് വേരിയബിൾ ഡി. എ. കണക്കാക്കുന്നതിന് മാതൃകാപരമായി സ്വീകരിക്കുന്നത് സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കുന്ന ലിവിംഗ് ഇൻഡക്സ് ആസ്പദമാക്കിയാണെങ്കിൽ അവിടെയാണ് ഏററവും കൂടുതൽ അഴിമതിയും കൈക്കൂലിയും നടക്കുന്നത്. വ്യാവസായികമേഖലയിലെ മുതലാളിമാർ ലക്ഷക്കണക്കിന് രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയും മാർക്കററ് നിലവാരവുമായി ബന്ധമില്ലാത്ത സൂചിക നിശ്ചയിക്കുകയും ആ സൂചികയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് വേരിയബിൾ ഡി. എ. കണക്കാക്കുകയും അതുവാങ്ങാൻ തൊഴിലാളികൾ നിർബന്ധിതമാകുകയും ചെയ്യുന്ന സാഹചര്യം മാറേറണ്ടത് ആവശ്യമല്ലേ? അതുകൊണ്ട് തൊഴിൽ ഉടമാ പ്രതിനിധികളും ഉദ്യോഗസ്ഥാനുദ്യോഗസ്ഥ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു കമ്മിററി സംസ്ഥാന ജില്ലാ തലങ്ങളിൽ ജീവിതസൂചിക നിർണ്ണയിക്കുന്നതിന് ഉണ്ടാക്കണമെന്നു പറഞ്ഞാൽ അത് പരിശോധിക്കേണ്ടതാണ്. തൊഴിൽ രംഗത്ത് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കേണ്ടതാണ്.

തൊഴിലാളി ക്ഷേമനിധിയെ കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അതിന്റെ ചെയർമാനായി ഒരാളെ വെച്ചത് ഞങ്ങളും കൂടി ഒരുമിച്ചിരുന്ന് ചെയ്തതാണ്. എങ്കിലും ഒരു കാര്യം പറയുകയാണ്. ഈ തൊഴിലാളി ക്ഷേമനിധി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ എന്തെങ്കിലും ചെയ്യണ്ടേ? ചെയ്യാൻ വല്ല ആലോചനയുമുണ്ടോ? ചെയ്യിക്കാൻ എന്താണ് പരിപാടി. ചെയർമാനും കമ്മിററിയും ബോർഡും ഉണ്ടായാൽ അതുകൊണ്ട് സംതൃപ്തമാണെന്നാണോ ഉദ്ദേശം? ഇവിടെ മൈനർ എൻജിനീയറിംഗ് വ്യവസായങ്ങളുണ്ട്, മേജർ എൻജിനീയറിംഗ് വ്യവസായങ്ങളുണ്ട്. 50-ൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനമാണ് മൈനർ എൻജിനീയറിംഗ് വ്യവസായം. 50-ന് മുകളിലുള്ളത് മേജർ എൻജിനീയറിംഗ് വ്യവസായമാണ്. ഇതിലെ വൈരുദ്ധ്യം നോക്കണം. 50-നു താഴെ തൊഴിലാളികൾ ജോലി ചെയ്യുന്ന മൈനർ എൻജിനീയറിംഗ് വ്യവസായത്തിൽ മിനിമം വേജസുണ്ട്. 50-നു മുകളിൽ തൊഴിലാളികൾ ജോലി ചെയ്യുന്ന മേജർ എൻജിനീയറിംഗ് വ്യവസായത്തിൽ മിനിമം വേജസ് ഇല്ല. ഇതുകൊണ്ട് രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, വ്യവസായത്തിന്റെ നിലനിൽപ്പ് അപകടത്തിൽ, രണ്ടാമത് ഏററവും അധികം തൊഴിലാളികൾ ജോലി ചെയ്യപ്പെടുന്ന വ്യവസായത്തിൽ മിനിമം വേതനമില്ല. അവിടെ മിനിമം വേതനം ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ? പിന്നെ ഇവിടെ കൺസിലിയേഷൻ എന്നൊരു ഏർപ്പാടുണ്ട്; ലേബർ ഡിപ്പാർട്ടുമെൻറിൽ. എന്താണ് അവരുടെ ജോലി? സ്വന്തം പറമ്പിൽ ശവം കണ്ടാൽ സാക്ഷി പറയാൻ മടിച്ച് അത് അന്യപറമ്പിൽ കൊണ്ടു പോയി വയ്ക്കും. കാരണം സാക്ഷിപറയാൻ പോകണ്ട എന്നുവച്ച്. എന്തെങ്കിലും പരാതികൊടുത്താൽ ഡിസ്ട്രിക്ട് ലേബർ ആഫീസർ കൺസിലിയേഷന് വിളിക്കാറില്ല. അതെല്ലാംകൂടി എടുത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പറമ്പിലേക്ക് മാററും. ഡെപ്യൂട്ടി ലേബർ കമ്മീഷണർ പിന്നീടത് ലേബർ കമ്മീഷണറുടെ പറമ്പിലേക്ക് മാററും. ലേബർ കമ്മീഷണർ അത് തൊഴിൽ മന്ത്രിയുടെ പറമ്പിലേക്ക് മാററും. ഇങ്ങനെ ഒരു പരാതികൊടുത്താൽ അതിൽ തീരുമാനം ഉണ്ടാകാറില്ല. വേറൊരു വിഭാഗമുണ്ട്, കൺസിലിയേഷനു വിളിച്ചാലും വന്നെത്താൻ കൂട്ടാക്കാത്തവർ അവരാണ് പൊതുമേഖലാ വ്യവസായങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകൾ. അവർ ഐ. എ. എസ്. കാരാണ്. അവരെ വിളിച്ചാൽ വരികയില്ല. അവരെ കൺസീലിയേഷൻ കാൺഫറൻസുകളിൽ പങ്കെടുപ്പിക്കുന്നതിന് ഗവൺമെൻറിന് ഉത്തരവാദിത്വമില്ലേ? ലേബർ ഡിപ്പാർട്ടുമെൻറിലെ ജില്ലാ ആഫീസർമാർ താഴ്ന്ന ഉദ്യോഗസ്ഥൻമാരായതുകൊണ്ട് അവിടെ വരുന്നത് ഒരു പോരായ്മയായി ഇവർ കരുതുന്നു. ഇവരെ കൺസിലിയേഷൻ കാൺഫറൻസിൽ പങ്കെടുപ്പിക്കാത്തതിന് വേണ്ട നടപടി സ്വീകരിക്കണം. പിന്നെ നമ്മുടെ നാട്ടിൽ ഒരു അസംഘടിത

വിഭാഗം തൊഴിലാളികളുണ്ട്. വീടുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ. കൊച്ചമ്മമാരുടെ ഇംഗിതത്തിന് അനുസരണമായി ജോലി ചെയ്തില്ലെങ്കിൽ, എന്തെങ്കിലും വീഴ്ച വരുത്തിയാൽ ജോലിയില്ല. പിറേറ ദിവസം അവർ വേറെ പണി അന്വേഷിച്ച് പോകണം. അങ്ങനെ കഷ്ടപ്പെട്ട് ജോലിചെയ്യുന്ന അനേകം ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഉണ്ട്. അവർക്ക് സേവന വേതന വ്യവസ്ഥകളുണ്ടാകണം. അവരെ സംബന്ധിച്ചിടത്തോളം ഒരു മഹാകവി പാടിയത് ഞാൻ ഓർക്കുന്നു.

''പാവങ്ങൾ തൻ പ്രാണമരുത്തുവേണം
പാവ പ്രഭുക്കൾക്കിഹ പങ്കവീശാൻ''

എന്നത് അർത്ഥവത്തായി നിലനിൽക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ഒരു പരിശോധനനടത്തി ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ബഹുമാനപ്പെട്ട തൊഴിൽകാര്യ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. പതിനായിരക്കണക്കിന് വീടുകൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആരംഭിച്ച് അതിന്റെ പണി വളരെ ധൃതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ് ഈ സർക്കാർ. പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല എന്ന തത്വം അംഗീകരിച്ചുകൊണ്ടുതന്നെ ഈ രാജ്യത്ത് വീടില്ലാത്തവർക്ക്, തലചായ്ക്കാൻ ഇടമില്ലാത്തവർക്ക് ഇടം കൊടുക്കുന്നതിനു വേണ്ടിയുള്ള തീവ്രപരിപാടിയിൽ ഏർപ്പെട്ടിരിക്കുന്നു. സർ, 1964-ൽ നമ്മുടെ രാജ്യം ഒരു ജനാധിപത്യ സോഷ്യലിസ്ററ് രാഷ്ട്രമാണെന്ന് ദിവംഗതനായ, രാഷ്ട്ര ശില്പിയായിരുന്ന അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പണ്ഡിററ് ജവഹർലാൽ നെഹ്റു അന്ന് പാർലമെന്റിൽ പ്രഖ്യാപിച്ചു. അഞ്ചാം പഞ്ചവൽസരപദ്ധതി മുഴുമിപ്പിക്കുന്നതിനു മുമ്പായി ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം ഇവ നിറവേററികൊടുക്കണമെന്ന് ആവശ്യപ്പെട്ടു. പദ്ധതിയിൽ വീഴ്ച വന്നതുകൊണ്ട് അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ആറാം പഞ്ചവൽസരപദ്ധതി പൂർത്തിയാക്കുന്നതിനു മുമ്പായി ഈ രാജ്യത്തിലെ ജനങ്ങൾക്കെല്ലാവർക്കും വീടുണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പരിപാടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിൽ വരുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. തൊഴിൽ സൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് ബഡ്ജററിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിനു ഇന്ന് വലിയൊരു വിപത്ത് നേരിട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങൾ ഇന്ന് മററ് പല സംസ്ഥാനങ്ങളിലേക്കുമായി മാറിക്കൊണ്ടിരിക്കുന്നു. പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരം ഉണ്ടാകുന്നതായ പ്രത്യേകിച്ച് നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, ഓട്, ബീഡി മുതലായ വ്യവസായങ്ങൾ മററ് സംസ്ഥാനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നത് പിടിച്ചുനിർത്തുന്നതിന് ഗവൺമെന്റ് കാര്യമായി ആലോചിക്കേണ്ടതാണ് എന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടത്തെ കൂലിക്കുറവ് ഒരു കാരണമാണ്. ഇവിടെ വ്യവസായങ്ങൾക്ക് വേണ്ടിടത്തോളമുള്ള പല കാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടത് ചെയ്യുന്നില്ലെന്നുള്ള പരാതിയുണ്ട്. ഈ വ്യവസായങ്ങളിൽ കൂലിക്കുറവുണ്ട്. അതിനു ഒരു പരിഹാരം കാണുന്നതിനുവേണ്ടി വളരെയധികം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് ഈ സർക്കാർ. മററ് സംസ്ഥാനങ്ങൾ അതിനു തയ്യാറല്ല.

സർ, ഒരു ദേശീയ വേതന നയം ആവിഷ്കരിച്ച് നടപ്പിൽ വരുത്താൻ സാധിച്ചില്ലെന്നുവരികിൽ വ്യവസായങ്ങളുടെ നില വളരെ അപകടകരമാകും. അതുകൊണ്ട് എന്തുചെയ്തും മററ് സംസ്ഥാനങ്ങളുമായി ആലോചിച്ച് ഒന്നുമില്ലെങ്കിൽ തെക്കൻ സംസ്ഥാനങ്ങളുമായെങ്കിലും ആലോചിച്ചുകൊണ്ട് ഒരു ദേശീയ വേതനനയം ഈ ഗവൺമെൻറ് ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. വലിയ വൈതരണിയിലാണ് നമ്മൾ കഴിഞ്ഞുകൂടുന്നത്. കാരണം അവിടെ കൂലിക്കുറവ്, അതിൻെറ പേരിൽ ഇവിടത്തെ വ്യവസായങ്ങൾ മാററുന്നു. ഇവിടത്തെ തൊഴിലാളികൾ കൂലികൂടുതലിനുവേണ്ടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. മിനിമം വേജസ് എന്നുള്ളത് ഇന്നൊരു പഴകിയ മുദ്രാവാക്യമായി മാറിയിരിക്കുകയാണ്. മിനിമം വേജസ് നിശ്ചയിച്ചിരിക്കുന്ന പല വ്യവസായങ്ങളിലെ തൊഴിലാളികൾക്കും അവിടത്തെ മാനേജുമെൻറ് മിനിമം വേജസ് കൊടുക്കുന്നില്ല. എന്നാൽ ഭൂരിപക്ഷം വ്യവസായങ്ങളിലും ഇവിടത്തെ തൊഴിലാളികൾ കൂട്ടായി വിലപേശിക്കൊണ്ട് മിനിമം വേജസ് നിശ്ചയിച്ചതിൽനിന്നും 50 ശതമാനം 60 ശതമാനം കൂലിക്കൂടുതൽ വാങ്ങുന്നു. ആ ആളുകൾ മിനിമം വേജസ് എന്നുള്ളതുമാററി ഫെയർ വേജസ് കിട്ടുന്നതിനുവേണ്ടി സംഘടിതമായി ശബ്ദമുയർത്തിവരികയാണ്. ഇന്ന് മിനിമം വേജസ് അല്ല ആവശ്യം ജീവിക്കാനുള്ള ജീവനക്കൂലി ലഭിക്കണമെന്ന തത്വം അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു കാലഘട്ടമാണിത്. ഇതിൻെറ അടിസ്ഥാനത്തിൽ ഈ രാജ്യത്തെ വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുമ്പോൾ മാററം ഉണ്ടാക്കേണ്ടത് വളരെ ആവശ്യമായി തീർന്നിരിക്കുകയാണ്. ഇന്നത്തെ തൊഴിൽ നിയമങ്ങളിൽ പോരായ്മകളുണ്ട്. ആ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറ് ബില്ലവതരിപ്പിക്കുന്നു എന്ന് കേൾക്കുന്നു. നമ്മൾ വ്യവസായബന്ധബിൽ അവതരിപ്പിക്കാൻ പോകുന്നു എന്ന് വളരെയധികം പ്രാവശ്യം ഈ അസംബ്ലിയിൽ പറഞ്ഞു. എന്നാൽ ബില്ല് അവതരിപ്പിച്ചില്ല. കേന്ദ്രത്തിൽനിന്ന് ഒരു ബില്ല് കൊണ്ടുവന്ന് ഈ രാജ്യത്തെ തൊഴിൽ നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കപ്പെടുമെന്ന് നമ്മൾ ആഗ്രഹിച്ചിരുന്നു. 1926-ൽ ഉണ്ടായ തൊഴിൽ തർക്ക നിയമമാണ് ഇന്നും നിലവിലിരിക്കുന്നത്. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള ബില്ലിനെ നാം കാത്തിരുന്നു. ബില്ല് കേന്ദ്രത്തിൽ അവതരിപ്പിച്ചത് നമ്മൾ കണ്ടു. നമ്മൾ വായിച്ചു മനസിലാക്കി. തൊഴിലാളി പ്രവർത്തകൻമാരെപ്പോലും ചങ്ങലയ്ക്കിടുന്ന, കയ്യാമം വയ്ക്കുന്ന വിധത്തിൽ വ്യവസ്ഥ ചെല്ലുന്ന ബില്ലാണ് കേന്ദ്രത്തിൽ അവതരിപ്പിച്ചിരിക്കുന്ന വ്യവസായബന്ധ ബിൽ. നാല് യൂണിയനുകളിൽ കൂടുതൽ തൊഴിലാളി നേതാക്കൻമാർക്ക്, തൊഴിലാളി പ്രവർത്തകന് അതിൻെറ ഉത്തരവാദിത്വം ഏറെറടുക്കാൻ സാദ്ധ്യമല്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. തൊഴിലാളികൾക്ക് കൂട്ടായി വിലപേശാമെന്നുള്ളത് തൊഴിലാളികളുടെ മൗലികമായ അവകാശമാണ്. തൊഴിലാളികളുടെ കൂട്ടായ വിലപേശൽ എന്ന തത്വത്തെയാണ് നിയന്ത്രിച്ചിരിക്കുന്നത്. തൊഴിലാളികൾ സമരം ചെയ്താൽ കൺസിലിയേഷൻ യോഗങ്ങൾ പലതും വിളിച്ച് അത് പരാജയപ്പെട്ടതിനുശേഷം ജില്ലാ ലേബർ ആഫീസറുടെ അംഗീകാരത്തോടുകൂടി ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി രഹസ്യ ബാലററ് നടത്തി അറുപതു ശതമാനത്തിലധികം തൊഴിലാളികൾ അംഗീകരിക്കുന്നുണ്ടെങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

സമരം ചെയ്യാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഈ തത്വത്തിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. നമുക്കറിയാം ഭൂതലിംഗം കമ്മിററിയുടെ റിപ്പോർട്ട്. ആ റിപ്പോർട്ടിൽതന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കൂലിയാണ് ഇന്ന് തൊഴിലാളികൾക്ക് നിശ്ചയിച്ചിരിക്കുന്നത്, അതായത് നാലു റുപ്പിക. കൊല്ലത്തിൽ 100 ഉറുപ്പിക മിനിമം കൂലിയായി നിശ്ചയിച്ചിരിക്കുകയാണ്. മാനേജുമെൻറ് കേഡറിലുള്ളവർക്കാണെങ്കിൽ ആറായിരം രൂപ വരെ ശമ്പളം വാങ്ങാം. ഇങ്ങനെ വ്യവസ്ഥചെയ്യുന്ന ബില്ലാണ് കേന്ദ്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. അതിനെ ശക്തിയായി നേരിടണം, ഈ ബില്ല് നമുക്ക് അംഗീകരിക്കാൻ സാദ്ധ്യമല്ല. ഇവിടത്തെ തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി കൂട്ടായി വിലപേശുന്ന അവസരത്തിൽ പോലീസ് ഇടപെടുന്നു എന്നുള്ള പരാതിയുണ്ട്. ആ പരാതി ഒഴിവാക്കാൻവേണ്ടി ശ്രമിക്കണം. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല. വളരെ കൊല്ലങ്ങൾക്കു മുമ്പ് സ്വാതന്ത്ര്യത്തിനു മുമ്പുള്ളതായ നിലയിലേക്ക് നമ്മുടെ രാജ്യം പോവുകയെന്നുള്ളത് വളരെയധികം ആപത്താണ്. അത് ഈ ഗവൺമെൻറും തൊഴിൽ കാര്യമന്ത്രിയും വളരെ കരുതലോടുകൂടി അതിനെ നേരിടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിരവധി യൂണിയനുകൾ ഉണ്ട്. ഇൻഡ്യയിൽ രജിസ്ററർ ചെയ്ത നിരവധി യൂണിയനുകളിൽ 25 ശതമാനം യൂണിയനുകളും ഈ കൊച്ചു കേരളത്തിലാണ്. ഒരു വ്യവസായത്തിൽതന്നെ പതിമൂന്നും പതിനഞ്ചും യൂണിയനുകൾ ഉണ്ട്. ഇങ്ങനെ പതിനാലും പതിനഞ്ചും യൂണിയനുകളുള്ള വ്യവസായങ്ങളിലെ തൊഴിലാളികൾ പലപ്പോഴും അവരുടെ അവകാശങ്ങൾക്കുവേണ്ടിയല്ലാതെ സമരം ചെയ്യേണ്ടതായ സ്ഥിതി വന്നിരിക്കുന്നു, രാഷ്ട്രീയ പാർട്ടികളുടെ ശക്തികൾക്കുവേണ്ടി. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനേക്കാൾ തൊഴിലാളികളുടെ സംഘടിതമായ ശക്തി ഉറപ്പിക്കുന്നതിനുവേണ്ടി സമരം ചെയ്യേണ്ടതായിട്ടാണ് പലപ്പോഴും കാണുന്നത്. അതുകൊണ്ട് ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നുള്ള തത്വം അംഗീകരിക്കണം. 1957-ൽ തന്നെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും തൊഴിൽകാര്യമന്ത്രിമാരുടെ സമ്മേളനം നൈനിററ് ഹാളിൽ വിളിച്ചുകൂട്ടി. പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റു ആ സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു, ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന തത്വം നാം അംഗീകരിക്കണമെന്ന്. എങ്കിൽ പല തർക്കങ്ങളും ഒഴിവാക്കുന്നതിനു സാധിക്കും. അതുകൊണ്ട് തൊഴിൽ സംഘടനകളുടെ എണ്ണത്തിന്റെ പെരുപ്പം കുറയ്ക്കുന്നതിനുവേണ്ടി നാം ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നുള്ള തത്വം അംഗീകരിക്കേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ ഡൊമസ്ററിക് എൻക്വയറി തൊഴിലാളികളുടെ തലയിൽ തൂങ്ങിക്കിടക്കുന്ന ഒരു വാളാണ്. ഈ ഡൊമസ്ററിക് എൻക്വയറി മാററുന്നതിനുവേണ്ടി നമുക്ക് ശ്രമിക്കേണ്ടതുണ്ട്. മുതലാളിക്ക് ഒരു തൊഴിലാളിയോട് വിരോധമുണ്ടെങ്കിൽ ആ തൊഴിലാളിയെ സസ്പെൻറ് ചെയ്ത് അന്വേഷണം നടത്താം. മുതലാളിയുടെ വീട്ടിലോ മുതലാളിക്ക് സൗകര്യമുള്ള സ്ഥലത്തോ വച്ച് അന്വേഷണം നടത്തിക്കൊണ്ട് ആ തൊഴിലാളിയെ പുറത്താക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുക്കുന്നു. ഇതിനെതിരായി നിയമം ഉണ്ടാകണം. ഡിസ്ട്രിക്ട് ലേബർ ആഫീസറുടെ അല്ലെങ്കിൽ ലേബർ ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽവച്ച് മാത്രമെ ഡൊമസ്ററിക് എൻക്വയറി നടത്താൻ പാടുള്ളൂ. അവരുടെ അംഗീകാരത്തോടുകൂടി മാത്രമെ റിപ്പോർട്ട് സമർപ്പിക്കാൻ പാടുള്ളൂ എന്നു വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട്, എന്താണ് ഇന്ന് ഇതിന്റെ സ്ഥിതി പതിനായിരക്കണക്കിന് ഫയലുകൾ ഇന്ന് കെട്ടിക്കിടക്കുകയാണ്. തൊഴിലാളികളുടെ സൗകര്യത്തിനുവേണ്ടി പ്രോവിഡൻറ് ഫണ്ടിന്റെ ഒരു റീജിയണൽ ആഫീസ് കോഴിക്കോട്ട് തുടങ്ങിയെന്നുവരികിലും ഫയലുകൾ നീങ്ങുന്നില്ല. തൊഴിലാളികൾ ഒഴിഞ്ഞുപോയാലോ അവരുടെ മററ് ആവശ്യങ്ങൾക്കോ പണം കിട്ടുന്നില്ല. പണം അടച്ചതിന്റെ രസീതില്ല. അതുകൊണ്ട് പ്രോവിഡൻറ് ഫണ്ട് തൊഴിലാളികൾക്ക് അവകാശപ്പെട്ടത് കിട്ടുന്നതിനുവേണ്ടിയും അവർക്കു വേണ്ട രേഖകൾ ലഭിക്കുന്നതിനുവേണ്ടിയും തൊഴിൽകാര്യമന്ത്രി ശ്രമിക്കേണ്ടതാണ്.

അതുപോലെതന്നെ ഇ. എസ്. ഐ.-യെ സംബന്ധിച്ചിടത്തോളം അത് ഇന്ന് ശരിയായി നടപ്പിലാക്കുന്നില്ല. ഇതൊക്കെ നടപ്പിൽവന്ന കാലത്ത് തൊഴിലാളികൾക്ക് വളരെയേറെ പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ വളരെ തകരാറിലാണ് ഇ. എസ്. ഐ. പ്രവർത്തിക്കുന്നത്. കഴിവുള്ള ഡോക്ടർമാരെ അവിടെ നിയമിക്കുന്നില്ല. തൊഴിലാളിക്ക് 90 ദിവസത്തെ ലീവുണ്ടെങ്കിൽ പലപ്പോഴും ഡോക്ടർമാർക്ക് കാശു കൊടുത്തുവേണം ലീവെടുക്കാൻ. ആവശ്യത്തിനുള്ള മരുന്നില്ല. അവിടെ ആവശ്യത്തിനുള്ള മരുന്നുകൊടുക്കുന്നതിനും കഴിവുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. ഇങ്ങനെ ഈ രാജ്യത്തെ തൊഴിലാളികളുടെ പുതിയ മുദ്രാവാക്യം അംഗീകരിച്ചുകൊണ്ട് മിനിമം വേജസ് എന്നുള്ള തത്വം മാററി ജീവനക്കൂലി ലഭിക്കത്തക്കവിധത്തിലുള്ള ഒരു പുതിയ ആശയവും പുതിയ വാക്കും ഈ രാജ്യത്തുണ്ടാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. പി. ശങ്കർ: സർ, ഭവനനിർമ്മാണം, തൊഴിൽ, തൊഴിലവസരങ്ങൾ, ജലസേചനം എന്നീ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഭവനനിർമ്മാണത്തെപ്പററി സംസാരിക്കുമ്പോൾ നമ്മുടെരാജ്യത്തു ഭവനനിർമ്മാണപദ്ധതികൾ കുറെ മുൻപു തന്നെ തുടങ്ങിയിട്ടുള്ളതായികാണാം. ശാന്തിനഗർ എല്ലാം ഈ പദ്ധതിയുടെ ഫലമായിട്ടുള്ളതാണ്. എന്നാൽ ഇത്തിരിനിലവും ഒരുകൊച്ചു കൂരയും എന്നത് ഈ രാജ്യത്തുവന്നിട്ടു 10 വർഷം മാത്രമേ ആയിട്ടുള്ളു. 10 വർഷങ്ങൾക്കുമുൻപ് 1968 മാർച്ചുമാസം 14-ാം തീയതി ഞാൻ ഓർക്കുകയാണ്. ഇന്നത്തെഭരണമുന്നണി മരണമുന്നണിയാണെന്നു ആക്ഷേപിക്കുന്നവർ ആണ് അന്നു ഇവിടെ അധികാരത്തിലിരുന്നത്. അന്ന് ഒരു പഞ്ചായത്തിനു 10 വീടുകൾ ആവശ്യപ്പെട്ടപ്പോൾ പണം ഇല്ലെന്നുപറഞ്ഞു കൈമലർത്തിയ കഥ ഞാൻ ഓർക്കുകയാണ്. ഇന്ന് ഇതൊരു മഹാപ്രസ്ഥാനമായി മാറിയിട്ടുണ്ട്. എല്ലാവിഭാഗങ്ങൾക്കും വീടുകൾക്കുവേണ്ടിയുള്ള പദ്ധതികൾ ഇന്നുണ്ടായിക്കഴിഞ്ഞിട്ടുണ്ട്. താണവരുമാനക്കാർക്കും ഇടത്തരക്കാർക്കും കുറെക്കൂടിവരുമാനമുള്ളവർക്കും പത്രപ്രവർത്തകർക്കും അദ്ധ്യാപകർക്കും എല്ലാവിഭാഗങ്ങൾക്കുമുണ്ട്. ഹരിജൻകോർപ്പറേഷൻ മുഖേന, മത്സ്യത്തൊഴിലാളികോർപ്പറേഷൻ മുഖേന ഹൗസിംഗ്ബോർഡ് മുഖേന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഹൗസിംഗ് ബോർഡ് മുഖേനയുള്ളകാര്യമാണ് നാം ഇന്ന് ഇവിടെ ചർച്ചചെയ്യുന്നത്. ഏററവും താണവരുമാനമുള്ള കർഷകത്തൊഴിലാളികൾക്കു വീടുകൊടുക്കാനുള്ള ഒരു പദ്ധതിയുണ്ട്, മൂവായിരം രൂപയുടെ ഒരു പദ്ധതി, അതിൽ 500 രൂപ ഗ്രാൻറാണ്. ബാക്കി ഗഡുക്കളായികൊടുക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളെല്ലാം ഉണ്ടെങ്കിലും കേരളത്തിലെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ വീടുകളൊന്നും അവർക്കു സഹായകമല്ല. ലക്ഷം വീടു പദ്ധതി അവർക്കുപകരിച്ചിട്ടുണ്ട്. ഞാൻ പാലക്കാട്ടുനിന്നാണ് വരുന്നത്. പാലക്കാട്ടെ കർഷകത്തൊഴിലാളികളുടെ സ്ഥിതി ഇവിടെ എല്ലാപേർക്കും അറിയാമോ എന്നെനിക്കറിയുകയില്ല. അവരുടെ സ്ഥിതി വളരെ മോശമാണ്. അവിടെ വ്യക്തികളുടെ വാർഷികവരുമാനം കണക്കിലെടുത്താൽ 1975-76-ൽ 796 ആയിരുന്നത് പാലക്കാടിനെ സംബന്ധിച്ചിടത്തോളം 76-77-ൽ 734 ആയി കുറയുകയാണു ചെയ്തിട്ടുള്ളത്. കേരളത്തിലെ ഒരൊററ ജില്ലയിൽ മാത്രമാണ് ഇതു സംഭവിച്ചത്. ഏററവും പിന്നോക്കം കിടക്കുന്ന ഇടുക്കിയിൽപോലും പ്രതിശീർഷവരുമാനം 1127 രൂപയാണ്. രണ്ടാംസ്ഥാനത്താണ്. പാലക്കാട് 9-ാം സ്ഥാനത്താണ്. പത്താംസ്ഥാനത്തുള്ളത് മലപ്പുറമാണ്. പക്ഷേ ദുബായ്പണം പാലക്കാട്ടുവരുന്നില്ല. പാലക്കാട്ടെ ഗ്രാമങ്ങളിൽപോയാലാണ് യഥാർത്ഥത്തിൽ പാവങ്ങളുടെ സ്ഥിതി കാണാൻ സാധിക്കുന്നത്. മുഴുവൻപട്ടിണിയാണ്. അവരോടു ഗഡുക്കളായി പണം കെട്ടണമെന്നു പറഞ്ഞാൽ അതുനടക്കുകയില്ല. ഏറിയാൽ രണ്ടുഗഡുനടക്കും. അതും മുക്കിമൂളിയാൽ. കന്നിയിലും മകരത്തിലും. കന്നിയിലും മകരത്തിലും മാത്രമേ അവിടെപണിയുള്ളു. അക്കാലത്തുമാത്രമേ ഗഡുക്കൾ അടയ്ക്കാൻ അവർക്കുകഴിയുകയുള്ളു. അതിനുള്ള പദ്ധതിയുണ്ടോ? എങ്കിലേ നടക്കുകയുള്ളു. ഹരിജൻ ഡവലപ്പുമെൻറുകോർപ്പറേഷനിൽനിന്നു വീടുകൾ ഹരിജനങ്ങൾക്കുകിട്ടിയിട്ടുണ്ടെങ്കിൽ അതു സർവ്വീസിലുള്ള ആരെങ്കിലും അവിടെ ഉണ്ടായിട്ടുള്ളതുകൊണ്ടായിരിക്കാം. അതല്ലാതെ സാധാരണ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു കിട്ടിയിട്ടില്ല. പാലക്കാട്ടെ യഥാർത്ഥ കർഷകത്തൊഴിലാളികൾക്കു കിട്ടിയിട്ടില്ല. അവിടത്തെ ഹരിജനങ്ങളെന്നുപറഞ്ഞാൽ കൂടുതലും വടുവരാണ്. ഏററവും പിന്നോക്കം നിൽക്കുന്ന ആളുകളാണ് അവർ. ഞങ്ങളുടെനാട്ടിൽ ചീത്തപറയാൻ ഉപയോഗിക്കുന്നത് ഇതുപറഞ്ഞാണ്, 'പോടാ വടുവാ' എന്ന്. അങ്ങനെയുള്ള വിഭാഗക്കാരാണ് അവർ. അങ്ങനെയുള്ളവർക്കു വീടുകൾകിട്ടാൻ മാസംതോറും ഗഡുക്കൾ എന്നുപറഞ്ഞാൽ സാധ്യമല്ല. കന്നിയും മകരവും രണ്ടു ഗഡുക്കളുള്ള ഒരു പദ്ധതിയുണ്ടാക്കണം. ഈ വീടുകളെ സംബന്ധിച്ച് എനിക്കുപറയാനുള്ളത് ഇതാണ്.

... ലേബറിനെ സംബന്ധിച്ച് പറയുമ്പോൾ ആധുനികതൊഴിലാളികളെ സംബന്ധിച്ചല്ല ഞാൻ പറയുന്നത്. പരമ്പരാഗതവ്യവസായങ്ങളെ സംബന്ധിച്ച് പറയാൻ ഇവിടെ ആളുകൾ കൂടുതലുണ്ട്. കർഷകത്തൊഴിലാളികളെ സംബന്ധിച്ച് ശ്രീ. ബാലൻ ഒന്നുതോണ്ടി. കർഷകത്തൊഴിലാളി നിയമം നടപ്പിലാക്കിയില്ലെന്നാണ് അദ്ദേഹം അഭിപ്രായം പാസ്സാക്കിയത്. അതുകുറച്ചു കടന്നകൈയായിപ്പോയി. കർഷകത്തൊഴിലാളിനിയമം നടപ്പിലാക്കിയിട്ടുണ്ട്, പി. എഫ്. നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിയമത്തിൽ കുറവുകളുണ്ട്, അപാകതകളുണ്ട്. അതു പരിഹരിക്കണമെന്നുള്ളതാണ്. ഇതിനെപ്പററി ഇവിടെ ഒന്നിലധികം പ്രാവശ്യം ചർച്ചനടത്തിയിട്ടുണ്ട്. എത്രയോപ്രാവശ്യം ചർച്ചനടത്തി ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ ഇതേവരെ വന്നിട്ടില്ല. കാർഷിക ട്രിബ്യൂണലിനെ സംബന്ധിച്ചും നിയമത്തിലുള്ളകുറവുകളെ സംബന്ധിച്ചും കർഷകത്തൊഴിലാളികൾക്കു ദ്രോഹകരമായ വകുപ്പുകളെ സംബന്ധിച്ചും ഭേദഗതിചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതു വളരെ വേഗം ഭേദഗതിചെയ്യണമെന്നാണ് ഒററവാക്കിൽ അതിനെപ്പററി എനിക്കുപറയാനുള്ളത്. മറെറാന്ന് പി. എഫ്. പദ്ധതിയാണ്. അത് പല

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം പറഞ്ഞിട്ടുള്ളതാണെങ്കിലും ഒന്നു കൂടി ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞപ്രാവശ്യം മന്ത്രിപറഞ്ഞു ഉടൻതന്നെ നടപ്പിലാക്കുമെന്ന്. ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ് അത് ഉടൻതന്നെ നടപ്പിലാക്കണം.

കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മറെറാരു പ്രധാനപ്പെട്ട പ്രശ്നം മിനിമംവേജസ് ആണ്. അവരുടെ മിനിമം വേജസ് 5 കൊല്ലം മുൻപു നിശ്ചയിച്ചിട്ടുള്ളതാണ്. സാധാരണനിലയിൽ 5 വർഷം കഴിഞ്ഞാൽ പുതുക്കിനിശ്ചയിക്കേണ്ടതാണ്. അതിപ്പോൾ പുതുക്കി നിശ്ചയിക്കണം. ഇപ്പോൾ 5 വർഷം കഴിഞ്ഞിരിക്കുന്നു മിനിമം വേജസ് പുതുക്കിനിശ്ചയിക്കണമെന്നു പറഞ്ഞാൽ കർഷകരുടെ പ്രതിധ്വനികൾക്കു കുറച്ചു വിഷമമുണ്ടാകും. ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞിരിക്കുകയാണ് അപ്പോൾ കർഷകത്തൊഴിലാളികളുടെ വേജസ് എങ്ങനെ പുനർനിർണ്ണയം ചെയ്യുമെന്നാണ്. ഉൽപ്പന്നങ്ങൾക്കു വില കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഈ കർഷകത്തൊഴിലാളികൾക്കല്ല. ഈ വില കുറക്കാനുള്ള ഉത്തരവാദി ആരാണ്? നമ്മൾവാങ്ങിച്ചാലും നമ്മൾ വിററാലും രണ്ടിനും വിലനിശ്ചയിക്കുന്നത് വേറൊരു കൂട്ടരാണ്. റബ്ബറിന്റെ വില നിശ്ചയിക്കുന്നതു വേറെകൂട്ടരാണ്. നെല്ലിനായാലും കപ്പക്കായാലും വിലനിശ്ചയിക്കുന്നതു മറെറാരു കൂട്ടരാണ്. അവർക്കെതിരായ । നടപടി സ്വീകരിക്കണം. ഈ കുത്തക വ്യാപാരവർഗ്ഗങ്ങൾ ഈ രാജ്യത്തു നമ്മുടെ ഉൽപ്പന്നങ്ങളുടെ വില കണ്ടമാനം കുറച്ചുകൊണ്ട് ചൂഷണം ചെയ്യുകയാണ്. നെൽകൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ചൂഷണം ചെയ്യുകയാണ്. ഇക്കാര്യത്തിൽ കൃഷിക്കാരോടു യോജിച്ചുനിൽക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ കർഷകത്തൊഴിലാളികളുടെ കൂലി വെട്ടിച്ചുരുക്കിക്കൊണ്ട് കാർഷികച്ചെലവു വർദ്ധിച്ചിരിക്കുന്നു എന്നുള്ളവാദവും ന്യായവും ഒരിക്കലും സ്വീകാര്യമല്ല. മിനിമംകൂലിയെപ്പററി പറയുമ്പോൾ ശ്രീ. ഇ. കെ. പിള്ള അങ്ങനെപറയാമോ എന്നുചോദിക്കുന്നുണ്ട്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികളും കൃഷിക്കാരും യോജിച്ചുനിന്നുകൊണ്ട് ഉൽപ്പന്നങ്ങൾക്കു ന്യായമായ വിലകിട്ടാൻവേണ്ടി സമരംനടത്താൻ ഞങ്ങൾതയ്യാറാണ്. അതിൽ നാം യോജിക്കണം. പക്ഷേ കർഷകത്തൊഴിലാളികളുടെ പിടലിയിൽ പിടിച്ച് ഉൽപ്പന്നങ്ങളെ രക്ഷിക്കാമെന്നനിലപാട് ഒരിക്കലും അംഗീകരിക്കുവാൻ നിവൃത്തിയില്ല. മിനിമംവേജസ് നിശ്ചയിക്കുമ്പോൾ ഒരുകാര്യം നാം ഓർക്കണം. കർഷകത്തൊഴിലാളി സ്ത്രീകളെ സംബന്ധിച്ച് നാം പ്രത്യേകം പരിഗണിക്കണം. തുല്യജോലിക്കു തുല്യകൂലി എന്നു നാം പറയാറുണ്ട്. അങ്ങനെയൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ഗ്രാമങ്ങളിൽ അതങ്ങനെ പെട്ടെന്നു നടപ്പിലാകുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ചില സ്ഥലത്തു നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ ഒരുകാര്യം, മററു സ്ത്രീകൾ ജോലിക്കു പോകുന്നതുപോലെയല്ല ഈ രംഗത്ത്. നമ്മുടെ കൊച്ചമ്മമാർ സെക്രട്ടറിയേററിൽവരുമ്പോൾ, ഭാര്യയും ഭർത്താവുംകൂടിവരുമ്പോൾ വീട്ടിൽ ജോലിക്കാർ കാണും. ഇവിടെ ഇളയകുട്ടിയെ നോക്കാൻ മൂത്തകുട്ടിയെ ഏൽപ്പിച്ചിട്ടാണുവരുന്നത്. അങ്ങനെ കരുമാടിക്കുട്ടൻമാരെ ഏൽപ്പിച്ചിട്ടാണ് അവർ പണിക്കുപോകുന്നത്. അവർ തിരിച്ചുവരുന്നത് സന്ധ്യയ്ക്കാണ്. സന്ധ്യയ്ക്ക് സ്ത്രീകൾ തിരിച്ചുവരുമ്പോൾ നടന്നു വിറകു ശേഖരിച്ചുവേണം വീട്ടിലെത്താൻ. നെല്ലാണ് ഞങ്ങളുടെ അവിടെ കൂലി. ഈ നെല്ലുകുത്തിയോ അല്ലെങ്കിൽ നെല്ലുവിററു അരിവാങ്ങിച്ചോ വേണം രാത്രിയിൽ വെയ്ക്കാൻ. രാവിലെ പുലർച്ചയ്ക്കു എഴുന്നേൽക്കണം. അങ്ങനെ രാത്രിയും പകലും അവർക്കുജോലിയാണ്. പുരുഷൻമാർ പണികഴിഞ്ഞിട്ട് നൂറുമില്ലിയും വിട്ടുവരുമ്പോൾ അവരുടെ സ്നേഹപൂർണ്ണമായ മർദ്ദനവും അനുഭവിക്കണം. ഇതെല്ലാം അനുഭവി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് സ്ത്രീകളാണ്. അതുകൊണ്ട് അവരുടെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ വേണം. അവരുടെ പ്രവൃത്തിസമയം 8 മണിക്കൂർ എന്നുള്ളതു 7 മണിക്കൂറായി ചുരുക്കണം.

പ്രത്യേകമായി ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ 20 ലക്ഷത്തോളം കർഷകത്തൊഴിലാളികളുണ്ട്. ഈ 20 ലക്ഷം കർഷകത്തൊഴിലാളികൾക്കും ഈ രാജ്യത്തു തൊഴിലില്ല. 40 ദിവസം മുതൽ 60 ദിവസംവരെയാണ് ജോലിയുള്ളത്. സ്ത്രീത്തൊഴിലാളികൾക്കു 60 ദിവസവും പുരുഷൻമാർക്കു 40 ദിവസവും. ഇതാണു സ്ഥിതി. ഈ തൊഴിലാളികളുടെ കാര്യത്തിൽ വളരെവ്യക്തമായി ഒരുകാര്യം സർക്കാർ അംഗീകരിക്കണം. 30 കോടിരൂപ ഇവിടെ എംപ്ലോയീസിനു നാം കൊടുത്തല്ലോ? അതുപോലെ ഒരു 30 കോടിരൂപ കർഷകത്തൊഴിലാളികളുടെ ജോലിക്കും ഗ്രാമവ്യവസായങ്ങൾക്കുംവേണ്ടി നീക്കിവെയ്ക്കണം. ഇതു നീക്കിവെച്ച് ഒരു പദ്ധതി നാം ആവിഷ്ക്കരിക്കണം. അല്ലെങ്കിൽ അവർക്കു ഒരുകാലത്തും രക്ഷകിട്ടുകയില്ല. 30 കോടിരൂപ ശമ്പളക്കൂടുതലിനു വേണ്ടി നാം കൊടുത്തു. ഈ സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർ ആലംബഹീനരാണ്, അവശൻമാരാണ്, അർദ്ധനഗ്നരാണ് എന്നെല്ലാം നാം പ്രസംഗിക്കുന്നുണ്ട്. അവരുടെ കൈയൊന്നു പിടിച്ചുയർത്തണം. ഇന്നവരുടെ പ്രധാനപ്പെട്ട പ്രശ്നം തൊഴിലാണ്. തൊഴിൽ കിട്ടാതെ യാതൊരു രക്ഷയുമില്ല. അവർക്ക് തൊഴിലുണ്ടാക്കി കൊടുക്കാനുള്ള ഒരു പദ്ധതി സർക്കാർ ഉണ്ടാക്കണം. നമ്മുടെ ബഡ്ജററിൽ ഒരു പദ്ധതിയുണ്ട്. ഒരു സമഗ്ര കാർഷികപദ്ധതിയിൽക്കൂടി കുറെ തൊഴിലുണ്ടാകുന്നുണ്ട്. ഇതെല്ലാം ഒരു ബ്ലോക്കിൽ രണ്ടു പഞ്ചായത്തുകളിലാണ്. അതുകൊണ്ട് എത്രത്തോളം കർഷകത്തൊഴിലാളികൾക്കു ജോലികിട്ടുമെന്നു ഭാവിയിൽ പരിശോധിച്ചുനോക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഇതേവരെ ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കും സാധാരണ ജനവിഭാഗങ്ങൾക്കുംവേണ്ടി ഈ ഗവൺമെൻറു ചെയ്തിട്ടുള്ള പ്രശംസാർഹമായ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഇതിനുംകൂടി കുറെതുക ചെലവാക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

ഇനി ജലസേചനത്തെപ്പററി ഒരുവാക്ക്. നമ്മുടെരാജ്യത്ത് വാട്ടർ റിസോഴ്സസിനെപ്പററിയുള്ള കണക്കുണ്ട്. അതിൽ പത്തിലൊന്നുപോലും ഉപയോഗപ്പെടുത്തിയിട്ടില്ല. 2484 ടി. എം. സി. യാണ് വെള്ളമുള്ളത്. അതിൽ 1500 ടി. എം. സി. യാണ്. ഉപയോഗിക്കാൻ കഴിയുന്നത്. പക്ഷേ, 200 നു താഴെ ടി. എം. സി. മാത്രമാണ് നമ്മളിപ്പോൾ ഉപയോഗിക്കുന്നത്. 18 ജലാശയങ്ങളുണ്ട്. ഇനി 100 ജലാശയങ്ങൾ ഉണ്ടാക്കാം. അതുപോലെതന്നെ സൈലൻറുവാലിവരുമ്പോൾ സസ്യജന്തുജാല നിബിഡമാണ് ഈ സൈലൻറുവാലി എന്നതുകൊണ്ട് അവിടത്തെ കുഴപ്പങ്ങളും തർക്കങ്ങളും ഒക്കെവരാം. അതിന് ഇപ്പോൾ നിയമമുണ്ടാക്കി. ഇങ്ങനെ എല്ലാപദ്ധതിക്കും വേണം. സൈലൻറുവാലിക്കു മാത്രംപോരാ, എല്ലാസ്ഥലത്തും വേണം.

സർ, എനിക്കു ഒരുകാര്യം എടുത്തുപറയാനുള്ളത് എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഒരു പദ്ധതിയെപ്പററിയാണ്. ആനപ്പാറ—കൂരിയാർകുട്ടി പദ്ധതി തുടങ്ങാൻവെച്ചിട്ടുണ്ട്. കഴിഞ്ഞവർഷം കുറെ പണം ലാപ്സാക്കി. അതിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന് തീരാകളങ്കം ചാർത്തിയിരിക്കുന്ന ഈ ഗവൺമെൻറു കൊണ്ടു വന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർ, ഒരുകാലത്ത് തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കുവേണ്ടി ഒരുപരിധിവരെ പോരാടിയ ഇൻഡ്യൻകമ്മ്യൂണിസ്ററുപാർട്ടി നേതൃത്വം നൽകുന്ന ഈ ഗവൺമെൻറ് അന്ന് തൊഴിലാളിവർഗ്ഗത്തിനുവേണ്ടി എന്തെല്ലാം അടവുകളും തന്ത്രങ്ങളും സമരമുറകളും സ്വീകരിച്ചുവോ ആ അടവുകളും തന്ത്രങ്ങളും സമരമുറകളും എല്ലാംതന്നെ ഇന്ന് ആ തൊഴിലാളി വർഗ്ഗത്തിനെതിരായി വിനിയോഗിക്കുകയാണ്. അങ്ങനെയുള്ള ഈ ഗവൺമെൻറ് ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിൻെറ കണ്ഠകോടാലിയാണെന്നു തുറന്നുപറയാൻ യാതൊരു മടിയുമില്ല.

സർ, ഈ രാജ്യത്തു പരമ്പരാഗത വ്യവസായങ്ങളായ കയർ. കൈത്തറി കശുവണ്ടി, തോട്ടം മുതലായ വ്യവസായങ്ങളിലെ തൊഴിലാളികളുടെ, സംഘടിത തൊഴിലാളിവർഗ്ഗത്തിൻെറ കരുത്ത്, ഈ കേരളാ നിയമസഭയിൽ തന്നെ അവരുടെ പ്രതിനിധികളെ അയച്ചിരുന്നു. ആ തൊഴിലാളിവർഗ്ഗം ഇന്ന് തകർന്നു തരിപ്പണമായിരിക്കുകയാണ്. അവിടത്തെ തൊഴിലാളി യൂണിയൻ നേതാക്കൻമാർ ഇന്ന് സമ്പന്നരാണ്. തടിച്ചുകൊഴുത്തവരാണ്. അവിടത്തെ ഒരൊററ ഉടമ ക്ഷീണിച്ചിട്ടില്ല. അവർ കൂടുതൽ വളർന്നിരിക്കുന്നു. പക്ഷെ, തൊഴിലാളികൾ പരിപൂർണ്ണമായി തകർന്നിരിക്കുകയാണ്. തൊഴിലാളിവർഗ്ഗം എന്ന ഒന്നു ഇല്ലാതായിരിക്കുന്നു. സർ, ഇതു ഞാൻ സൂചിപ്പിക്കുമ്പോൾ കേരളത്തിൻെറ കിഴക്കൻമേഖലയിലെ തോട്ടങ്ങളിലേയ്ക്കു ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

സർ, ഈ രാജ്യത്തിന് ദേശീയവരുമാനം സമ്പാദിച്ചുകൊടുക്കുന്ന തോട്ടങ്ങളെ തുണ്ടു തുണ്ടായി വിൽക്കുന്നതു തടയാനുള്ള ഒരു നിയമം പോലും കൊണ്ടുവരാൻ ഈ ഗവൺമെൻറ് തയ്യാറാകാത്തതുകൊണ്ട് ആ തോട്ടവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സംഘടിത ശക്തി ഇന്ന് ഇല്ലാതായി തീർന്നിരിക്കുകയാണ്. ഈ തോട്ടങ്ങൾ എങ്ങനെ ഈ തോട്ടം ഉടമകൾക്കു കിട്ടി എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഈ സംഘടിത തൊഴിലാളിവർഗ്ഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അനധികൃതമായി കയ്യേറിയ ഈ തോട്ടങ്ങൾ അവർ ഉറപ്പിച്ചതും ഭൂനിയമത്തിൻെറ പരിധിയിൽനിന്നും ഒഴിവാക്കിച്ചതും, അത് ഇന്നും നിലനിറുത്താൻ സാധിക്കുന്നതും എന്നുള്ള വസ്തുത നാം വിസ്മരിക്കാൻ പാടില്ല. അങ്ങനെയുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ അവസ്ഥ വളരെ ദയനീയമാണ്. തോട്ടങ്ങളെ തുണ്ടുതുണ്ടായി ഭാഗിച്ച് തൊഴിലാളികളുടെ സംഘടിതശക്തിയെ നശിപ്പിക്കുന്ന ഒരു ഏർപ്പാട് ഇന്നുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്ക് ഒരു പേടിസ്വപ്നമായിത്തീർന്നിരിക്കുന്ന ഈ തോട്ടങ്ങൾ തുണ്ടുതുണ്ടാക്കലിനെതിരായി എന്തെങ്കിലും ഒരു നിയമം കൊണ്ടുവരാൻ ഈ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഈ ഗവൺമെൻറിന് ഒരു തൊഴിൽ നയമുണ്ടോ സർ, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എന്താണ് തൊഴിലാളി സമരങ്ങളോടുള്ള സമീപനം. എൻെറ സുഹൃത്ത് ശ്രീമാൻ എം. കെ. രാഘവൻ തൊഴിലാളി പ്രവർത്തനത്തിലൂടെ വളർന്നുവന്ന ഒരാളാണ്. അദ്ദേഹം തൊഴിൽമന്ത്രി ആയതിനെത്തുടർന്ന് പണിമുടക്കു പിൻവലിച്ചിട്ടു വാ, ഒത്തുതീർപ്പിനെപ്പററി ആലോചിക്കാം എന്നാണ് പറയുന്നത്. സർ,

LIBRARY ARCHIVES Kerala Legislative Assembly

വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ അദ്ദേഹത്തിൻെറ പാർട്ടിയുടെ നേതൃത്വത്തിലുള്ള യൂണിയൻ നടത്തിയ ഒരു സമരത്തോട് അദ്ദേഹം സ്വീകരിച്ച നിലപാടു വളരെ ദയനീയമാണ്, നീചമാണ്. അതുപോലെ തന്നെ ഇടമലയാററിൽ ഇപ്പോഠം സമരം നടക്കുകയാണ്. അവിടെ പണി യെടുത്ത തൊഴിലാളികഠക്ക് പണിയില്ല സർ. ഇടുക്കിയിലെ പണി പൂർത്തിയായപ്പോഠം ആ തൊഴിലാളികഠക്ക് ശിരുവാണി പദ്ധതിയിൽ പണി കൊടുക്കാമെന്ന് ഒരുറപ്പുണ്ടായിരുന്നെങ്കിലും ശിരുവാണിപദ്ധതിയിൽ ആ തൊഴിലാളികഠക്ക് തൊഴിൽകൊടുക്കുന്നില്ല. അവിടത്തെ കൺട്രാക്ടർ പണി ഉപേക്ഷിച്ചുപോയിട്ട് വർഷം ഒന്നായി. അവിടത്തെ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട്, പോലീസിനെ ഉപയോഗിച്ചുകൊണ്ട് ആ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നില്ലെന്നുമാത്രമല്ല ഇട്ടുപോയ വർക്കുകഠം ഗവൺമെൻറ് ന്യൂനപക്ഷ തൊഴിലാളികളുടെ പ്രതിനിധിയെ വച്ചു വർക്കുനടത്തി നാലാഴ്ചത്തെകൂലി അവർക്കു കൊടുക്കാതെ അവരെ പെരുവഴിയിലാക്കിയിരിക്കുകയാണ്. പോലീസിൻെറ സഹായത്തോടുകൂടി ഇടമലയാററിലെ തൊഴിലാളികഠക്ക് തൊഴിൽ നിഷേധിച്ചിരിക്കുകയാണ്. സർ, ഈ രാജ്യത്തെ ഗവൺമെൻറിന് അനുകൂലമല്ലാത്ത തൊഴിലാളികളുടെ സമരത്തെ പോലീസിനെക്കൊണ്ട് പരാജയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക, അവരുടെ കുടിലുകഠം തീവെയ്ക്കുക, പൊളിച്ചുകളയുക ഇത്തരം നെറികെട്ട നിയമമാണ് ഈ ഗവൺമെൻറിൻെറ തൊഴിൽനയമെന്നാണ് എനിക്കുപറയാനുള്ളത്. ബഹുമാനപ്പെട്ട രാഘവൻ, ഈ മന്ത്രിസ്ഥാനമെല്ലാം കളഞ്ഞിട്ട് വീണ്ടും തൊഴിലാളികളുടെ പേരും പറഞ്ഞ് അങ്ങോട്ട് ഇറങ്ങി ചെല്ലണ്ടേ എന്ന് ഒന്നു ഓർക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, ഹൗസിംഗിനെപ്പററി ഒരു വാക്കുമാത്രമേ പറയുന്നുള്ളു. സർ, ഈ വൃന്ദാവൻഹൗസിംഗ് സ്കീമിൽ അപേക്ഷക്ഷണിച്ചിട്ട് ഒരുവർഷമായി. ക്ഷണിച്ചു പ്ലോട്ടു നിശ്ചയിച്ചു. ഇന്നലെ തിടുക്കത്തിൽ അഞ്ചു വിതരണം കഴിഞ്ഞു. ആർക്കാണ് വിതരണം ചെയ്തതെന്നറിയാമോ? മേജർ ഹൗസിംഗ് സ്കീമുകഠം ആർക്കാണെന്നറിയാമോ? എൻ. ഇ. ബലറാമിൻെറ പൊന്നുമോഠം ഗീതാബലറാമിനു കൊടുത്തു. വെളിയം ഭാർഗ്ഗവൻെറ ഭാര്യയ്ക്കുകൊടുത്തു നല്ലവീട്. അങ്ങനെ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ പ്രമുഖൻമാരായ നേതാക്കൻമാർക്ക് നല്ല വീടുകഠം നീക്കിവച്ചു. ഹൗസിംഗ്ബോർഡിൻെറ ചെയർമാൻ ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിക്കാരനാണ്.

ശ്രീ. സി. എ. കുര്യൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, ഈ സഭയിലില്ലാത്ത ഇൻഡ്യൻകമ്മ്യൂണിസ്ററു പാർട്ടിയിലെ ഉത്തരവാദപ്പെട്ട ഒരുനേതാവായ ശ്രീമാൻ വെളിയം ഭാർഗ്ഗവനെപ്പററി ഒരു അനാവശ്യം, നുണ, പൊയ് ഒരു നിയമസഭാസാമാജികൻ പറയുന്നത് ആർഡറിലാണോ?

ശ്രീ. പി. ബി. ആർ. പിള്ള: ഹൗസിംഗ് ബോർഡിൻെറ തെററായ നടപടി ചൂണ്ടിക്കാണിച്ചതാണ്. ബഹുമാനപ്പെട്ട കുര്യനു പരിശോധിക്കാം. ഞാൻ പറഞ്ഞതുതെററാണെങ്കിൽ പ്രായശ്ചിത്തം ചെയ്യാം.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കണ്ട. ഇതാണ് ഹൗസിംഗ് രംഗത്തെ നിലപാട്. ഇൻഡ്യൻകമ്മ്യൂണിസ്ററുപാർട്ടിയുടെ ആളാണ് ഹൗസിംഗ്ബോർഡുചെയർമാനെന്ന് ഞങ്ങൾക്ക് അറിയാം. അതുകൊണ്ട് ഇത്തരം വിവേചനപരമായ ഭരണസംവിധാനം രാഷ്ട്രീയരംഗത്തായാലും ഹൗസിംഗ് രംഗത്തായാലും ഇറിഗേഷൻ രംഗത്തായാലും കാണുന്നുണ്ട്.

സർ, ഇറിഗേഷൻ സ്കീം ഈ രാജ്യത്തു നടപ്പാക്കണമെങ്കിൽ ലെയിസോൺ കമ്മിററി അനുവദിക്കണം. ഈ രാജ്യം ഭരിക്കുന്നത് മന്ത്രിമാരാണോ ലെയിസോൺകമ്മിററിയാണോ? ഒരു ഓർഡർ ലഭിക്കണമെങ്കിൽ ലെയിസോൺകമ്മിററിവേണം. ഒരു പള്ളിക്കൂടം വേണമെങ്കിൽ ലെയിസോൺ കമ്മിററിവേണം. ഒരു വീടുകിട്ടണമെങ്കിൽ ലെയിസോൺകമ്മിററിവേണം. എന്താണ് ലെയിസോൺകമ്മിററിയും ഭരണവുമായുള്ള ബന്ധം. ഇതുപോലുള്ള സംവിധാനം ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിന് എതിരാണ്. തൊഴിലാളിവർഗ്ഗത്തിന്റെ പരമശത്രുവാണ് ഈ ഗവൺമെൻറ്, യാതൊരു സംശയവുമില്ല. എന്തിനാണ് തൊഴിലാളികളുടെ പേരും പറഞ്ഞ് തൊഴിലാളിരംഗത്ത് ഈ വഞ്ചനകാണിക്കുന്നത്. നെല്ലിയാംപതിയിൽ ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുക്കുന്ന ഒരു സമരം ഉണ്ട്. എന്റെ പാർട്ടിയുടെ നേതാവു ശ്രീമാൻ ശിവരാമഭാരതി നയിക്കുന്ന ഒരു സമരമാണ്. പോലീസിനെ വിട്ടുകൊണ്ട് ആ തൊഴിലാളിസമരത്തെ പരാജയപ്പെടുത്തുകയാണ്. ആ തൊഴിലാളി സമരത്തോടുള്ള സമീപനം ഇതാണ്. ഇതാണ് എല്ലാ തൊഴിലാളി സമരങ്ങളോടുമുള്ള സമീപനം.

സർ, തൊഴിലുടമയുടെ വീട്ടുപടിക്കൽ സത്യാഗ്രഹം നടത്താൻ നിവൃത്തിയില്ല. പോലീസ് പിടിച്ചുകൊണ്ടുപോകും. ഉടമ താമസിക്കുന്നത് വ്യവസായ സ്ഥാപനത്തിന്റെ കോമ്പൗണ്ടിനകത്താണെങ്കിൽപോലും അവിടെ പ്രവേശിക്കാൻ പാടില്ല. തോട്ടത്തിനകത്ത് താമസിക്കുന്ന തോട്ടം ഉടമയുടെ വീട്ടുപടിക്കൽ തോട്ടം തൊഴിലാളികൾക്ക് സത്യാഗ്രഹം നടത്താൻ പാടില്ല. എന്തുനയമാണു സർ ഇത്. ഈ ഗവൺമെൻറിന് ഒരു തൊഴിൽ നയമുണ്ടോ? ഇതൊരു രാഷ്ട്രീയനയമല്ലേ സർ? രാഷ്ട്രീയമായ പകപോക്കലിനുവേണ്ടിയുള്ള നയമല്ലേ? രാഷ്ട്രീയമായ പകപോക്കലിനു വേണ്ടിയല്ലേ നിങ്ങൾ ഈ വ്യവസായനയം നിങ്ങൾ ഉപയോഗിക്കുന്നത്. സ്വന്തം യൂണിയനെ വളർത്താൻ ഈ രാജ്യത്ത് എന്തു വീട്ടുപണിയും ചെയ്യാൻ നാണംകെട്ട, അധഃപ്പതിച്ച ഒരു സർക്കാരാണ് ഇത്. ഇത്തരത്തിൽ അധഃപ്പതിച്ച ഒരു സർക്കാർ സൂര്യനുതാഴെ വേറെ ഇല്ലെന്നുപറയാൻ എനിക്കു മടിയില്ല. ആകെ മൊത്തം ഈ ഗവൺമെൻറിനെ വിലയിരുത്തുകയാണെങ്കിൽ ഒരു പൈസപോലും ഈ ഗവൺമെൻറിന് അനുവദിച്ചുകൊടുക്കാൻ ഈ സഭ തയ്യാറാകരുത് എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡെ: സ്പീക്കർ: നമുക്കു ചായക്കു പിരിയാം. പ്രസ്സുകാരേയും ക്ഷണിക്കുകയാണ്.

(ചായക്കുവേണ്ടി സഭപിരിയുകയും അഞ്ചുമണിക്ക് ഡെപ്യൂട്ടി സ്പീക്കറുടെ അധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു).

ശ്രീ. എം. വി. മാണി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഇന്ത്യയ്ക്കു പല കാര്യങ്ങളിലും മാതൃകയായ നമ്മുടെ സംസ്ഥാനം തൊഴിൽനിയമങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന കാര്യത്തിലും ഇന്ന് ഇൻഡ്യയിലെ ഏതു സംസ്ഥാനത്തെ അപേക്ഷിച്ചും മുൻപന്തിയിലാണ്. ഈ വസ്തുത ഇങ്ങനെയിരിക്കെ എന്റെ ബഹുമാന്യ സുഹൃത്ത്

LIBRARY ARCHIVES Kerala Legislative Assembly

പി. ബി. ആർ. പിള്ള ഈ സംസ്ഥാനം ഇൻഡ്യയിലെ തൊഴിലാളികളുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുന്ന ഒരു സംസ്ഥാനം ആണെന്നും ഇത്രമാത്രം തൊഴിലാളി ദ്രോഹ നടപടികൾ അല്ലെങ്കിൽ നിയമങ്ങൾ ഉള്ള ഒരു ഗവൺമെന്റ് വേറെങ്ങും ഇല്ല എന്നുള്ള രീതിയിൽ ഇവിടെ ആക്രോശിച്ചു പ്രസംഗിച്ചു കേട്ടപ്പോൾ വാസ്തവത്തിൽ എനിക്കു വളരെ സങ്കടം തോന്നി. ജനതാ പാർട്ടിയുടെ ഒരു അംഗമായ പി. ബി. ആർ. പിള്ള 1977-78 കാലഘട്ടത്തിൽ ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗം അവരുടെ മാററിവയ്ക്കപ്പെട്ട വേതനം കിട്ടുന്നതിനു ശ്രമിച്ചത് ഓർക്കുന്നുണ്ടാവും; അതിനുമുമ്പുണ്ടായിരുന്ന ഒരു സ്ഥിതി മാറി, അടിയന്തിരാവസ്ഥ മാറി, പുതിയ ജനതാ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ ഈ രാജ്യത്ത് എന്ത് ഉണ്ടായി എന്ന് ശ്രീമാൻ പിള്ള ഓർക്കുമെന്നാണ് എന്റെ വിശ്വാസം. അന്ന് ഇൻഡ്യയിലാദ്യമായിട്ട്, ഇൻഡ്യക്കുതന്നെ മാതൃകയായിട്ട്, കേന്ദ്ര ഗവൺമെന്റ് ബോണസ് നിയമത്തിൽ ഭേദഗതി വരുത്തിയാലുമില്ലെങ്കിലും ഈ സംസ്ഥാനത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏററവും കുറഞ്ഞത് എട്ടും മൂന്നിലൊന്നു ശതമാനം ബോണസ് കൊടുക്കുമെന്ന് ധീരമായി പ്രഖ്യാപിച്ച ഒരു ഗവൺമെന്റാണ് ഇവിടെ ഉള്ളതെന്ന് ശ്രീമാൻ പി. ബി. ആർ. പിള്ള മറന്നുപോയിക്കാണുകയില്ലെന്നാണ് എന്റെ വിശ്വാസം. ഞാൻ ചോദിക്കുകയാണ്, ഇന്നു കേന്ദ്രം അവതരിപ്പിച്ചിരിക്കുന്ന വ്യവസായ ബന്ധ ബില്ലിനെപ്പററി എന്താണ് പറയാനുള്ളത്? ശ്രീ. പി. ബി. ആർ. പിള്ള ഇവിടെ വളരെ കാര്യമായി ഈ ഗവൺമെന്റിനെ കുററപ്പെടുത്തി പറഞ്ഞല്ലോ. വ്യവസായബന്ധബില്ലിൽ, ഈ രാജ്യത്തെ തൊഴിലാളികൾക്ക് സമരം ചെയ്യാനുള്ള അവകാശം ഉൾപ്പെടെയുള്ള സർവ്വവിധമായ മൗലികാവകാശങ്ങൾക്കും കത്തിവച്ചിരിക്കുന്നു. ആ വ്യവസായബന്ധബില്ല് ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചു പാസാക്കുന്ന അവസരത്തിൽ ഇതൊന്നും കാണാതെ ഈ രാജ്യത്ത് ഇത്രമാത്രം തൊഴിലാളി ക്ഷേമ പരിപാടികളും നിയമങ്ങളും മററ് ക്ഷേമപ്രവർത്തനങ്ങളും നടത്തിയിട്ടുള്ള ഈ ഗവൺമെന്റിനെ ഈ രീതിയിൽ കുററം പറയുന്നത് വളരെയധികം സങ്കടകരമാണ്. അതുമാത്രമേ എനിക്കു പറയാനുള്ളു. ഏതായാലും ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം, ഈ രീതിയിലുള്ള ഇരട്ടത്താപ്പു നയങ്ങൾ ഉള്ള, ഇവിടെ ഒന്നു പറയുകയും മറിച്ച് ഒന്നു പ്രവർത്തിക്കുകയും ചെയ്യുന്ന, നിങ്ങളെപ്പോലുള്ളവരെ വളരെ കരുതലോടുകൂടി സൂക്ഷിച്ചുകൊള്ളും എന്നാണ് ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളത്.

സർ, ഈ രാജ്യത്ത് ഇന്നു കൺസീലിയേഷൻ നടപടികൾ വളരെ ഭംഗിയായി നടക്കുന്നുണ്ട് എന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ ഇന്നു തൊഴിൽ തർക്കങ്ങളുടെ കാര്യത്തിൽ വളരെവേഗംതന്നെ ആ തർക്കങ്ങൾ പരിഹരിക്കുന്നതിനു നമ്മുടെ ഇന്നത്തെ കൺസീലിയേഷൻ മെഷീനറിക്ക് കുറെയൊക്കെ സാധിക്കുന്നുണ്ടെങ്കിലും പല സ്ഥലത്തും കേസ്സുകൾ, തർക്കങ്ങൾ കെട്ടിക്കിടക്കുന്നു. അത് തീർക്കുന്നതിന് അടിയന്തിരമായ ചില നടപടികൾ കൂടി ഇനിയും എടുത്തേ തീരു. കോടതികൾ ഉണ്ടാക്കുന്ന കാര്യത്തിലും അതുപോലെതന്നെ നിവർത്തിയുണ്ടെങ്കിൽ അസിസ്റ്റന്റ് ലേബർ ആഫീസർക്കു കൂടി കൺസീലിയേഷൻ നടത്തുന്നതിനുള്ള അധികാരം കൊടുത്തുകൊണ്ടും ഒരു നടപടി നടത്തിയാൽ കുറെയധികം കൺസീലിയേഷനെ സംബന്ധിച്ചു കൂടുതൽ പുരോഗതി ഉണ്ടാക്കുകയും ആ രീതിയിൽ തൊഴിൽതർക്കങ്ങൾ കൂടുതൽ കെട്ടിക്കിടക്കാതെ തൊഴിലാളികൾ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാതെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അതുപോലെതന്നെ ഈ കൺസീലിയേഷൻ നടപടികൾ നടത്തുന്ന ഉദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ലേബർ ആൻറ് എംപ്ലോയ്മെൻറിന് വളരെയധികം സാധിക്കുന്നുണ്ട്. ആ സ്ഥാപനത്തിൻെറ പ്രവർത്തനം കുറെക്കൂടി വിപുലീകരിക്കുകയും കൂടുതൽ നല്ല രീതിയിലുള്ള ട്രെയിനിംഗ്, ഇന്നത്തെ പുതിയ നിയമങ്ങളും പുതിയ രീതികളും നമ്മുടെ സാമൂഹ്യ വീക്ഷണങ്ങളും ഒക്കെ ഉൾക്കൊണ്ടുകൊണ്ടുള്ള ട്രെയിനിംഗ്, നമ്മുടെ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്നതിനുവേണ്ടി അതു കുറെക്കൂടി വിപുലീകരിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അതുപോലെതന്നെ ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ലേബർ ആൻറ് എംപ്ലോയ്മെൻറിൽ നിവർത്തിയുണ്ടെങ്കിൽ ട്രേഡ് യൂണിയൻ നേതാക്കൻമാർക്കുകൂടി ഒരു റിഫ്രഷർ കോഴ്സ് ആരംഭിക്കണം. അല്ലെങ്കിൽ, ഇന്ന് നമ്മുടെ ഈ തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്കെല്ലാം, നമ്മുടെ എല്ലാ രീതിയിലുള്ള പ്രവർത്തനങ്ങളിലും വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിൽമേഖലയെപ്പററിയും അതിലെ പുതിയ നിയമങ്ങളെപ്പററിയും നൂതന സംപ്രദായങ്ങളെപ്പററിയും വളരെയധികം ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ പ്രവർത്തകരെക്കൂടി ഇടയ്ക്കിടയ്ക്കു ട്രെയിനിംഗിനു വിടുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഇന്ന് ഉണ്ടെങ്കിലും, നല്ല രീതിയിൽ എല്ലാ ജില്ലാ തലങ്ങളിലുമൊക്കെ ആയിട്ട് ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ നമ്മുടെ ട്രേഡ് യൂണിയൻ പ്രവർത്തകർക്കുകൂടി ട്രെയിനിംഗ് കൊടുക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്നത് നന്നായിരിക്കും. ഈ അവസരത്തിൽ ഈ രാജ്യത്തിൻെറ മുഖഛായ മാററുന്നതിനുള്ള ഒരു പദ്ധതിയാണ് നമ്മുടെ ഹൗസിംഗ് പ്രോഗ്രാം. ഇൻഡ്യയിൽ ഇന്ന് ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെ മുന്നോട്ടുപോയിട്ടുണ്ട്. അടുത്ത കാലത്തായിട്ട് പിന്നോക്ക വിഭാഗങ്ങൾക്ക് തല ചായ്ക്കാൻ ഇടമില്ലാതിരിക്കുന്ന നമ്മുടെ പാവപ്പെട്ടവർക്ക് പതിനായിരക്കണക്കിനു വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെൻറിനു സാധിച്ചു. നമുക്ക് അതിൽ വളരെ അഭിമാനിക്കാൻ സാധിക്കും. നമ്മുടെ ലക്ഷം വീടു പദ്ധതിപോലുള്ള വളരെ വിപ്ലവകരമായ പദ്ധതികൾ ഈ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ട് തല ചായ്ക്കാൻ ഒരിഞ്ചു സ്ഥലംപോലും ഇല്ലാതിരുന്ന പാവപ്പെട്ടവർക്ക് നിരവധി വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചെങ്കിൽ തന്നെയും ഇന്നും ലക്ഷക്കണക്കിനാളുകൾക്ക് സ്വന്തമായി ഭവനമില്ലാത്ത സ്ഥിതിയാണുള്ളത്. ഭവന നിർമ്മാണ പദ്ധതികൾ പല മേഖലകളിലായി പല ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തുന്നുണ്ട്. ഹഡ്കോയിൽ നിന്ന് സഹായം നൽകുന്നുണ്ട്, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽ നിന്ന് സഹായം നൽകുന്നുണ്ട്. ബാങ്കുകളിൽനിന്നും ബ്ലോക്കുകളിൽ നിന്നും സൊസൈററികളിൽ നിന്നും ഒക്കെ ഭവന നിർമ്മാണ പദ്ധതികൾക്കു സഹായം നൽകുന്നുണ്ട്. ഇതൊന്നു ഏകോപിപ്പിക്കണമെന്നു ഗവൺമെൻറ് ബഡ്ജററിൽ സൂചിപ്പിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഒന്നു ഏകോപിപ്പിക്കുകയും നമ്മുടെ സംസ്ഥാനത്തു നിശ്ചിത കാലയളവിനുള്ളിൽ ചുരുങ്ങിയതു പത്തുലക്ഷം വീടുകൾ എങ്കിലും തീർക്കും എന്ന ദൃഢ നിശ്ചയത്തോടുകൂടി പോയെങ്കിൽ മാത്രമേ നമ്മുടെ ഹൗസിംഗിനെ സംബന്ധിച്ചിടത്തോളം നാം ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിച്ചേരുകയുള്ളു. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മന്ത്രിയായിരുന്ന കാലത്ത് നമ്മുടെ ബാങ്കുകളുടെ സഹായത്തോടുകൂടി എല്ലാ ജില്ലകളിലും കുറെ വീടുകൾ ഉണ്ടാക്കുന്ന ഒരു പരിപാടി ഉണ്ടായിരുന്നു. എറണാകുളം ജില്ലയിൽത്തന്നെ അതിനുവേണ്ടി 20 ലക്ഷത്തോളം രൂപ മുടക്കി സ്ഥലം വാങ്ങിച്ചിട്ടുണ്ട്. ഓരോ ബ്ലോക്കിനും അഞ്ചേക്കർ സ്ഥലം വാങ്ങിച്ചു കൊടുത്തിട്ടുണ്ട്. നാഷണലൈസ്ഡ് ബാങ്കിൽനിന്നും 2,200 രൂപ ലോൺ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടും. 300 രൂപ സാമൂഹ്യ സംഘടനകളിൽ നിന്നെല്ലാം സംഭാവനയായി സ്വീകരിച്ചുകൊണ്ട് 3000 രൂപ ചെലവു വരുന്ന വീടുണ്ടാക്കിക്കൊടുക്കുക എന്നതായിരുന്നു ആ പ്ലാൻ. ഇത്രയേറെ ലക്ഷം രൂപ മുടക്കി ആ സ്ഥലം വാങ്ങിച്ചു കഴിഞ്ഞതിനുശേഷം ആ കാര്യത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഗവൺമെന്റ് പണം മുടക്കി അതുപോലെ സ്ഥലങ്ങൾ വാങ്ങിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ബഹുമാനപ്പെട്ട തൊഴിൽ ഭവനവകുപ്പുമന്ത്രി അടിയന്തിരമായി ശ്രദ്ധപതിപ്പിച്ച് ഏതെങ്കിലും ബാങ്കുകളിൽനിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ അതിനുള്ള പണം സംഭരിച്ചുകൊണ്ട്, ഇത്രയും നല്ല കാര്യമായതുകൊണ്ട് ബാക്കിവരുന്ന തുക സാമൂഹ്യ സംഘടനകളിൽ നിന്നോ മറ്റോ സംഭാവനയായി സ്വീകരിച്ചുകൊണ്ട് ഒരു ബ്ലോക്കിൽ ചുരുങ്ങിയതു നൂറു വീടെങ്കിലും തീർക്കുന്നതിനു നമുക്കു സാധിക്കും. ആ സ്ഥലങ്ങളിൽ എൻക്രോച്ചുമെന്റ് വരാതെ നേരത്തെതന്നെ വീടുകൾ പണിയുന്നതിനു അടിയന്തിര ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ രാജ്യത്ത് നമ്മുടെ ഏററവും വലിയ റിസോഴ്സസ് ആയ ജലസമ്പത്ത് ശാസ്ത്രീയമായ രീതിയിൽ വിനിയോഗിക്കുന്നതിനുവേണ്ടി കഴിഞ്ഞ മുപ്പതു വർഷമായി ശ്രമിച്ചുവെങ്കിലും ഈ കൊല്ലത്തിൽ മാത്രമാണ് ഗവൺമെൻറ് ഇതിനുവേണ്ടി സമഗ്രമായ ഒരു പരിപാടിക്കു തുടക്കം കുറിച്ചിട്ടുള്ളത്. തീർച്ചയായും ഇത് വളരെയധികം ആശ്വാസകരമായ ഒരു കാര്യമാണ്. വെള്ളത്തിന്റെ കാര്യത്തിൽ പ്രകൃതി അനുഗ്രഹിച്ചിട്ടുള്ള ഒരു നാടാണ് നമ്മുടേത്. നമുക്കു ശരിയായ വീക്ഷണം ഈ കാര്യത്തിൽ ഇല്ലാത്തതുകൊണ്ടും പ്രകൃതി സമ്പത്ത് ശരിയായ വിധത്തിൽ ഉപയോഗിക്കാത്തതുകൊണ്ടും നമുക്കു നമ്മുടെ പ്രകൃതിസമ്പത്തു മുഴുവൻ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. പത്തു ശതമാനംപോലും നമ്മുടെ ഈ പ്രകൃതി സമ്പത്ത് ഉപയോഗിക്കുവാൻ ഇന്ന് സാധിച്ചിട്ടില്ല. ഈ രീതിക്കു മാററം വരുത്തണം. വൻകിട ജലസേചന പദ്ധതികൾ പലതും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇന്നും ജലസമ്പത്ത് പരമാവധി ചൂഷണം ചെയ്യുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. ഈ കാലമത്രയും നമ്മുടെ ജലവിതരണ പദ്ധതികൾ എന്നു നാം വിചാരിച്ചിരുന്നത് നെൽകൃഷിക്കുമാത്രം ജലസേചനം കൊടുക്കുന്ന ഒരു രീതിയായിരുന്നു. നെൽകൃഷി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അപ്രധാനമായ ഒരു കൃഷിയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നാണ്യവിളകൾക്കു മുൻതൂക്കം കൊടുക്കാനുള്ള ഒരു സമീപനം ഉണ്ടെങ്കിൽമാത്രമേ സാമ്പത്തിക വ്യവസ്ഥിതിയിൽ വമ്പിച്ച മാററം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് നെൽക്കൃഷിക്കുമാത്രം ജലം കൊടുക്കുന്ന രീതിയിൽ സമൂലമായ മാററം ഉണ്ടാകണം. മററു കൃഷികൾക്കും വെള്ളം കൊടുക്കുന്ന രീതിയിൽ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. തെങ്ങിനും കമുകിനും കൊക്കോക്കും വെള്ളം കൊടുത്താൽ ഇറിഗേഷൻ സെസ്സിൽനിന്നും നല്ലൊരു തുക കിട്ടുമെന്നതിനു പുറമേ നാണ്യവിളകളുടെ വിളവ് ചുരുങ്ങിയത് 30 ശതമാനമെങ്കിലും വർദ്ധിക്കുന്നതിനും അതുമൂലം സാമ്പത്തിക നിലയിലാകെ മാററം ഉണ്ടാക്കുന്നതിനും നമുക്കു സാധിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം മേജർ ഇറിഗേഷൻ പദ്ധതികളിൽപെട്ട കനാലുകളിൽ നിന്നെല്ലാം പൊങ്ങിയ ഭാഗങ്ങളിലേക്ക് ജലം കൊടുക്കുന്ന ഒരു സംവിധാനം കൂടി ഉണ്ടാക്കിയെങ്കിൽ മാത്രമേ കോടിക്കണക്കിനു രൂപ ചെലവാക്കി ഉണ്ടാക്കുന്ന മേജർ ഇറിഗേഷൻ പദ്ധതികളിൽ നിന്ന് ശരിയായ രീതിയിൽ പ്രയോജനം കിട്ടുകയുള്ളു. മൂവാററുപുഴ റിവർവാലി പദ്ധതികൾപോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ഈ രീതിയിൽ കരഭൂമികളെ നനയ്ക്കുന്നതിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രാജ്യത്ത് വൻകിട ജലസേചന പദ്ധതികളിൽ ആദ്യമായിട്ടുള്ള ഒരു കാൽവയ്പാണ് അത്. അതു മുഴുവനും പ്രദേശത്തേക്കു കൂടി വ്യാപിപ്പിക്കണം. മൂവാററുപുഴ ജലസേചന പദ്ധതികൾ പോലെയുള്ള പദ്ധതികൾ ഇടുക്കിയിലെ ടെയിൽ വാട്ടർ കൊണ്ട് നടത്തുന്ന ഒരു പദ്ധതിയായതുകൊണ്ട് ഒരുകാലത്തും ജല ദൗർലഭ്യം ഉണ്ടാകുകയില്ല. ഈ രീതിയിലുള്ള പദ്ധതികളിൽനിന്നും ജലം പാഡീ ഫീൽഡ്സിനുമാത്രം കൊടുക്കാതെ കരഭൂമികൾക്കു കൂടി കൊടുക്കുന്നതിന് അടിയന്തിരമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മൂവാററുപുഴ റിവർവാലി പദ്ധതി ഈ രാജ്യത്തെ ഏററവും വലിയ പദ്ധതിയാണ്. ആ പദ്ധതി ഒച്ചിഴയുന്ന രീതിയിലാണ് ഇന്നും നടന്നുകൊണ്ടിരിക്കുന്നത്. അണക്കെട്ടിന്റെ പ്രദേശത്തുള്ള പണി കാര്യമായി നടക്കുന്നില്ല. ഈ രാജ്യത്തെ ഏററവും വലിയ ഈ ജലസേചന പദ്ധതി ഏററവും വേഗം തീർക്കുന്നതിന് ഇന്നുള്ള ഈ പതിയെയുള്ള പോക്ക് എന്ന നയം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വാട്ടർ റിസോഴ്സസ് എന്തുമാത്രം ഉണ്ടെന്നു കണ്ടുപിടിക്കുന്നതിനും കൃഷിയാവശ്യത്തിന് എന്തുമാത്രം ഉപയോഗപ്പെടുത്താമെന്നും മററും പഠിക്കുന്നതിന് 1957-ൽ ശ്രീ. വി. ആർ. കൃഷ്ണയ്യർ മന്ത്രിയായിരുന്ന അവസരത്തിൽ ഒരു കമ്മിററിയെ വച്ചിരുന്നു. ആ കമ്മിററിയുടെ റിപ്പോർട്ട് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം ഒരു കമ്മിററിയെ വച്ച് ജലസമ്പത്ത് എന്തുമാത്രം ഉണ്ടെന്ന് പഠിച്ച്, വെള്ളത്തിന്റെ ശരിയായ വിനിയോഗത്തിന് ഒരു പദ്ധതി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. പടയൻ ഗോവിന്ദൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെയെല്ലാം എതിർക്കുകയാണ്. ഈ ഗവൺമെന്റ് ഒരു ഇടതുപക്ഷ ഗവൺമെന്റ് ആണെന്നാണ് ഇതിന്റെ വക്താക്കൾ അവകാശപ്പെടുന്നത്. സർ, ഒരു ഇടതുപക്ഷ ഗവൺമെന്റ് തൊഴിലാളികളുടെ പ്രക്ഷോഭണ സമരങ്ങളെ നേരിടുന്നതിന് എങ്ങനെയുള്ള സമീപനമാണ് കൈക്കൊള്ളുന്നത് - എന്നുള്ളതാണ് ഒരു ഇടതുപക്ഷഗവൺമെന്റാണോ അല്ലയോയെന്നു തീരുമാനിക്കുന്നതിൽ പ്രധാനമായിട്ടുള്ളത്. ഈ ഗവൺമെന്റ് തൊഴിലാളികളുടെ പ്രക്ഷോഭണ സമരങ്ങളിൽ എടുക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാണ്. ഈ കഴിഞ്ഞകാലത്ത് എൻ. ജി. ഒ. അധ്യാപകസമരം, ഇലക്ട്രിസിററി ജീവനക്കാരുടെ സമരം, വിപ്ലേജ് സ്ററാഫ് നടത്തിയിട്ടുള്ള സമരം ഈ സമരങ്ങളിലെല്ലാം ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാട് എന്താണെന്ന് നമുക്കറിയാം. ഈ കഴിഞ്ഞ അസംബ്ലിയിൽതന്നെ യൂണിവേഴ്സിററിബിൽ, പൊതുമുതൽ നശിപ്പിക്കുന്നതിനെതിരായ ബിൽ എന്നുള്ള പേരിലുള്ള ബില്ലുകളെല്ലാം പാസ്സാക്കിയിട്ടുള്ളത് യഥാർത്ഥത്തിൽ ഓരോവിഭാഗം ജനങ്ങളും നടത്തുന്ന സമരങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടിയും ആ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കള്ളക്കേസുകളിലും മററും ഉൾപ്പെടുത്തി തടവുശിക്ഷ കൊടുക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ആയിരുന്നു എന്നുള്ളത് സത്യസന്ധമായി പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. അതുപോലെതന്നെ ഇവിടെ കേന്ദ്രഗവൺമെന്റിന്റെ വ്യവസായ ബന്ധബില്ലിനെ നാമെല്ലാം ശക്തിയായി എതിർക്കുകയാണ്. ആ വ്യവസായബന്ധബില്ലിന്റെ ചില വ്യവസ്ഥകൾ അവിടെ അവതരിപ്പിക്കുന്നതിന് മുൻപുതന്നെ ഇവിടെ നടപ്പിൽ വരുത്തിയിരിക്കുന്നു എന്ന് കാണാൻ കഴിയും. അതിൽ ഒന്നാണ് ഈ പ്രൈവററ് ഫാക്ടറി ഉടമസ്ഥൻമാരുടെ വീട്ടുപടിക്കൽ ഒരു സത്യാഗ്രഹംപോലും

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻപാടില്ലെന്ന് ഈ ഗവൺമെൻറ് ഒരു നയമായി അംഗീകരിച്ചിരിക്കുന്നത്, കേന്ദ്രവ്യവസായബന്ധ ബില്ലിൽ ഉണ്ടായിട്ടുള്ള വ്യവസ്ഥകളിൽ ഒന്നാണത്. ഞാൻ അതുസംബന്ധിച്ച് കൂടുതൽ സംസാരിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഇവിടെതന്നെ ഭരണകക്ഷിയിൽപ്പെട്ട മെമ്പാൻമാർ തൊഴിലാളിവിരുദ്ധ നിലപാടിനെ സംബന്ധിച്ച് ഉദാഹരണങ്ങൾ പറഞ്ഞിട്ടുണ്ട്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. കെ. ററി. കുമാരൻ, കാളിയോട് എസ്റേററിലെ തൊഴിലാളികൾ സമരം നടത്തിയപ്പോൾ ആ സമരം നടത്തിയിട്ടുള്ള തൊഴിലാളികളെ കൈവിലങ്ങുവച്ച് നടത്തിച്ചിട്ടുള്ള കാര്യം ഈ സഭയിൽതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതുപോലെതന്നെ ശ്രീ. വാമദേവൻ ഇപ്പോൾ ഈ കഴിഞ്ഞ അവസരത്തിൽ ഇവിടെ സംസാരിക്കുകയുണ്ടായി; കഴിഞ്ഞ ഒന്നരക്കൊല്ലക്കാലത്തോളമായി ട്രാൻസ്പോർട്ട് തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ചുള്ള ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ വേഗത്തിൽ തീരുമാനമെടുക്കാനായിട്ട്, ഒരു സമരത്തിലേക്ക് പോകാൻ പോകുകയാണ്, എന്ന്, ഇതെല്ലാം ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളിവിരുദ്ധ നടപടികൾക്ക് ഉദാഹരണമായി നമുക്ക് കാണാൻ കഴിയും. എന്നാൽ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളോടെല്ലാം സ്വീകരിക്കുന്ന നിലപാട് എന്താണ്? ഉദാഹരണമായി ഇ. എസ്. ഐ. നമുക്ക് എടുക്കാം. എന്താണ് സർ, ഇ. എസ്. ഐ. യിൽ ഇന്ന് നടക്കുന്നത്. ഏകദേശം 4 ലക്ഷത്തോളം തൊഴിലാളികൾ ഇ. എസ്. ഐ. യിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്, ഇ.എസ്.ഐ.യിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ന്യായമായിട്ടുള്ള ചികിൽസ ലഭിക്കുന്നില്ലെന്ന എത്രയോ ശക്തമായ പരാതികൾ ഉയർന്നുവന്നിട്ടുള്ളതാണ്. അവർക്ക് ആവശ്യമായിട്ടുള്ള മരുന്നു ലഭിക്കുന്നില്ല. പുറത്തുനിന്നും ഡോക്ടർമാരുടെ നിർദ്ദേശം അനുസരിച്ച് മരുന്നുവാങ്ങിച്ചാൽ 100 രൂപാ വരെ അതാത് മെഡിക്കൽ ഓഫീസറൻമാർക്ക് കൊടുക്കാം. ആ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. ഏകദേശം ഒരുകൊല്ലമായിട്ട് കൊടുക്കേണ്ടതായിട്ടുള്ള സംഖ്യ ഇന്നും ബാക്കി കിടക്കുകയാണ്. ഇ. എസ്. ഐ. കോർപ്പറേഷൻെറ ചികിൽസാ സൗകര്യങ്ങളെ സംബന്ധിച്ചു പറയുമ്പോൾ ഈ ആയുർവ്വേദ ചികിൽസകൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിരുന്നതാണ്. ഇന്നും അത് ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെതന്നെ സ്പെഷ്യലിസ്ററായിട്ടുള്ള ഡോക്ടർമാർ പരിശോധിച്ച് നിർദ്ദേശിക്കുന്ന മരുന്നുകൾ വാങ്ങിച്ചാൽ അതിനുള്ള കാശ് ഇന്ന് കൊടുക്കുകയില്ല എന്നുള്ളതാണ് സ്ഥിതി. ഇത് കൊടുക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകൾ ഉണ്ടാക്കണം. കാരണം തൊഴിലാളികളിൽനിന്നും ഭീമമായിട്ടുള്ള സംഖ്യയാണ് ഇ. എസ്. ഐ. കോർപ്പറേഷൻ ഈടാക്കുന്നത്. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള അനുഭവങ്ങളുടെ ഫലമായിട്ട് തൊഴിലാളികൾ ഇ. എസ്. ഐ. യിൽ ഉൾപ്പെടാതെ ഇരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന്, ചിന്തിക്കുന്ന നിലവരെ സ്ഥിതി വളർന്നിരിക്കുകയാണ്. ഈ ഇ. എസ്. ഐ. യെ സംബന്ധിച്ചിടത്തോളം 23 ഡിപ്പാർട്ടുമെൻറുകളായിട്ടാണ് ഇത് നിൽക്കുന്നത്. അതിൻെറ അഡ്മിനിസ്ട്രേഷൻ ഇ. എസ്. ഐ. കോർപ്പറേഷനാണ്. ഇതിൻെറ സ്ററാഫ് ഹെൽത്തു ഡിപ്പാർട്ടുമെൻറിൻേറതാണ്. അതിൻെറ നിയന്ത്രണം ലേബർ ഡിപ്പാർട്ടുമെൻറിലാണ്. ഈ സ്ഥിതി മാററി ഒരു പ്രത്യേക കേഡർ ഏർപ്പെടുത്തണമെന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഗുജറാത്തിൽ ഇതു സംബന്ധിച്ച് ഒരു പ്രത്യേക കേഡർ സിസ്ററമാണ് ഉള്ളതെന്നും അതുസംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു സംഘത്തെ അങ്ങോട്ട് അയക്കുമെന്നും പറഞ്ഞിട്ടുള്ളതാണ്, എന്താണ് അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയെന്ന് നമുക്കറിയില്ല. ഇ. എസ്. ഐ. കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അത് ഏററവും വലിയ ലാഭത്തിലാണ് ഇന്ന് നടക്കുന്നത്. 1976-ൽ തന്നെ 36 കോടി രൂപ അതിന് ലാഭം ഉണ്ടായിട്ടുണ്ട്. ഇത്രയും വലിയ കച്ചവടപരമായിട്ടുള്ള ഒരു സമീപനമാണ് വാസ്തവത്തിൽ ഇ. എസ്. ഐ. കോർപ്പറേഷൻ ഇന്ന് സ്വീകരിക്കുന്നത്. അതിന് പകരം ഒരു സോഷ്യൽ വെൽഫെയർ സ്കീം എന്നുള്ളനിലയിൽ അതിനെ ഒന്നു മാററി തീർക്കാൻ, ആ രീതിയിൽ തൊഴിലാളികൾക്ക് അതാതവസരത്തിൽത്തന്നെ കാര്യങ്ങൾ അതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കത്തക്ക തരത്തിലുള്ള സ്ഥിതി ഉണ്ടാക്കുകയും ചെയ്യുന്ന വിധത്തിൽ കാര്യങ്ങൾ നീക്കണം. ഇന്ന് വളരെയേറെ ആക്ഷേപകരമായിട്ടുള്ള സ്ഥിതിയാണ് അതിനുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ മറെറാരു പ്രശ്നം ഇവിടത്തെ ജീവിത സൂചികയുടേതാണ്. ഇവിടെ ശ്രീമാൻ ബാലൻ അത് അദ്ദേഹം വ്യക്തമായി മനസ്സിലാക്കാത്തതുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. മിനിമം വേജസ് ബാധകമാക്കുമ്പോൾ നമ്മുടെ പല മിനിമം വേജസ് നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിലും—1936-ലേതാണ് മലബാർ ഏരിയ; അതുപോലെതന്നെ 1939-ലേതാണ് തിരുകൊച്ചി ഏരിയ. വർദ്ധിച്ച ജീവിത സൂചികക്ക് അനുസരിച്ചുള്ള ആനുകൂല്യങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 1975-ൽ അടിയന്തിരാവസ്ഥക്കാലത്ത് ഇവിടത്തെ ജീവിത സൂചികാ സിസ്ററം പുതുക്കണമെന്ന് നിശ്ചയിച്ചു. 1975-ആഗസ്ററ് മുതൽ അത് നടപ്പിൽവരുത്തി. അങ്ങനെ നടപ്പിൽ വരുത്തുമ്പോഴും മുമ്പ് നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാ മിനിമം വേജസ്സുകളും പഴയ രീതിയിലുള്ള ജീവിത സൂചികതന്നെ കണക്കിലെടുക്കണമെന്നുള്ള നിലവന്നു. അങ്ങനെ വരുമ്പോൾ അത് പുതിയ സൂചികകൊണ്ട് പഴയതിനെ കണക്കാക്കുന്നതിന് വേണ്ടി ലിങ്കിംഗ് ഫാക്ടേഴ്സുകൾ നിശ്ചയിച്ചിട്ടുണ്ട്. ആ ഫാക്ടേഴ്സുകൾ അനുസരിച്ച് തൊഴിലാളികൾക്ക് കിട്ടേണ്ടതായിട്ടുള്ള ജീവിത സൂചികയിൽ നഷ്ടം വരുന്നുണ്ട് എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം പരാതികൾ ഉയർന്നുവന്നപ്പോൾ ഒരു കമ്മിററിയെ നിശ്ചയിക്കുകയുണ്ടായി. ശ്രീമാൻ ബാലൻ ഒരു കമ്മിററിയെ നിശ്ചയിക്കണമെന്നുപറഞ്ഞു. യഥാർത്ഥത്തിൽ ഒരു കമ്മിററിയെ നിശ്ചയിച്ചു. 1977-ൽ നിശ്ചയിച്ചിട്ടുള്ളതായ കമ്മിററി തൊഴിലാളി യൂണിയനുകളുടേയും, വ്യവസായികളുടേയും, മററ് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടേയും എല്ലാം പ്രതിനിധികൾ അടങ്ങുന്ന ആ കമ്മിററി ഇതിനെ സംബന്ധിച്ചു പരിശോധിച്ചു. 1978 ജൂൺമാസം ഗവൺമെൻറ് ആ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടുപ്രകാരം ഈ തൊഴിലാളികൾക്ക് ഇന്നത്തെ പുതിയ ജീവിത സൂചിക അനുസരിച്ച് 10 മുതൽ 14 പോയിൻറുകൾവരെ ഒരു ദിവസം നഷ്ടം വരുന്നു എന്നുള്ളതാണ് കണക്കാക്കിയിട്ടുള്ളത്. ഇത് പഴയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ 34 മുതൽ 50 വരെ ജീവിത സൂചിക തൊഴിലാളികൾക്ക് നഷ്ടം ഉണ്ടാക്കുന്നുണ്ടെന്നു കാണാം. ഇതിന്റെ ഫലമായിട്ട് ഏകദേശം ഓരോ മാസവും ഒരു കോടിയോളം രൂപ ഈ രാജ്യത്തിലെ മുതലാളിമാർക്ക് ലാഭമായി കിട്ടുന്നു. ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ഓരോ കോടി രൂപയും ഓരോ മാസവും മുതലാളിമാരുടെ പോക്കററിലേക്ക് എത്തിക്കുന്നതാണോ വാസ്തവത്തിൽ ഒരു പുരോഗമന സർക്കാരെന്നുപറയുന്ന സർക്കാരിന്റെ നിലപാട്. എന്താണ് ഇതിന്റെ തടസ്സം എന്നുചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഒന്നിച്ച് പലതവണ ഇത് നടപ്പിൽവരുത്തണമെന്ന് ആവശ്യപ്പെട്ടു. അവർക്ക് വേഗത്തിൽ നടപ്പിൽവരുത്തുമെന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുകൊടുത്തതാണ്. ഇതുവരെ അത് നടപ്പിൽവരുത്തിയിട്ടില്ല. ഈ ഓരോമാസവും ഓരോ കോടി രൂപ തൊഴിലാളികൾക്ക് കിട്ടേണ്ടതായ സംഖ്യ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇനിയെങ്കിലും ഇത് നടപ്പിൽവരുത്താൻ ഈ ഗവൺമെൻറ് തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുപോലെതന്നെ മിനിമം വേജസ് ഇവിടെ പല വ്യവസായങ്ങളിലും നടപ്പിൽവരുത്തിയിട്ടുണ്ട്. എന്താണ് സ്ഥിതിയെന്ന് നാം ഒന്നു പരിശോധിച്ചു നോക്കണം. 1974-ൽ ആണ് ഹാൻറ്ലും വ്യവസായത്തിൽ മിനിമം വേജസ് നടപ്പിൽ വന്നത്. എന്താണ് ഇന്നും സ്ഥിതി. 1974-ൽ മിനിമം വേജസ് നടപ്പിൽ വന്നിട്ടും ഇപ്പോൾ ഈ കഴിഞ്ഞ മാർച്ച് മാസം 1-ാം തീയതി മുതൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴും മംഗലാപുരത്തും ഉള്ളതായിട്ടുള്ള പതിനായിരത്തോളം കൈത്തറിതൊഴിലാളികൾ മിനിമം വേജസ് നടപ്പിൽവരുത്തുന്നതിനു വേണ്ടി കുറെദിവസം സമരം നടത്തുകയുണ്ടായി. ഇന്നും അവർക്ക് ഈ മിനിമം വേജസ് അടിസ്ഥാനത്തിലുള്ള കൂലി കിട്ടികഴിഞ്ഞിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുപോലെതന്നെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം—ചിററൂർ താലൂക്കിൽ കൊഴിഞ്ഞാംപാറയിലും അതുപോലെതന്നെ മലബാർ പ്രദേശത്തും കർഷകത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ളതായ മിനിമം വേജസ് ഇതുവരെ കിട്ടിയിട്ടില്ല; എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. മിനിമം വേജസ് ഞങ്ങൾ നടപ്പിൽ വരുത്തിയിരിക്കുന്നു എന്ന് പറഞ്ഞാൽ മതിയോ? അതിൻെറ ആനുകൂല്യം തൊഴിലാളികൾക്ക് ലഭിക്കേണ്ടതല്ലേ? തൊഴിലാളികൾ സംഘടിച്ച് സമരം ചെയ്ത് വാങ്ങിക്കൂ എന്ന് പറയാനായിട്ട് ഒരു ഗവൺമെൻറ് ആവശ്യമില്ല. മിനിമം വേജസ് നടപ്പിൽവരുത്തിയോ എന്നു ചോദിച്ചാൽ അത് നടപ്പിൽവരുത്തിയിട്ടുണ്ട്. പക്ഷെ അതിൻെറ അനുഭവം തൊഴിലാളികൾക്ക് കിട്ടിയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറിന് എന്ത് മെഷീനറിയാണുള്ളത്. ഈ ഗവൺമെൻറ് ഒന്നും ചെയ്യുന്നില്ലെന്ന് അനുഭവത്തിൻെറ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ അസംബ്ലിയിൽ ചുമട്ടു തൊഴിലാളി ബിൽ പാസ്സാക്കി. വലിയ മഹത്തരമായിട്ടുള്ള ഒന്നായി അതിനെ പാടി പുകഴ്ത്തി. ആ ചുമട്ടുതൊഴിലാളി ബിൽ നടപ്പിൽവരുത്തുമ്പോഴേക്കും തൊഴിലാളികളുടെ സ്ഥിതി എന്താകുമെന്നറിയില്ല. ഇവിടെ ചുമട്ടു തൊഴിലാളികളോട് ഒരു യുദ്ധ പ്രഖ്യാപനം തന്നെ നടത്തിയിരിക്കുകയാണ്. നമ്മുടെ ആഭ്യന്തരകാര്യമന്ത്രി ഇവിടെ കഴിഞ്ഞ ഒരു ചർച്ചയിൽ—ചാലയിലും മററും എന്തോമഹത്തരമായ കാര്യം ഗുണ്ടായിസത്തെ എതിർത്തുകൊണ്ട് ചെയ്തു എന്ന രീതിയിൽ പറഞ്ഞു. ഈ ചുമട്ടുതൊഴിലാളികളെ മുഴുവനും ഗുണ്ടാകളായി കണക്കാക്കിയിട്ടുള്ള ഒരു നടപടിയാണോ ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. കോഴിക്കോട് ഏററവും വലിയ പോലീസ് ആക്രമണം ചുമട്ടുതൊഴിലാളികൾക്ക് എതിരായി ഉണ്ടായി. ആരെങ്കിലും ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ? അവിടെ ചുമട്ടുതൊഴിലാളികൾ ഇന്നത് ചെയ്തുവെന്ന് യഥാർത്ഥത്തിൽ ആഭ്യന്തര കാര്യമന്ത്രിയുടെ കക്ഷിക്ക് ഒരു ട്രേഡ്‌യൂണിയൻ ഉണ്ടാക്കണം. ഇല്ലാത്ത സ്ഥലത്ത് പെട്ടെന്ന് യൂണിയൻ ഉണ്ടാക്കണമെന്ന് വിചാരിച്ചാൽ സാധിക്കുമോ? അതുകൊണ്ട് അവിടെ സ്ഥിരമായിട്ട് പണിയെടുത്തുകൊണ്ടിരിക്കുന്ന ചുമട്ടുതൊഴിലാളികളെ അവിടെനിന്നും പോലീസിനെ ഉപയോഗിച്ച് തുരത്തിയിട്ട് പുതിയ തൊഴിലാളികളെ കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമം നടന്നു. ഞാൻ ചോദിക്കുന്നത്—മുതലാളിമാർ പരാതി പറഞ്ഞിരുന്നോ ഞങ്ങൾക്ക് ഈ തൊഴിലാളികളെക്കൊണ്ട് ഉപദ്രവം ഉണ്ടെന്ന്. എന്താണ് പോലീസ് അവിടെ ഇടപെടാനുള്ള കാരണം? യഥാർത്ഥത്തിൽ ചുമട്ടുതൊഴിലാളികൾക്ക് അവരുടെ സർവ്വീസൊക്കെ കൂട്ടണമെന്നുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ഏരിയായും സ്ട്രീററും തരിച്ചു കൊണ്ടുവേണം അവരുടെ പട്ടിക തയ്യാറാക്കാനെന്ന് ബില്ലിൽ പറഞ്ഞിട്ടുള്ളതാണ്. ആ ചുമട്ടുതൊഴിലാളി ബിൽ വരുമ്പോഴേക്കും സർവ്വീസുള്ള തൊഴിലാളികളെ മാററി—സർവ്വീസ് ഇല്ലാത്ത തൊഴിലാളികളെ കൊണ്ടുവന്നിട്ട് പോലീസിനെ ഉപയോഗിച്ചുകൊണ്ട് തുരത്തിയോടിക്കുക എന്നുള്ള സമീപനമാണ് ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. അതുകൊണ്ട് പാവപ്പെട്ട ചുമട്ടുതൊഴിലാളികളോടു ഈ വീരസ്യം ഒക്കെ കാണിക്കുന്നത് ഒന്ന് നിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ ചുമട്ടുതൊഴിലാളികളുടെ ബില്ലിൻെറ സ്ഥിതി എന്താണെന്ന് നിങ്ങൾ ഒന്നു വ്യക്തമാക്കണമെന്നു കൂടി ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ ബീഡിത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നെന്താണ് സ്ഥിതി. കഴിഞ്ഞ പത്തുപന്ത്രണ്ടുകൊല്ലത്തിൽ അധികമായി മിനിമം വേജസ് നടപ്പിൽ വരുത്തിയിട്ട്. മിനിമം വേജസ് ആക്ററിൽത്തന്നെ പറഞ്ഞിട്ടുള്ളത് മിനിമം വേജസ് നടപ്പിൽവരുത്തിയാൽ അഞ്ചുവർഷത്തിനകം പുന:പരിശോധിച്ച് മാററംവരുത്തണമെന്നാണ്. 12 വർഷം കഴിഞ്ഞിട്ടും, ആ മിനിമം വേജസ് പുന:പരിശോധിക്കണമെന്നു തൊഴിലാളികൾ സംഘടിതമായി ആവശ്യപ്പെട്ടിട്ടും, അതു പുന:പരിശോധിക്കാൻ ഇതുവരെ ഗവൺമെൻറു തയ്യാറായിട്ടില്ല. അത് പുന:പരിശോധിക്കണം, മാററണം, എന്ന് ഞാനാവശ്യപ്പെടുകയാണ്.

ഇപ്പോൾ ഇവിടെ പലരും പറയുന്നു നമ്മുടെ ഈ നിയമങ്ങളെല്ലാം വരുമ്പോൾ വ്യവസായം മററു സംസ്ഥാനങ്ങളിലേക്കു കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നു എന്ന്. കൈത്തറി വ്യവസായത്തെപ്പററി പറയുമ്പോൾ, അതിൽ മേഖലാടിസ്ഥാനത്തിൽ കൂലി നിശ്ചയിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറിൻെറ മേൽ സമ്മർദ്ദം ചെലുത്തണമെന്നും അതു നടപ്പിൽ വരുത്തിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി ഈ ഗവൺമെൻറ് ശ്രമിക്കേണ്ടതായിട്ടുണ്ട്.

മറെറാന്ന് തീപ്പെട്ടിവ്യവസായമാണ്. നമ്മുടെ സംസ്ഥാനത്ത് പരന്നുകിടക്കുന്ന ഒരു വ്യവസായമാണ് അത്. കണ്ണൂർ ജില്ലയിൽ മാത്രം ഏകദേശം രണ്ടായിരത്തിലധികം തൊഴിലാളികൾ തീപ്പെട്ടിവ്യവസായത്തിൽ ജോലിചെയ്യുന്നുണ്ട്. മാസങ്ങളോളമായിട്ട് അവർക്കു തൊഴിലില്ല. കാരണം തീപ്പെട്ടിക്കാവശ്യമുള്ള മരം കിട്ടുന്നില്ല എന്നുള്ളതാണ്. എന്താണു ചെയ്യുന്നതെന്നറിയാമോ? തീപ്പെട്ടിവ്യവസായം നടത്തുന്നതിൻെറ പേരിൽ പെർമിററുവാങ്ങിക്കുക; എന്നിട്ട് ആ പെർമിററ് വിൽക്കുകയാണ്. കാരണം ഇവിടെ തൊഴിലാളികളെകൊണ്ടു ജോലിചെയ്യിച്ചാൽ അതിനുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ ബാധ്യതയുണ്ട്. അതുകൊണ്ട് പെർമിററു വാങ്ങി ആ മരം തന്നെ വിററാൽ കൂടുതൽ ലാഭം കിട്ടും. പെർമിററടിസ്ഥാനത്തിൽ വാങ്ങുന്ന മരംതന്നെ ഉപയോഗിച്ച് പ്രവൃത്തിയെടുപ്പിക്കുന്നില്ല. ഇതിൻെറ ഫലമായിട്ട് കണ്ണൂരിൽ പൂർണ്ണമായിട്ടും തീപ്പെട്ടിവ്യവസായത്തിൽ തൊഴിലില്ലായ്മ നിലനിൽക്കുകയാണ്. ഈ പെർമിററുകളെടുക്കുന്ന ആളുകൾ ആ മരം വ്യവസായത്തിന് ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും ഉപയോഗിക്കാത്തവർക്കെതിരായി കർശനമായ നടപടിയെടുക്കുകയും ഗവൺമെൻറു ചെയ്യണം എന്നാണ് എനിക്കു പറയാനുള്ളത്.

കണ്ണൂർ ജില്ലയിൽ രണ്ടുമൂന്നു ഫാക്ടറികൾ ഏറെറടുത്തിട്ടുണ്ട്. ചൈനാ ക്ലേ ഫാക്ടറികൾ, 15 ലക്ഷത്തോളം ഉറുപ്പിക ആ മൂന്നു ഫാക്ടറികളിലുമുള്ള തൊഴിലാളികൾക്ക് കൂലിബാക്കി, ബോണസ്, പ്രോവിഡൻറ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് മുതലായ വകയിൽ കിട്ടാനുണ്ട്. റിലീഫ് അണ്ടർടേക്കിംഗ് അനുസരിച്ച് ഗവൺമെന്റ് ഏറ്റെടുത്ത് ഫാക്ടറി നടത്താൻ തുടങ്ങി. അതിന്റെ ഫലമായി, ഈ സംഖ്യ കിട്ടുന്നതിനുവേണ്ടിയുള്ള തൊഴിലാളികളുടെ കേസ് മരവിച്ചിരിക്കുകയാണ്. ആ സംഖ്യ മുൻതൊഴിലാളികൾക്കു കിട്ടിയിട്ടില്ല. അവിടെ 35-ഓളം തൊഴിലാളികൾ ഇതിനകം പ്രായാധിക്യം കാരണം പിരിഞ്ഞുകഴിഞ്ഞു. അങ്ങനെ പിരിഞ്ഞുനിൽക്കുന്ന തൊഴിലാളികൾക്ക് ആരാണ് ഗ്രാറ്റുവിററി കൊടുക്കേണ്ടത് ? റിലീഫ് അണ്ടർടേക്കിംഗ് അനുസരിച്ച് ഏറ്റെടുത്തിട്ടുള്ള ഗവൺമെന്റ് അതിന് ഉത്തരവാദിയല്ല. മററുള്ളവരാണെങ്കിൽ ഇന്നു മാനേജുമെന്റിൽ ഇല്ലതാനും. ഇതിന്റെ ഫലമായിട്ട് 35 തൊഴിലാളികൾക്ക് ഗ്രാററുവിററിയില്ല. ഈ പിരിഞ്ഞിട്ടുള്ള തൊഴിലാളികളിൽ 15 തൊഴിലാളികൾ മരിച്ചുകഴിഞ്ഞിരിക്കുകയാണ്. അവർക്കു ഗ്രാററുവിററി കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഈ പിരിഞ്ഞ തൊഴിലാളികളുടെ ഗ്രാററുവിററിയെങ്കിലും കൊടുപ്പിക്കുവാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റു തയ്യാറാകണം എന്നാണ്. അതുപോലെതന്നെ ആ ഫാക്ടറികൾ പൂർണ്ണമായിട്ടും ഗവൺമെന്റ് ഏറ്റെടുത്തു നടത്താൻ ഏർപ്പാടുചെയ്യണം. ഏററവും ലാഭകരമായിട്ടുള്ള നിലയിലാണ് ഇന്നു ചൈനാ ക്ലേ ഫാക്ടറികൾ നടന്നുവരുന്നത്. ആ ഫാക്ടറികൾ ഏറ്റെടുക്കുകയാണെങ്കിൽ ഈ തൊഴിലാളികൾക്കു കൊടുക്കേണ്ട ആനുകൂല്യങ്ങളെല്ലാം കൊടുക്കാൻ സാധിക്കും. മാത്രമല്ല ചൈനാ ക്ലേ വ്യവസായത്തിൽ മിനിമം വേജ് ഉണ്ട്. ഏഴെട്ടു ഫാക്ടറികൾ ഇന്ന് അതു കൊടുക്കുന്നു. ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള, ഇന്നു ലാഭകരമായി നടക്കുന്ന, ആ ഫാക്ടറികൾ ഈ മിനിമം വേജസ് നടപ്പിൽവരുത്തണം; അതനുസരിച്ചുള്ള കൂലിയും മററും കൊടുക്കണം, എന്നാണ് എനിക്ക് അതിനെപ്പററി പറയാനുള്ളത്.

പ്ലാന്റേഷന്റെ സ്ഥിതി എന്താണ് ? പ്ലാന്റേഷൻ ലേബർ ആക്ററിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടി ഇന്നു തോട്ടങ്ങൾ തുണ്ടുതുണ്ടാക്കുകയാണ്. ഇതിൽനിന്നു തൊഴിലാളികൾക്കു സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി എന്തുചെയ്യാൻ കഴിയും എന്നു ഗവൺമെന്റ് കാര്യമായി ആലോചിക്കണം. നമുക്കറിയാം, പ്ലാന്റേഷൻ ലേബർ ആക്ററ് കേന്ദ്രഗവൺമെന്റിന്റേതാണ്. ആ കേന്ദ്രഗവൺമെന്റിനെക്കൊണ്ട്, ഇതിൽനിന്നു രക്ഷപ്പെടുന്ന ഉടമസ്ഥൻമാരെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കുന്നതിനുവേണ്ടി എന്തുചെയ്യാൻ സാധിക്കും എന്നു ഈ ഗവൺമെന്റ് ആലോചിക്കേണ്ടതായിട്ടുണ്ട്. പ്ലാന്റേഷനൊക്കെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. തോട്ടങ്ങളെ സംരക്ഷിക്കണമെന്നുള്ളതിന്റെ പേരിലാണ് അത്. ഈ രീതിയിൽ തുണ്ടുതുണ്ടാക്കി മാററി തൊഴിലാളികൾക്കു കൊടുക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കാനാണ് ഇതിന്റെ ഉടമസ്ഥൻമാർ തയ്യാറാകുന്നതെങ്കിൽ ഈ തോട്ടങ്ങളെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയെങ്കിലും സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ തോട്ടത്തിലെ തൊഴിലാളികൾക്കു ബോണസ്സിന്റെ പ്രശ്നമുണ്ട്. വ്യവസായാടിസ്ഥാനത്തിലാണ് അടിയന്തിരാവസ്ഥയ്ക്കുമുൻപ്, ബോണസ് ആക്ററ് ഭേദഗതിചെയ്യുന്നതിനുമുൻപ്, ബോണസ് നിശ്ചയിക്കപ്പെട്ടിരുന്നത്. പക്ഷേ ബോണസ് ആക്ററ് ഭേദഗതിവന്നപ്പോൾ ലാഭത്തിന്റെ അടിസ്ഥാനത്തിലാണ് ബോണസ് എന്ന സ്ഥിതിവന്നു. ഓരോ സ്ഥാപനവും പ്രത്യേകംപ്രത്യേകം എടുത്തു പരിശോധിച്ചു ബോണസ് കൊടുക്കുക എന്ന സ്ഥിതി വന്നു. ആ സ്ഥിതിയിൽ ഇന്നും മാററം

വന്നുകഴിഞ്ഞിട്ടില്ല. വ്യവസായാടിസ്ഥാനത്തിൽ ബോണസ് നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെൻറ് സ്വീകരിക്കണം എന്നാണ് അതിനെസംബന്ധിച്ച് എനിക്കു പറയാനുള്ളത്.

കശുവണ്ടി വ്യവസായത്തിൻെറ സ്ഥിതി നമുക്കറിയാം. പത്രത്തിൽ എല്ലാവരും കണ്ടിട്ടുണ്ടാവും, എല്ലാ ട്രേഡ്യൂണിയനുകളും ഒന്നിച്ചു നിന്നുകൊണ്ട് സമരത്തിലേക്കു നീങ്ങാൻ പോവുകയാണ്. ഏപ്രിൽ മാസം 6-ാം തീയതി ഒരുദിവസത്തെ സൂചനാസമരം നടത്താൻ സി. ഐ. ടി. യു., ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി., യു. ടി. യു. സി. മുതലായ എല്ലാ സംഘടനകളുംകൂടി തീരുമാനിച്ചിട്ടുണ്ട്. എന്താണു പ്രശ്നം ? ഈ വർഷം അവർക്ക് ഒരാഴ്ചത്തെ പണിപോലും കിട്ടാൻപോകുന്നുണ്ടോ എന്നു സംശയമാണെന്ന് അവരുടെ പ്രസ്താവനയിൽ പറയുന്നു. കശുവണ്ടിസംഭരണം പരിപൂർണ്ണമായി തകർന്നിരിക്കുകയാണ്. അതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഇന്നില്ല. ഇവിടെത്തന്നെ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്. എത്ര കശുവണ്ടി സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട് ? എവിടെനിന്നാണ് ഇവർക്കു തൊഴിൽ കൊടുക്കാൻപോകുന്നത് ? ആ തൊഴിൽ കൊടുക്കണമെന്നുള്ളതിൽ എന്തെങ്കിലും ഒരു ഉൽക്കണ്ഠ ഈ ഗവൺമെൻറിനുണ്ടോ ? കശുവണ്ടിയെല്ലാം പോയിക്കഴിഞ്ഞശേഷം അവർക്കു കൊടുക്കാൻസാധിക്കാത്ത ചുരുങ്ങിയ വില നിശ്ചയിച്ച് അണ്ടി മററുള്ളവർ എല്ലാം സംഭരിച്ചുകൊണ്ടുപോയിക്കഴിഞ്ഞശേഷം വിലയിൽ ചില്ലറ മാററം വരുത്തി. ഇപ്പോൾ കശുവണ്ടിയില്ല; മേലോട്ടുനോക്കുകയാണ് വാസ്തവത്തിൽ അവരുടെ തൊഴിലില്ലായ്മപ്രശ്നം തൊഴിലില്ലായ്മവേതനപ്രശ്നം, ബോണസ് പ്രശ്നം, ഇതൊക്കെ പരിഹരിക്കപ്പെടണം. ഇല്ലെങ്കിൽ അവർ സമരം നടത്താൻ തയ്യാറാകും. ഏപ്രിൽ മൂന്നാമത്തെ ആഴ്ചമുതൽ തുടർച്ചയായിട്ടുള്ള സമരത്തിന് തയ്യാറാകുമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്.

ഇതുസംബന്ധിച്ച് ഒന്നുരണ്ട് പ്രശ്നങ്ങൾ പറയാനുണ്ട്. അതായത് ഇവിടെ തൊഴിലാളിസമരങ്ങൾ നീട്ടിക്കൊണ്ടുപോകുന്ന നിലപാട് തിരുവല്ലയിൽ ഓതറ എന്ന സ്ഥലത്ത് വി. ആൻഡ് എൽ ഇൻഡ്യാ ലിമിററഡ് ഫാക്ടറിയിൽ നാലഞ്ചുമാസത്തിലധികമായിട്ട് സമരം നടക്കുകയാണ്. അവിടെ സംഘടനയുണ്ടാക്കിയതിൻെറപേരിൽ ആ സംഘടനയുണ്ടാക്കിയ ആളുകളെ അതിൻെറ മാനേജുമെൻറ് പിരിച്ചുവിട്ടു. അതിൻെറഫലമായി 52 പേർ സത്യാഗ്രഹം നടത്തിയപ്പോൾ അതിനോട് ആനുകൂല്യം പ്രകടിപ്പിച്ച ആളുകളെയും തുടർന്നു പിരിച്ചുവിടുകയുണ്ടായി. ഇപ്പോൾ അവിടെ പണിമുടക്കു നടക്കുകയാണ്. ലേബർ അധികൃതർ വിളിച്ചാൽ അതിൻെറ മാനേജുമെൻറ് പോകുകയില്ല. ഇതാണു സ്ഥിതി. ഇതു പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ കൊച്ചിയിലെബിന്നികമ്പനി. ആ കമ്പനി ഒരു ദിവസം രാവിലെ പെട്ടെന്ന് അങ്ങോട്ട് അടച്ചുപൂട്ടി. മാസങ്ങൾക്കുമുൻപുതന്നെ, ആ കമ്പനി ഏറെറടുക്കണമെന്നു തൊഴിലാളികൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. കേന്ദ്രഗവൺമെൻറ് ഏറെറടുക്കാൻ തയ്യാറാണ്, സ്റേററ് ഗവൺമെൻറിൻെറ റിപ്പോർട്ടു കിട്ടാത്തതുകൊണ്ടാണ്, എന്ന് കേന്ദ്രഗവൺമെൻറ് വ്യവസായ സ്റേററ് മന്ത്രി രാജ്യസഭയിൽ പ്രസ്താവിച്ചതായിട്ട് പത്രറിപ്പോർട്ടു വന്നിട്ടുണ്ട്. ആ പൂട്ടിയിട്ട കമ്പനി പൂർണ്ണമായും ഗവൺമെൻറ് ഏറെറടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം; കേന്ദ്ര ഗവൺമെൻറിനെക്കൊണ്ട് അത് ചെയ്യിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നു ഞാൻ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുകയാണ്. അതുപോലെ ആലപ്പുഴയിൽ ഒരു ജില്ലാ പ്രിൻറിംഗ് പ്രസ് ഉണ്ട്. അവിടെ 30,000 ത്തോളം ഉറുപ്പിക പ്രോവിഡൻറ് ഫണ്ട് അടയ്ക്കേണ്ട സംഖ്യ അതിൻെറ സെക്രട്ടറി അടച്ചിട്ടില്ല. 8,000 ത്തോളം ഉറുപ്പിക മാത്രമേ അടച്ചിട്ടുള്ളു. അത് അടപ്പിക്കുന്നതിനുവേണ്ടി തൊഴിലാളികൾ എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടാവശ്യപ്പെടുകയാണ്. അതുപോലെ ഇടമലയാർ പ്രോജക്ററിലെ തൊഴിലാളികൾ കൂലിവർദ്ധനവിൻെറ പ്രശ്നം ഉന്നയിച്ചിട്ട് ഒന്നൊന്നര കൊല്ലമായി. ഇന്നും തീരുമാനമായിട്ടില്ല. 17-ാം തീയതിയോ മററോ അതിനെപ്പററി എന്തോ കൂടിയാലോചന നടക്കുന്നുവെന്നു കേൾക്കുന്നു. അടിയന്തിരമായും അവരുടെ കൂലിവർദ്ധനവു നടപ്പിൽവരുത്തുന്നതിന് ഗവൺമെൻറ് പരിശ്രമിക്കണമെന്നു ഞാനാവശ്യപ്പെടുകയാണ്.

ഞാൻ നിർത്തുകയാണ്. എനിക്ക് ഇറിഗേഷനെപ്പററി മാത്രമാണ് ഒരു കാര്യം പറയാനുള്ളത്. വൻകിട ജലസേചന പദ്ധതികൾ 10 എണ്ണം പൂർത്തിയായി; 13 എണ്ണം പൂർത്തിയാകാനിരിക്കുന്നു. അതിൽ പഴശ്ശി പ്രോജക്ററ് നമ്മുടെ പ്രധാനമന്ത്രി വന്ന് ഉദ്ഘാടനമോ എന്തോ ചെയ്തുവെന്നു പറഞ്ഞു. പക്ഷേ അവിടെ ഒരൊററ തുള്ളി വെള്ളം ഇല്ല എന്നുള്ളതാണു നമുക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ വൻകിട ജലസേചനപദ്ധതികൾക്കു രൂപംകൊടുക്കുന്ന അവസരത്തിൽ അതിനു ചെലവഴിക്കുന്ന സംഖ്യയും അതിൽനിന്നുണ്ടാകുന്ന മെച്ചവും തമ്മിൽ ഒന്നു പരിശോധിച്ചുനോക്കണം. നമ്മുടെ കാഴ്ചപ്പാടിൽ എന്തെങ്കിലും പിശകുണ്ടായിട്ടുണ്ടോ എന്ന് ഒന്നു പരിശോധിച്ചു നോക്കണം. അതുപോലെ പൂർത്തിയാക്കാനിരിക്കുന്ന ജലസേചനപദ്ധതികൾ അടിയന്തിരമായും പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണം. 495 കോടി ക. ഈ മേജർ പദ്ധതികൾ പൂർത്തിയാക്കാൻ ഇനി വേണമെന്നാണ്. ഇക്കൊല്ലം 33 കോടി ക. മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്. ഇങ്ങനെയായാൽ എത്ര കൊല്ലം ഇതിനു വേണ്ടിവരും ? ഇപ്പോൾത്തന്നെ പത്തുംപതിനഞ്ചുംകൊല്ലമായിട്ട് പൂർത്തിയാകാത്ത പദ്ധതികളാണ്. അതുപോലെ ചെറുകിട ജലസേചനപദ്ധതികൾ: എൻെറ ജില്ലയിൽ, കണ്ണൂരിൽ ഒരു ഡാമുണ്ട്; നിഷ്പ്രയോജനമായ പദ്ധതികളാണ് പലതും. ഇതിനെപ്പററി ഒന്നു പരിശോധിച്ച്, ചെലവഴിച്ചിട്ടുള്ള സംഖ്യയനുസരിച്ച് മെച്ചം ഉണ്ടാകുന്ന സ്ഥിതിയുണ്ടോ എന്നു നോക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. പി. ടി. കുഞ്ഞുട്ടിഹാജി: ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ജലസേചനവകുപ്പിൻെറ പ്രവർത്തനം വളരെയധികം പുരോഗമിച്ചു വരുന്നു എന്നു കാണുന്നതിൽ വളരെ സന്തോഷമുണ്ട്. ഇന്ന് മലപ്പുറം ജില്ല ഒഴിച്ച് മററുള്ള എല്ലാ ജില്ലകളിലും വൻകിട ജലസേചനപദ്ധതികളുടെ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. ഈ ബഡ്ജററിൽ തന്നെ 37 കോടി ഉറുപ്പിക ഈ പദ്ധതികൾക്കായി നീക്കിവെച്ചുകാണുന്നു. എന്നാൽ മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് ജലസേചന പദ്ധതിയെ സംബന്ധിച്ച് ആ നാട്ടുകാർ അറിയാൻ തുടങ്ങിയത്. മുൻകാലങ്ങളിലെല്ലാം ആ ജില്ലയ്ക്ക് നീക്കിവെച്ചിട്ടുണ്ടായിരുന്ന സംഖ്യ മിക്കവാറും

LIBRARY ARCHIVES Kerala Legislative Assembly

ലാപ്സായി പോകാറായിരുന്നു പതിവ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമന്ത്രി മലപ്പുറത്തുവന്ന് അവിടത്തെ ഉദ്യോഗസ്ഥൻമാരും എം. എൽ. എ.മാരുമായി കാര്യങ്ങൾ ആലോചിച്ചപ്പോൾ ആ ജില്ലയിൽ ജലസേചനവകുപ്പിന്റെ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല എന്നുകണ്ടുമനസ്സിലാക്കുകയും അതിനെതുടർന്ന് അവിടത്തെ എം. എൽ. എ. മാരേയും ഉദ്യോഗസ്ഥൻമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൺസൾട്ടേറ്റീവ് കമ്മിററി വിളിച്ചുകൂട്ടി പൊന്നാനി, തിരൂർ, നിലമ്പൂർ എന്നീ ഭാഗങ്ങളിൽ പല പദ്ധതികൾ തുടങ്ങാൻ തീരുമാനം എടുക്കുകയും ചെയ്തു. അതിനുവേണ്ടി നിലമ്പൂരിൽ ഒരു ഇറിഗേഷൻ ഡിവിഷനും തിരൂരിൽ ഒരു ഇറിഗേഷൻ സബ്ഡിവിഷനും തുടങ്ങാൻ തീരുമാനിച്ചു. എന്നാൽ അതിനുശേഷം ഇന്നത്തെ നമ്മുടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അധികാരം ഏറെറടുത്തശേഷം മലപ്പുറം ജില്ലയിൽവന്ന് കാര്യങ്ങളെല്ലാം മനസ്സിലാക്കി കൂട്ടായി റഗുലേററിന്റെ പ്രവൃത്തി കുറെ ഭാഗം ഇപ്പോൾ ടെണ്ടർവിളിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. അക്കാര്യത്തിൽ ആ നാട്ടുകാർ വളരെയധികം സന്തോഷിക്കുകയാണ്. എന്നാൽ എനിക്ക് ചമ്രവട്ടം റഗുലേററർ-കം-ബ്രിഡ്ജിനെ സംബന്ധിച്ചാണ് ചിലകാര്യങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ചമ്രവട്ടം റഗുലേററർ-കം-ബ്രിഡ്ജ് മലപ്പുറം ജില്ലയിൽ ആണെങ്കിലും പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ കൃഷിക്കാർക്ക് ഒരുപോലെ ഉപകാരപ്രദമായിട്ടുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ ഈ 3 ജില്ലകളിലേയും കൃഷിക്കാർക്ക് വളരെയധികം പ്രയോജനപ്പെടും. ഈ പദ്ധതി ഇല്ലാതെ വന്നാൽ ഈ മൂന്നു ജില്ലകളിലേയും കൃഷിക്കാർക്ക് വളരെയധികം നഷ്ടം സഹിക്കേണ്ടി വരും. ഇന്ന് പാലക്കാട് ജില്ലയിൽ പട്ടാമ്പിമുതൽ പൊന്നാനിവരെ നീണ്ടു കിടക്കുന്ന ഭാരതപ്പുഴയിൽ വളരെയധികം ലിഫ്ററ് ഇറിഗേഷൻ പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുമൂലം സുമാർ 20,000-ൽപ്പരം ഏക്കർ സ്ഥലത്ത് പുഞ്ചകൃഷി നടത്തിവരുന്നുണ്ട്. എന്നാൽ ഭാരതപ്പുഴയുടെ ഉദ്ഭവസ്ഥാനത്ത് വളരെയധികം വൻകിട പദ്ധതികൾ വന്നതോടുകൂടി ഭാരതപ്പുഴയിൽ വേനൽക്കാലത്ത് വെള്ളം വളരെ ചുരുങ്ങിയിരിക്കുകയാണ്. അടുത്തകാലത്ത് കാഞ്ഞിരപ്പുഴ പദ്ധതികൂടി കമെൻസ് ചെയ്യുകയാണെങ്കിൽ ഈ ഭാരതപ്പുഴയിൽ വേനൽക്കാലത്ത് വെള്ളം തീരെ കിട്ടാത്ത ഒരു അവസ്ഥ ഉണ്ടാകും. അപ്പോൾ ഭാരതപ്പുഴയെ ആശ്രയിച്ചു നടന്നുവരുന്ന എല്ലാ ലിഫ്ററ് ഇറിഗേഷനും പരാജയപ്പെടും. ഇത് ഗവൺമെന്റ് പ്രത്യേകം കണക്കിലെടുക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ചമ്രവട്ടം പദ്ധതി നടപ്പിൽ വരുന്നതായാൽ പുതുതായി 12,500-ൽപ്പരം ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട ഇറിഗേഷൻവകുപ്പുമന്ത്രിയും പൊതുമരാമത്തുവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയുംകൂടി വിളിച്ചുകൂട്ടിയ കൺസൾട്ടേറ്റീവ് കമ്മിററിയിൽ അന്ന് ഉദ്യോഗസ്ഥൻമാർ സമ്മതിച്ചിരുന്നു. അതനുസരിച്ച് ഈ പദ്ധതി ഉടനെ ആരംഭിക്കണമെന്ന് അന്ന് തീരുമാനിക്കുകയും അതിനുവേണ്ടി തിരൂരിൽ ഒരു സബ്ഡിവിഷൻ തുറക്കാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷേ അതിന്റെ പ്രവർത്തനം ഇതേവരെ നടന്നുകാണാത്തതിൽ ഞങ്ങൾ വളരെയധികം വ്യസനിക്കുന്നു. എന്നാൽ ഈ ചമ്രവട്ടം പദ്ധതിക്ക് മറെറാരു പ്രത്യേകത കൂടി ഉണ്ട്. ഇന്ന് ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന തീരദേശ റോഡിന്റെ ഒരു വലിയ കണ്ണി ഈ ചമ്രവട്ടം പാലമായിരിക്കും എന്നുള്ളതുകൂടി കണക്കിലെടുത്ത് ഇതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിൻതാങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ: ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ 1978 അവസാനംവരെയുള്ള കണക്കനുസരിച്ച് 10.53 ലക്ഷം തൊഴിൽരഹിതർ നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 50 ശതമാനത്തോളം എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവരും അതിനുമീതെ വിദ്യാഭ്യാസയോഗ്യത ഉള്ളവരുമാണ്. ഈ വർദ്ധിച്ചു വരുന്ന തൊഴിൽരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ സർക്കാർ കാര്യമായ പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല എന്നുള്ളത് ഒരു സത്യമാണ്. 1978 ജൂൺ മാസത്തിൽ തൊഴിലില്ലായ്മ വേതനം കൊടുക്കുന്ന ഒരു പദ്ധതിയുമായി സർക്കാർ മുന്നോട്ടുവരികയുണ്ടായി. ഈ പദ്ധതിപ്രകാരം ഏതെല്ലാം ജോലികൾ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് സംസ്ഥാന ഇംപ്ലിമെൻറേഷൻ കമ്മിററി ചില തീരുമാനങ്ങൾ എടുത്തിരുന്നു. ഈ തീരുമാനത്തിനു വിപരീതമായി, അവർ തീരുമാനിക്കാത്ത ചില ജോലികളാണ് ഏതാനും പേരെക്കൊണ്ട് ചെയ്യിച്ചിട്ടുള്ളത്. ആഫ്രിക്കൻ പായൽ വാരൽ, തെരുവു വൃത്തിയാക്കൽ എന്നീ ജോലികൾ ചെയ്തു എന്നല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ചെയ്തിട്ടില്ല എന്നുള്ളത് സത്യമാണ്. മാത്രമല്ല ഇങ്ങനെ തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി തിരഞ്ഞെടുത്തവർക്ക് ആദ്യത്തെ ഗഡു മാത്രമേ ലഭിച്ചിട്ടുള്ളു. രണ്ടാമത്തെ ഗഡു ഈ മാർച്ച് 31-ാം തീയതിക്കുമുൻപ് നൽകുമെന്ന് ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ അവർക്ക് ലഭിച്ചിട്ടില്ല എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. മാത്രമല്ല, ഈ രണ്ടാമത്തെ ഗഡുനൽകുന്നതിന് ചില നിബന്ധനകളെല്ലാം ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിബന്ധനകളെ പരിശോധിക്കുകയാണെങ്കിൽ ഇത് അശാസ്ത്രീയവും അപ്രായോഗികവുമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അതായത് ഗവൺമെൻറ് നിർദ്ദേശിക്കുന്ന പ്രവൃത്തി ചെയ്തു പൂർത്തിയായവർക്കു മാത്രമേ രണ്ടാമത്തെ ഗഡു നൽകുകയുള്ളു. അതുപോലെതന്നെ ചില പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തികളിൽപ്പെട്ടവർക്കു മാത്രമേ ഇത് നൽകുകയുള്ളു എന്നാണ് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്ത് ഇതിനോടു ബന്ധപ്പെട്ട ഇംപ്ലിമെൻറേഷൻ കമ്മിററികളോടൊന്നുംതന്നെ ആലോചിക്കാതെയാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്ന് ഇത്തരം ജോലികൾ ചെയ്യിക്കുന്നത് നമ്മുടെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണത്തിൽ മാത്രമാണ്.

സർ, അതുപോലെതന്നെ നമ്മുടെ കഴിഞ്ഞവർഷത്തെ കണക്കനുസരിച്ച് വിദേശരാജ്യങ്ങളിൽനിന്ന് നമ്മുടെ ഇൻഡ്യയിലേക്ക് 1800 കോടി രൂപ വന്നിട്ടുണ്ട്. ഇതിൽ 400 കോടിയോളം രൂപ നമ്മുടെ കേരളത്തിലാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ മിക്കതും കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് പോയിട്ടുള്ള കേരളീയർ അയച്ചിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തിലെ തൊഴിലില്ലായ്മ ഏറെക്കുറെ പരിഹരിക്കുന്നതിനുവേണ്ടി, നമ്മുടെ സംസ്ഥാനത്തിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട്, ചില കമ്പനികൾ തുടങ്ങണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, അതുപോലെതന്നെ അനാഥാലയങ്ങളുടെ കീഴിൽ ചില ഐ. ടി. സി, ഐ. ടി. ഐ. പോലെയുള്ള സ്ഥാപനങ്ങൾ ഉണ്ട്. ഈ സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളിൽനിന്ന് പഠിച്ചു പുറത്തുവരുന്ന കുട്ടികൾക്ക് നമ്മുടെ ഗവൺമെൻറിന്റെ നിയന്ത്രണത്തിൽതന്നെ ഗൾഫ് രാജ്യങ്ങളിലേക്ക് ജോലിക്കു വേണ്ട ആളുകളെ തിരഞ്ഞെടുത്ത് അയയ്ക്കുമ്പോൾ മുൻഗണന നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

നമ്മുടെ കോഴിക്കോട് നഗരത്തിൽ ശാന്തമായിരുന്ന അട്ടിമറി തൊഴിൽരംഗം ഇന്ന് അസ്വസ്ഥമായിരിക്കുകയാണ്. ഈ കഴിഞ്ഞ ചൊവ്വാഴ്ച 21 തൊഴിലാളികളെ പോലീസ് അറസ്റ്റുചെയ്തതിന്റെ ഫലമായി അവിടെ ആകപ്പാടെ പ്രക്ഷോഭണങ്ങളും മററും നടന്നുകൊണ്ടിരിക്കുകയാണ്. ഈ അട്ടിമറി തൊഴിൽ രംഗത്തുനിന്നും ഈ തൊഴിലാളികളെ നീക്കം ചെയ്യുന്നതിനുള്ള ചില നടപടികൾ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിൽ ബഹുമാനപ്പെട്ട ലേബർ മിനിസ്ററർ ഇടപെട്ട് ഇത് തീർക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. തൊഴിൽവകുപ്പ് പുനഃസംഘടിപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇവിടെ പ്രഖ്യാപിച്ചിരുന്നു. ഒന്നുരണ്ടു കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ പറയണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്. ഇൻഡ്യയിലെ ലേബർ ഡിപ്പാർട്ടുമെൻറുകളിൽവച്ച് നല്ല രീതിയിൽ, മെച്ചപ്പെട്ടരീതിയിൽ പ്രവർത്തനം നടത്തി ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറായിരുന്നു നമ്മുടെ ലേബർ ഡിപ്പാർട്ടുമെൻറ്. നിർഭാഗ്യവശാൽ കഴിഞ്ഞ കുറച്ചുകാലമായി എന്തോ സ്വൽപം ചില പന്തികേടുകൾ ഈ മേഖലയിൽ കാണുന്നുണ്ട്. ഇന്ന് എഫക്ടീവായ ഒരു പ്രവർത്തനരീതി കൺസീലിയേഷൻ നടപടികളുടെ കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിൽ കാണുന്നില്ലെന്നു പറയേണ്ടതായി വന്നതിൽ ഖേദമുണ്ട്. തൊഴിൽ തർക്ക നിയമത്തിൽ ഒരു തൊഴിൽ തർക്കം ഉൽഭവിക്കുന്നു എന്നുകണ്ടാൽ അവിടെ ഇടപെടാൻ, അനുരഞ്ജന നടപടി സ്വീകരിക്കാൻ, തൊഴിൽനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ ഇന്ന് ഒരുതൊഴിൽ തർക്കം ഉന്നയിക്കുകയും പ്രശ്നത്തിന് പരിഹാരം ഉണ്ടാകാതെ തൊഴിലാളികൾ ഗതികെട്ട് പണിമുടക്കും മററ് പ്രക്ഷോഭണനടപടികളും സ്വീകരിക്കുകയും ചെയ്താൽ മാത്രമേ നമ്മുടെ ലേബർഡിപ്പാർട്ടുമെൻറ് അവരുടെ അനങ്ങാപ്പാറനയം ഉപേക്ഷിക്കുകയുള്ളു എന്നുള്ളതാണ് പലപ്പോഴും കണ്ടിട്ടുള്ളത്. അടുത്ത കുറെകാലങ്ങളായി പരിശോധിക്കുകയാണെങ്കിൽ ദീർഘമായ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന സമരങ്ങളുടെ പട്ടികതന്നെ നമുക്ക് കാണാൻ സാധിക്കും. തൊഴിൽ തർക്കങ്ങൾ ഉൽഭവിക്കുന്നതിനു മുമ്പുതന്നെ തൊഴിൽ തർക്കങ്ങൾ ഒഴിവാക്കാൻ കഴിയുന്ന സമീപനം ലേബർഡിപ്പാർട്ടുമെൻറ് എന്തുകൊണ്ട് സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും ലേബർ ഡിപ്പാർട്ടുമെൻറ് ശ്രമിക്കുകയാണെങ്കിൽ പലേ തൊഴിൽ സമരങ്ങളും നമുക്ക് ഒഴിവാക്കാൻ കഴിയും. ഒരു പ്രിവൻറീവ് മെഷേഴ്സ് ആ കാര്യത്തിൽ സ്വീകരിക്കാൻ നമ്മുടെ ലേബർ ഡിപ്പാർട്ടുമെൻറ് തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മററു പലഡിപ്പാർട്ടുമെൻറുകളിലുമെന്നപോലെ ലേബർ ഡിപ്പാർട്ടുമെൻറിലും പ്രമോഷൻവഴിയാണ് കൺസീലിയേഷൻ ഓഫീസേഴ്സിനെ നിയമിക്കാറുള്ളത്. കൺസീലിയേഷൻ നടത്തുന്ന ഉദ്യോഗസ്ഥൻമാർ ആ കാര്യങ്ങളിൽ പരിചയവും നയവും ഉള്ളവരായിരിക്കണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. അങ്ങനെ പ്രമോഷൻ കിട്ടിവരുന്നവർക്ക് എന്തെങ്കിലും റിഫ്രഷർ കോഴ്സ് കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, നമ്മൾ നിരവധി തൊഴിൽ നിയമങ്ങൾ പാസ്സാക്കുന്നുണ്ട്. അത് പാസ്സാക്കുന്നതിൽ കാണിക്കുന്നതായ അത്രയും വ്യഗ്രത അത് നടപ്പിലാക്കുന്ന കാര്യത്തിൽ കാണുന്നുണ്ടോയെന്ന് പരിശോധിച്ചാൽ പലപ്പോഴും അങ്ങനെ കാണാൻ സാധിക്കുകയില്ല. ഇന്ന് ലേബർ ഡിപ്പാർട്ടുമെൻറിൽ ആ കാര്യത്തിൽ ചില സംവിധാനങ്ങൾ ഉണ്ട്. അതുപോലെ തന്നെ നിയമത്തിലും ചില ഭേദഗതികൾ വേണ്ടതുണ്ട്. ഇവിടെ മിനിമം വേജസ് നിയമം ഉണ്ട്. ആ നിയമം അനുസരിച്ച് തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കുന്നില്ലെന്നുവന്നാൽ അതു തൊഴിലാളികൾക്ക് നേടികൊടുക്കാൻ ഇന്ന് നിയമത്തിൽ വ്യവസ്ഥ ഇല്ല. എൻഫോഴ്സ്മെൻറ് ഓഫീസർക്കു വേണമെങ്കിൽ മാനേജരെ പ്രോസിക്യൂട്ട് ചെയ്യാം. എന്നാലും തൊഴിലാളികൾക്ക് മിനിമം വേജസ് കിട്ടണമെന്നില്ല. തൊഴിലാളികൾക്ക് മിനിമം വേജസ് നേടികൊടുക്കാൻ കഴിയുന്നവിധത്തിൽ മാററം നിയമത്തിൽ വരുത്തണം. വർഷങ്ങൾക്കുമുമ്പ് പാസ്സാക്കിയ നിയമമാണ്. അതിൽ കാര്യമായ മാററങ്ങൾ വരുത്തണം. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

സർ, നമ്മുടെ സംസ്ഥാനത്ത് ഇൻഡ്യയിലെ മറെറങ്ങുമില്ലാത്ത ഒരു സംവിധാനം വ്യവസായമേഖലയിൽ ഉണ്ടായിരുന്നു. വ്യവസായബന്ധ കമ്മിററികൾ. അവ ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. കഴിഞ്ഞ കുറെ കൊല്ലങ്ങളായി ആ മേഖല തളർന്നിരിക്കുകയാണ്. അത് വളരെ ബുദ്ധിപൂർവകമായ ഒരു തീരുമാനമായിരുന്നോയെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. ഇന്ന് ഈ ഐ. ആർ. സി.കൾ എന്നു പറയുന്നത് കുട്ടനാട്ടും പാലക്കാട്ടും കർഷകമേഖലയിലും, കയർമേഖലയിലും മാത്രമായി ഒതുങ്ങി നിൽക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. ഐ. ആർ. സി. യെ എഫക്ററീവായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ തൊഴിലാളികൾക്ക് ന്യായമായ ആനുകൂല്യങ്ങൾ നേടികൊടുക്കാനും നല്ലൊരു തൊഴിലാളി മുതലാളി ബന്ധം നിലനിറുത്താനും കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിന് ഈ രാജ്യത്തിൽ വ്യവസായവൽക്കരണത്തിന് തന്നെ കാര്യമായസംഭാവന ചെയ്യാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം.

സർ, ഇവിടെ മിനിമം വേജസിനെ സംബന്ധിച്ചിടത്തോളം പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് എൻെറ അറിവിൽപെട്ടിടത്തോളം 38-ഓളം വ്യവസായങ്ങൾ മിനിമംവേജസ്സിൻെറ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. പല വ്യവസായങ്ങളിലും ഇന്ന് നിലവിലിരിക്കുന്ന മിനിമം വേജസ്സുകൾ അഞ്ചു വർഷമോ അതിൽ കൂടുതലോ കാലദൈർഘ്യം ഉള്ളതാണ്. 1974-ൽ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേജസ് ഉണ്ട്. ആ മിനിമം വേജസ് പ്രഖ്യാപിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ചുമതലപ്പെടുത്തിയ കമ്മിററി 1971-ലോ 1972-ലോ ചുമതലപ്പെടുത്തിയതാണ്. അപ്പോൾ ഉള്ള സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ച് അന്നത്തെ സാഹചര്യത്തിനനുസരിച്ച് ഉള്ള ശുപാർശകളാണ് ഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആ ശുപാർശകളാണ് 1974-ൽ പ്രഖ്യാപിച്ചത്. 1974 എന്നു പറയുമ്പോൾ നമുക്കെല്ലാം അറിയാം, നമ്മുടെ രാജ്യത്ത് പണപ്പെരുപ്പം മൂലം നാണയത്തിന്റെ മൂല്യം തകർന്നിരുന്ന ഒരു കാലഘട്ടമാണെന്നുള്ളത്. ആ മൂല്യതകർച്ചയുടെ ഫലമായി 74-ൽ പ്രസിദ്ധപ്പെടുത്തിയ മിനിമം വേജസ്സിൽ വന്നിട്ടുള്ള പോരായ്മമൂലം തൊഴിലാളികളുടെ നട്ടെല്ല് തകർന്നിരിക്കുകയാണെന്നാണ് എനിക്കു പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽ നിയമത്തിൽ പിടിച്ചുനിൽക്കാതെ, 5 വർഷം കഴിഞ്ഞേ മിനിമം വേജസ് പുതുക്കി പ്രഖ്യാപിക്കുകയുള്ളു എന്നുള്ള നയം എടുക്കാതെ അത്തരം കാര്യങ്ങൾക്ക് പ്രത്യേകം പരിഗണന കൊടുത്തുകൊണ്ട് വളരെ തുച്ഛമായ വേതനം നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ്സുകളെ സംബന്ധിച്ചെങ്കിലും പുനഃപരിശോധന നടത്താൻ തയാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, വളരെപ്രധാനപ്പെട്ട മറെറാരുകാര്യമാണ് ഒരു ദേശീയ മിനിമം വേജസ് എന്നുള്ളത്. നമ്മുടെ രാജ്യത്തെ പരമ്പരാഗതവ്യവസായങ്ങളിൽ പലതും ഇന്ന് അയൽ സംസ്ഥാനങ്ങളിലേക്ക് പോവുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? മുതലാളിമാരെ സംബന്ധിച്ചിടത്തോളം അവർ ലാഭത്തിനുവേണ്ടി വ്യവസായം നടത്താൻ ആഗ്രഹിക്കുന്നവരാണ്. അവർക്ക് എവിടെ വ്യവസായം നടത്തണമെന്നുള്ളതിനേക്കാൾ എവിടെ നടത്തിയാൽ കൂടുതൽ ലാഭം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് പ്രശ്നം. അതിന് ഏററവും വലിയതെളിവാണ് കശുവണ്ടിവ്യവസായം. ഇത് ഇന്ന് അന്യ സംസ്ഥാനത്തിലേക്ക്, തമിഴ് നാട്ടിലേക്ക് കൊണ്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനത്തേക്ക് കശുവണ്ടി വ്യവസായം കടത്തികൊണ്ടുപോകുന്നത് കേരളത്തിലെതന്നെ വ്യവസായ ഉടമകളാണ്. കേരളത്തെക്കാൾ തമിഴ് നാട്ടിൽ കൂടുതൽ ചൂഷണം ചെയ്യാൻ സൗകര്യം ലഭിക്കുന്നു എന്നുള്ളതുകൊണ്ടാണ് അവർ അങ്ങനെചെയ്യുന്നത്. ഈ രംഗത്തെ മിനിമം വേജസ് നിയമം കേന്ദ്രഗവൺമെന്റിന്റെ നിയമം ആണ്. അസംഘടിതരായ തൊഴിലാളികൾക്ക് നിയമത്തിന്റെ സംരക്ഷണം നൽകി ന്യായമായകൂലി ഉറപ്പുനൽകുകയെന്നുള്ളതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള തൊഴിലാളികൾക്ക് അത് കേരളത്തിലായാലും കർണ്ണാടകയിലായാലും തമിഴ് നാട്ടിലായാലും അതിന്ന് സംരക്ഷണവ്യവസ്ഥ ഉണ്ടാകണം. ആ ബാദ്ധ്യത ഏററെടുക്കാൻ കേന്ദ്രഗവൺമെന്റിനാണ് ഉത്തരവാദിത്വമുള്ളതെങ്കിൽ അതിന് കേന്ദ്രഗവൺമെന്റിനെ നിർബന്ധിക്കാൻ സംസ്ഥാനഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഇൻഡസ്ട്രിയൽ റിലേഷൻസ് ബില്ലിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പി. ബി. ആർ. പിള്ള വളരെ ദീർഘമായി തൊഴിൽവകുപ്പിനെപ്പററി സംസാരിച്ചു കേട്ടു. ഈ രാജ്യത്തെ തൊഴിലാളികൾ യോജിച്ചുനിന്നുകൊണ്ട് നടത്തിയ സമരങ്ങളുടെ ഫലമായി അവർ നേടിയെടുത്തതാണ് സമരംചെയ്യാനും സംഘടിക്കാനും ഉള്ള അവകാശം. അതിനെതിരെ കേന്ദ്രഗവൺമെന്റ് കത്തിവെച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിൽ ഇൻഡ്യയിലെ ആകെ തൊഴിലാളികൾ ഒരുമിച്ച് പ്രക്ഷോഭണം ആരംഭിച്ചിരിക്കുകയാണ്. അത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് മുമ്പോട്ടുപോകാനാണ് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ആ ജനതാഗവൺമെന്റിന് പിൻബലം നൽകുന്ന പി. ബി. ആർ. പിള്ള ആണ് ഇവിടെ വന്നുനിന്നുകൊണ്ട് സംസ്ഥാനഗവൺമെന്റിനെ വിമർശിച്ചുകൊണ്ട് സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ രാജ്യത്ത് ജലസേചനപദ്ധതികൾ പ്രധാനമായും കാർഷികമേഖലയെ ലാക്കാക്കിയാണ് ആരംഭിച്ചിട്ടുള്ളത്. പ്രധാനമായും നെൽകൃഷിയെയാണ് ലാക്കാക്കിയിട്ടുള്ളത്. ഇന്ന് ഇൻഡ്യ ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഏറെക്കുറെ സ്വയം പര്യാപ്തത നേടിയിട്ടുണ്ടെന്നാണ് പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നെൽകൃഷി ലാഭകരമായി നടത്താൻ സാധിക്കുന്നില്ല. അതേസമയം നാണ്യവിളകൾ മെച്ചപ്പെടുത്താൻ കഴിയുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ട്. നമ്മുടെ നാണ്യവിളകൾ മെച്ചപ്പെടുത്താൻ ഉപകരിക്കത്തക്കവിധത്തിൽ ഇറിഗേഷൻ പദ്ധതികൾ വിപുലപ്പെടുത്തുകയും അങ്ങനെ തെങ്ങിനായാലും, കമുകിനായാലും മററു മേഖലകളിലും നാണ്യവിളകൾക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഇറിഗേഷൻ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് ഇറിഗേഷൻ പദ്ധതികൾക്ക് പണമില്ലാതെ ഞെരുങ്ങുന്നുണ്ടെന്നാണ് പറയുന്നത്. നാണ്യവിളകൾക്കു കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ലോകബാങ്ക്പോലെയുള്ള ധനസഹായഏജൻസികളിൽനിന്നും ധനസഹായം ആർജ്ജിക്കാൻ കഴിയും. അത്തരം മേഖലകളിൽനിന്നും ധനസഹായം ആർജ്ജിക്കാൻ ശ്രമിക്കണം. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ലെഫ്ററ് ബാങ്കുകനാലിന്റെ പ്രവർത്തനം ഈ രീതിയിൽ നാണ്യവിളകൾക്ക് പ്രാധാന്യം നൽകി പ്ലാൻ ചെയ്ത് എത്രയും വേഗം ആരംഭിച്ചുകൊണ്ട് മുമ്പോട്ടുപോകണമെന്നാണ് എനിക്കു പറയാനുള്ളത്. ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തൊഴിൽമേഖലയെക്കുറിച്ച് ഇവിടെ പല മെമ്പറൻമാരും സംസാരിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ ആ വിഷയത്തിലേക്കു കടക്കുന്നില്ല. തിരുവനന്തപുരം ജില്ലയുടെ നേർക്ക് വളരെയധികം അവഗണന കാണിക്കുന്ന ഇറിഗേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1965-ലെ കണക്ക് അനുസരിച്ച് കേരളത്തിലെ ഇറിഗേഷൻ പൊട്ടൻഷ്യൽ 1.5 ദശലക്ഷം ഹെക്ടർ ആണ്. വൻകിട പദ്ധതികൾ മുഖേന 0.6 ദശലക്ഷം ഹെക്ടർ, ചെറുകിട ജലസേചനം വഴി 0.9 ദശലക്ഷം ഹെക്ടർ. ചെറുകിട ജലസേചന രംഗത്ത് ഇറിഗേഷൻ പെർഫോർമെൻസ് ബഡ്ജററിൽ 300 ലക്ഷത്തിൽകൂടുതൽ രൂപ ചെലവാക്കുമ്പോൾ തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി ചെലവഴിക്കുന്നത് വെറും 6 ലക്ഷം രൂപ മാത്രമാണ്. എറണാകുളത്ത് 79 ലക്ഷം രൂപയും പാലക്കാട് 35 ലക്ഷം രൂപയും ചെലവഴിക്കുമ്പോൾ തിരുവനന്തപുരത്തു ചെലവഴിക്കുന്നത് വെറും 6 ലക്ഷം രൂപമാത്രമാണ് ഈ വിവേചനം ശരിയല്ല. വൻകിട ജലസേചന പദ്ധതികൾ തിരുവനന്തപുരം ജില്ലയിൽ ഇല്ലാ എന്നുള്ളതാണ് സത്യം. നെയ്യാർ ഇറിഗേഷൻ പ്രോജക്ട് ഒരു മീഡിയം പ്രോജക്ട് ആണ്. അതിൽ പോരായ്മകളുണ്ട്. അപ്പർ ഇറിഗേഷൻ സിസ്ററവും അപ്പർ ഡാമും ലിഫ്ററ് ഇറിഗേഷനും വേണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു തുടങ്ങിയിട്ട് വളരെക്കാലമായി. 1958-ൽ ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിച്ച "Water Resources of Kerala" എന്ന പുസ്തകത്തിൽ അപ്പർ ഡാമിന്റെ ആവശ്യകതയെക്കുറിച്ചും ലിഫ്ററ് ഇറിഗേഷന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അണക്കെട്ട് താണ ലെവലിൽ ആയതുകൊണ്ട് പല കനാലുകളും കിണറുകളെക്കാൾ താഴ്ന്നു പോകുന്നുണ്ട്. റിസർവോയറിനു ഫ്ളഡ് കൺട്രോളിന്റെ ഇഫക്ട് തീരെ ഇല്ല എന്നുള്ളതാണ് സത്യം. രണ്ടുദിവസം മഴ പെയ്തുകഴിഞ്ഞാൽ അണ

LIBRARY ARCHIVES Kerala Legislative Assembly

ക്കെട്ടിൽ നിന്നും വെള്ളം നദിയിലേക്കൊഴുകി വെള്ളപ്പൊക്കത്തിന്റെ കെടുതികളാണുണ്ടാകുക. ശരിക്ക് 6 മാസംപോലും ജലം കൊടുക്കുവാനുള്ള ശേഷി ഈ പദ്ധതിക്കില്ലാ എന്നുള്ളതാണ് സത്യം. ഈ പദ്ധതി കൊണ്ട് നാട്ടുകാർക്കു പ്രയോജനമുണ്ടാകണമെങ്കിൽ ശരിക്കും ഈ കനാലിൽ നിന്നും വെള്ളം ഉയർന്ന പ്രദേശങ്ങളിലേക്ക് കൊടുക്കുന്നതിനാവശ്യമായ ലിഫ്റ്റ് ഇറിഗേഷനും തുടർച്ചയായി വെള്ളം സപ്ലൈ ചെയ്യത്തക്കവണ്ണം സംഭരണിയുടെ ശേഷിയും വർദ്ധിപ്പിക്കുവാൻ വേണ്ടി അപ്പർ ഡാം കെട്ടേണ്ടത് വളരെ അത്യാവശ്യമാണ്. അതിനുവേണ്ടി വളരെക്കാലംകൊണ്ടേ ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എസ്റ്റിമേററ് കമ്മിററി ഈ പ്രശ്നം പഠിക്കുകയും ശുപാർശചെയ്യുകയും ചെയ്തിട്ടുണ്ട്. അപ്പർ ഡാം കെട്ടേണ്ടതിന്റെ ആവശ്യകത എസ്റ്റിമേററ് കമ്മിററി വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നിട്ടും അതിനുവേണ്ട തുക ഈ ബഡ്ജററിൽ കൊള്ളിച്ചു കാണുന്നില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ പാർപ്പിട പ്രശ്നം ഒരളവുവരെയെങ്കിലും പരിഹരിക്കുവാൻ വേണ്ടി വലുതും ചെറുതുമായിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുള്ള ഭവനനിർമ്മാണവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. എം. കെ. രാഘവനെ ആത്മാർത്ഥമായി അഭിനന്ദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ദുർബല ജനവിഭാഗങ്ങൾക്കും കുടികിടപ്പുകാർക്കും മിച്ചഭൂമി ലഭിച്ചിട്ടുള്ളവർക്കും കർഷകത്തൊഴിലാളികൾക്കുംവേണ്ടി 3,75,000 വീടുകൾ 127 കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ഈ ദുർബലജനവിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും കൂടി ലഭ്യമാക്കുവാൻ സാധിക്കത്തക്ക വിധത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഭവനനിർമ്മാണത്തിനുവേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഹൗസിംഗ് ബോർഡ്, ഫിനാൻഷ്യൽ കോർപ്പറേഷൻ, ഫിഷറീസ് കോർപ്പറേഷൻ, ഹരിജൻ വെൽഫയർ കോർപ്പറേഷൻ, എൻ.ഇ.എസ്. ബ്ളോക്കു തുടങ്ങിയുള്ള സ്ഥാപനങ്ങൾ വഴിയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുന്നത്. ഇതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി ഇതെല്ലാംകൂടി ഏകീകരിച്ചുകൊണ്ട് ഹൗസിംഗ് കമ്മീഷണറുടെ കീഴിൽ കൊണ്ടുവരണം.

ജലസേചനത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ വടക്കൻ പ്രദേശങ്ങളിൽ അത്യാവശ്യം വേണ്ട പദ്ധതികളാണ് കാക്കടവ്., പഴശ്ശിനി, മൂന്നാംകടവ് പദ്ധതികൾ. ഈ വർഷം കാക്കടവ് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനമെടുത്തതിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അതിനുവേണ്ടി കൂടുതൽ പണം നീക്കിവയ്ക്കാനുള്ള സൻമനസ് ഗവൺമെന്റിനുണ്ടാകണം. അതുപോലെതന്നെ ഇൻവെസ്ററിഗേഷൻ ആയിട്ടുള്ളതായ മൂന്നാംകടവ് പദ്ധതിയും പഴശ്ശിനി പദ്ധതിയും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് ആവശ്യമായ പണം സമ്പാദിച്ച് അത് നടപ്പിൽവരുത്തണം.

ആന്റി സീ ഇറോഷൻ പ്രവർത്തനത്തിൽ ഇന്ന് ധാരാളം അഴിമതി നടക്കുന്നുണ്ട്. ഇഞ്ചിനീയറൻമാർ അളന്ന് മാർക്കുചെയ്തിട്ടുള്ള കല്ലുകൾ തന്നെയാണ് ഇഞ്ചിനീയറൻമാർ പോയിക്കഴിയുമ്പോൾ വീണ്ടും ഉപയോഗി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. അതായത് ഇഞ്ചിനീയറൻമാർ പോയിക്കഴിയുമ്പോഴാം കോൺട്രാക്ടർമാർ അതേ കല്ല് വീണ്ടും അളപ്പിക്കുവാനുള്ള പ്രവണതയാണ് കാണിക്കുന്നത്. ഈ പ്രവണത അവസാനിപ്പിക്കണം. അതിനുവേണ്ടി ഈ പണി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇതിനെക്കുറിച്ച് ഇവിടെ പ്രതിപക്ഷത്തുള്ള അംഗങ്ങളും ഭരണപക്ഷത്തുള്ള അംഗങ്ങളും സംസാരിച്ചുകേട്ടു. അതുകൊണ്ട് കൂടുതൽ സംസാരിക്കണമെന്ന ആഗ്രഹം ഇല്ല. ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും അവരുടെ പ്രസംഗത്തിന്റെ ആദ്യം കേന്ദ്രവിരുദ്ധ ആക്രോശമാണ് നടത്തിയത്. രണ്ടാമതു കേരള ഗവൺമെന്റിനെക്കുറിച്ച് ആലാപനം നടത്തി. പൂച്ചെണ്ടും മാലയും നൽകി. അവസാനം ആത്മാലാപനം. ഈ ഒരു പാറേറൺ ആണ് കണ്ടത് ''ഉണ്ണിയുടെ ഊരു കണ്ടാൽ അറിയാം ഊരിലെ പഞ്ഞം'' എന്ന് ഒരു ചൊല്ലുണ്ട്. ഒരു കാര്യം പറയട്ടെ. ഈ സംസ്ഥാനത്തെ എൻ. ജി. ഒ. മാരും അദ്ധ്യാപകരും അവരുടെ ആവശ്യങ്ങൾ പറഞ്ഞാൽ അത് കേൾക്കാൻ തയ്യാറാകുമോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് നിങ്ങൾക്കുള്ളതെല്ലാം ചന്ദ്രഭാനു കമ്മീഷൻ പറഞ്ഞിട്ടുണ്ട്, ഞാൻ ചെയ്തിട്ടുണ്ട്. വേണമെങ്കിൽ വാങ്ങിച്ചോ ഇനി നിങ്ങളെ വിളിക്കുവാനും സംസാരിക്കുവാനും തയ്യാറില്ല എന്നാണ്. കൺസിലിയേഷനു മുതലാളിമാർ വരുന്നില്ല. മന്ത്രിമാർ വിളിച്ചാൽ വരില്ല. ഉദ്യോഗസ്ഥൻമാർ വിളിച്ചാൽ വരില്ല. മുഖ്യമന്ത്രി ഈ നില എടുത്താൽ എങ്ങനെയാണ് വരിക? ഇത് നമ്മുടെ, തൊഴിൽനയത്തിന് എതിരാണ്. എന്തെങ്കിലും ഒരു പ്രശ്നം എൻ. ജി. ഒ. മാർക്കോ അദ്ധ്യാപകർക്കോ ഉണ്ടായാൽ അതേപ്പററി അവരെ വിളിച്ച് അവരുമായി ചർച്ച ചെയ്യണം. അവർക്കു പറയാനുള്ളതു കേൾക്കണം. ഇവിടെ എന്തു പറഞ്ഞാലും കേന്ദ്രത്തിന് എതിര്. ബോണസിന്റെ കാര്യം പറഞ്ഞു. ഭൂതലിംഗം കമ്മീററിയോ മററു കമ്മിററികളോ കേന്ദ്രം കൊണ്ടുവരുന്നതിൽ തെററ് ഉണ്ടെങ്കിൽ അതിനെ എതിർക്കുവാനുള്ള അവസരം ഇന്ന് നമുക്കുണ്ട്. എതിർക്കേണ്ടതിനെ എതിർക്കുകയും ചെയ്യുന്നുണ്ട്. എട്ടും മൂന്നിലൊന്നു ശതമാനം ബോണസ് ശ്രീമതി ഇന്ദിരാഗാന്ധി എടുത്തുകളഞ്ഞപ്പോൾ അത് വേണമെന്നാവശ്യപ്പെടാൻ നിങ്ങൾക്കുകഴിഞ്ഞോ? അതിനു കഴിവില്ലാത്ത നിങ്ങളാണ് ഇവിടെ പലതും പറയുന്നത്. ഞാൻ ആ വക കാര്യങ്ങളെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല.

ജിയോനോവാല കമ്പനി പൂട്ടിയിട്ടിരിക്കുന്നു. കേന്ദ്രമന്ത്രി പറയുന്നു, സംസ്ഥാന ഗവൺമെന്റിന്റെ റിപ്പോർട്ട് കിട്ടിയാൽ വേണ്ടതു ചെയ്യാമെന്ന്. അതിനു കേന്ദ്രം എതിരാണോ ? അതുപോലെ തൊഴിൽരംഗത്ത് നൂറു നൂറു കാര്യങ്ങളുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. രാജ്യത്തെ കാർഷിക മേഖലയിൽ വെളിച്ചമുണ്ടാക്കുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. ഇറിഗേഷനുവേണ്ടി ധാരാളം പണം ഇന്നും ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്.

ഓരോ കൊല്ലവും മണ്ണ് ഇടിഞ്ഞുവീഴുന്നതുകൊണ്ട് വെള്ളം കെട്ടി നിറുത്തുവാൻ കഴിയാത്തതുകൊണ്ട് പതിനായിരക്കണക്കിനു കൃഷിക്കാർക്ക് പുഞ്ചകൃഷി ചെയ്യാൻ കഴിയുന്നില്ല. അടിസ്ഥാനപരമായ പല കാര്യങ്ങളുമുണ്ട്. കോടിക്കണക്കിനു രൂപ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴി

2/470—25

LIBRARY ARCHIVES Kerala Legislative Assembly

യാത്തതിന്റെ ഫലമായി ലാപ്സായിപ്പോവുകയാണ്. മൈനർ ഇറിഗേഷനുവേണ്ടി കോടിക്കണക്കിനു രൂപ തന്നിട്ടുണ്ട്. അത് ഉപയോഗിക്കുവാൻ കഴിയാതെ ലാപ്സായിപ്പോവുകയാണ്. കേന്ദ്രമാണോ ഇതിനുത്തരവാദി. വാട്ടർ റിസോഴ്സസ് മാനേജ്മെന്റിനെക്കുറിച്ചു പറഞ്ഞു. ഇതൊക്കെ തുടങ്ങുന്നതേയുള്ളു. കോടിക്കണക്കിനു രൂപയാണ് ലാപ്സായിപോകുന്നത്. രണ്ടുകൊല്ലത്തിനു മുമ്പ് മദിരാശി, ആന്ധ്ര, കർണ്ണാടകം തുടങ്ങിയ ഗവൺമെന്റുകൾ 36, 46, 36 കോടി രൂപവീതം പാർപ്പിട സൗകര്യങ്ങൾക്ക് വാങ്ങിച്ച അവസരത്തിൽ ഇവിടത്തെ ഗവൺമെന്റിനു ഒരു നയാപൈസപോലും വാങ്ങിക്കാൻ കഴിഞ്ഞില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഈ കാര്യത്തെക്കുറിച്ച് പറഞ്ഞ അവസരത്തിൽ പത്തു പന്ത്രണ്ടു കോടി രൂപ കിട്ടി. കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും കോടിക്കണക്കിനു രൂപ തരാൻ തയ്യാറാണ്. ഉപയോഗിക്കാൻ തയ്യാറുണ്ടോ എന്നു അവർ ചോദിക്കുന്നു. ഹൗസിംഗ് ബോർഡിലെ കാര്യത്തെപ്പറ്റി പറഞ്ഞു. 1964-ൽ ടെമ്പിൾ വ്യൂ സ്കീമിനുവേണ്ടി സ്ഥലമെടുത്തു. അതു കഴിഞ്ഞ് നാലുകൊല്ലം കേസ്സായി. 1975-ൽ കേസ് കഴിഞ്ഞപ്പോൾ ആദ്യം എടുത്ത സംഖ്യയേക്കാൾ കൂടുതൽ സംഖ്യ കൊടുക്കേണ്ടിവന്നു. അതുകഴിഞ്ഞ് ഇതുവരെയും 33 വീടുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള കാലതാമസം എന്താണ്. ഹൗസിംഗ്ബോർഡ് അന്ന് ചെറിയ ഒരു സ്ഥാപനമായിരുന്നു. ഇന്ന് കോടിക്കണക്കിനു രൂപ കൈകാര്യം ചെയ്യുന്ന ആ സ്ഥാപനം കുത്തഴിഞ്ഞു കിടക്കുകയാണ്. ഫയലുകൾ ഇല്ല. അടിയാധാരമോ മററ് രേഖകളോ ഒക്കെ ലോൺ കിട്ടിയ ആളുകൾ അക്നോളെജ്മെന്റ് ഡ്യൂ ആയി അയച്ചാൽ അവർക്കു മടക്കിക്കിട്ടുന്നില്ല. അടിയാധാരവും രേഖയും കാണാതാകുന്നു. എത്ര രൂപ അടയ്ക്കണം, ഏതു സമയത്തു അടയ്ക്കണമെന്നു ചോദിച്ചാൽ അറിയുകയില്ല. ഹൗസിംഗ് ബോർഡിൽനിന്ന് ഒരു അലോട്ടിയ്ക്കയച്ച കത്ത് ആണ് ഇത്. നിങ്ങൾ ഈ ബോർഡിലേയ്ക്കു തരേണ്ട ബാക്കി സംഖ്യ ഉടനേ അയയ്ക്കേണ്ടതാണ്. നിങ്ങൾ എത്ര രൂപയാണ് ഇവിടെ അടച്ചിട്ടുള്ളതെന്നുള്ളതിന് രസീതുകൂടി കൊണ്ടുവരേണ്ടതാണ്. ഇയാൾ എത്ര അടയ്ക്കണം, ഇയാൾ എത്ര രൂപ അടച്ചു എന്നുള്ളതിനെപ്പററിയുള്ള വിവരമൊന്നും ഹൗസിംഗ് ബോർഡിനില്ല. ഫയലുകൾ ഇല്ല. അക്കൗണ്ടു ഇല്ല. ഇയാൾ പണ്ടു അടച്ച രസീതുകൂടി കൊണ്ടുകാണിച്ചിട്ട് അതു കണക്കുകൂട്ടിയിട്ടുവേണം ബാക്കി എത്രയാണെന്നു കണ്ടുപിടിക്കാൻ. ഹൗസിംഗ് ബോർഡിലെ ഈ സമ്പ്രദായം മാററണം. അതുപോലെതന്നെയാണ് ഫ്ളഡ് കൺട്രോളിന്റെ കാര്യം. ഫ്ളഡ് കൺട്രോളിനുവേണ്ടിയുള്ള പണം ദുരുപയോഗപ്പെടുത്തുകയാണ്. കടലിൽ കല്ല് ഇടുന്നതിനുവേണ്ടി ധാരാളമായി പണം കിട്ടുന്നുണ്ട്. കടലിൽ കല്ലിട്ട് ചിലരെല്ലാം ഇന്ന് കോടീശ്വരസ്ഥാനത്തിൽ എത്തിക്കഴിഞ്ഞിരിക്കുകയാണ്. ചിലർ എല്ലാം എസ്റേററ് ഉടമകളായി തീർന്നിട്ടുണ്ട്. കോടിക്കണക്കിനു രൂപ ദുരുപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് അന്വേഷിക്കണം. കേന്ദ്രത്തെക്കുറിച്ചുള്ള ആക്രോശം മാററിവച്ചിട്ട് കിട്ടിയ പണം മര്യാദയ്ക്ക് ഉപയോഗിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അദ്ധ്യാപകൻമാരുടെ പ്രതിനിധികളുമായി സംസാരിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. അതിനുവേണ്ടി തൊഴിൽമന്ത്രി ഉപദേശിക്കണമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ ശ്രീമാൻ. പി. ബി. ആർ. പിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ഹൗസിംഗ് ബോർഡ് നന്ദാവനത്ത് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ്

LIBRARY ARCHIVES Kerala Legislative Assembly

എൻ. ഇ. ബലറാമിന്റെ പുത്രി ഗീതയ്ക്കും ശ്രീ. വെളിയം ഭാർഗ്ഗവനും അനർഹമായി പ്ലോട്ടുകൾ അനുവദിച്ചുകൊടുത്തു. ഇത് അഴിമതി അല്ലേയെന്ന് ചോദിച്ചു. ശ്രീമാൻ പി. ബി. ആർ. പിള്ള വസ്തുതകൾ മനസ്സിലാക്കാതെയാണ് സംസാരിച്ചത്. അദ്ദേഹം ഈ സഭയിൽ ഹാജരായിട്ടില്ലെങ്കിൽതന്നെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകർ അദ്ദേഹത്തെ വിവരം അറിയിക്കുന്നതിനുവേണ്ടി സത്യാവസ്ഥ പറയാനാഗ്രഹിക്കുകയാണ്. ബലറാമിന്റെ പുത്രി ഗീതയ്ക്കോ വെളിയം ഭാർഗ്ഗവനോ ഇവിടെ പ്ലോട്ടുകളില്ല. ബലറാമിന്റെ ഭാര്യ ഹൗസിംഗ് ബോർഡിലെ ജീവനക്കാരിയാണ്. വെളിയം ഭാർഗവന്റെ ഭാര്യ സുനിതയും അവിടത്തെ ഒരു ജീവനക്കാരിയാണ്. ഹൗസിംഗ് ബോർഡിന്റെ ചെയർമാന് മൊത്തം പ്ലോട്ടിൽ പത്തുശതമാനം ഇഷ്ടമുള്ള ആളുകൾക്ക് കൊടുക്കാൻ അവകാശമുണ്ട്. എന്നാൽ ആ പത്തു ശതമാനത്തിലുമല്ല ഇവർക്കു കൊടുത്തിരിക്കുന്നത്. ഇത് ഓപ്പൺ ക്വാട്ടയിൽ നറുക്കിട്ടാണ് കിട്ടിയിട്ടുള്ളത് എന്ന് ഞാൻ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ പ്രസംഗംകേട്ട് തെററിദ്ധരിക്കപ്പെട്ടിട്ടുള്ള നിയമസഭാ സാമാജികൻമാരേയും അറിയിക്കാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം പരസ്യമായി ഈ പ്രസ്താവന പിൻവലിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വെളിയം ഭാർഗ്ഗവന്റെ ഭാര്യ കൊട്ടാരക്കര ഹൈസ്കൂളിലെ ടീച്ചറാണ്.

ശ്രീ. സി. എ. കുര്യൻ: വെളിയം ഭാർഗ്ഗവന്റെ ഭാര്യ ഹൈസ്കൂൾ ടീച്ചറാണ്. ബലറാമിന്റെ ഭാര്യ ഹൗസിംഗ് ബോർഡിലെ ജീവനക്കാരിയാണ്. ഓപ്പൺ ക്വാട്ടയിൽ നറുക്കിട്ടാണ് അവർക്കു കിട്ടിയിട്ടുള്ളത്. അതിനകത്ത് അഴിമതിയില്ല, അഴിമതിയുടെ മണം പോലുമില്ല. അതുകൊണ്ട് ഈത്തരം പ്രസ്താവന നടത്തിയ പി. ബി. ആർ. പിള്ള അത് ഏറ്റെടുത്തമിട്ടുകൊണ്ട് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: അഴിമതിക്ക് മണമാണോ ദുർഗന്ധമാണോ ഉള്ളത്?

ശ്രീ. സി. എ. കുര്യൻ: സത്യാവസ്ഥ മനസ്സിലാക്കണമെന്നേയുള്ളു. സമയമില്ലാത്തതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല. ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം ഇവിടെ ചില വിമർശനങ്ങളുണ്ടായി. ഹൗസിംഗ് ബോർഡിന്റെ പ്രഖ്യാപിത ലക്ഷ്യമനുസരിച്ച് ഗവൺമെന്റിൽനിന്നും കിട്ടുന്ന പണം ദുരുപയോഗപ്പെടുത്തിയെന്ന് നിയമസഭാ സാമാജികൻമാർ പറഞ്ഞു. ചെങ്കൽചൂളയിൽപോയി നോക്കിയാൽമതി ആ പണം എങ്ങനെ ഉപയോഗിച്ചുവെന്ന് കാണാൻ കഴിയും. നമ്മുടെ സമുദായത്തിലെ താഴെക്കിടയിലുള്ള ആളുകൾക്ക് പീഡികത്തിണ്ണയിൽ കിടന്ന് ഉറങ്ങിയവർക്ക് സുഖമായി കിടക്കാനുള്ള കെട്ടിടം ഉണ്ടാക്കിക്കൊടുത്തു. ഇത് അഴിമതിയാണെന്ന് എനിക്കു തോന്നുന്നില്ല. നേരത്തേ പ്രഖ്യാപിച്ചതനുസരിച്ച് വർക്കിംഗ് ജേർണലിസ്റ്റിന് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയുണ്ടായിരുന്നു. തിരുവനന്തപുരത്തും കോട്ടയത്തുമൊക്കെ നടപ്പാക്കുമെന്നു പറഞ്ഞു. ഭൂമിയുള്ളവരെ സംബന്ധിച്ചിടത്തോളം അവർക്ക് മുപ്പതിനായിരം രൂപ ഗ്രാന്റ് കൊടുക്കുമെന്ന് പറഞ്ഞു. പക്ഷേ ഇതുവരെ അത് നടപ്പാക്കിയിട്ടില്ല. ഉദ്യോഗസ്ഥൻമാർ ഈ സ്കീമിനെ പരാജയപ്പെടാത്താൻ ശ്രമിക്കുന്നുവെന്ന് സാർവത്രികമായ ആരോപണമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതെക്കുറിച്ച് അന്വേഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും നേരത്തെ നടത്തിയ പ്രഖ്യാപനം അനുസരിച്ച വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ആവശ്യമായിട്ടുള്ള രീതിയിൽ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നടപ്പാക്കണം. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വരാൻപോകുന്ന കാലഘട്ടം പണിമുടക്കേണ്ട കാലഘട്ടമാണ്. ആർക്കും താങ്ങിനിർത്താൻ കഴിയുകയില്ല. റെയിൽവേ തൊഴിലാളികൾക്ക് ബോണസ് വാങ്ങിക്കൊടുക്കുമെന്ന് പറഞ്ഞിരുന്നു. റെയിൽവേ തൊഴിലാളികൾക്ക്, ഡിഫൻസ് സർവ്വീസിലെ തൊഴിലാളികൾക്ക് എല്ലാം തന്നെ ബോണസ് കൊടുക്കുമെന്ന് പറഞ്ഞിരുന്നു. അധികാരത്തിൽ കയറുന്നതിനുമുമ്പ് ആണയിട്ട് പത്തുപ്രാവശ്യം പറഞ്ഞിരുന്നു. പക്ഷെ ഇപ്പോൾ ബോണസ് ഇല്ല. അതുകൊണ്ട് റെയിൽവേ തൊഴിലാളികൾ സമരം ചെയ്യാൻപോവുകയാണ്. അടുത്ത ഏതാനം മാസങ്ങൾക്കുള്ളിൽ റെയിൽവേയിലെ സകല തൊഴിലാളികളും ഒന്നിച്ചുനിന്നുകൊണ്ട് രാജ്യവ്യാപകമായി സമരം ചെയ്യാൻ പോവുകയാണ്. ഇൻഡ്യയൊട്ടാകെയുള്ള റെയിൽവേ ജീവനക്കാരും, ഓട്ടുതൊഴിലാളികളും ബീഡിതൊഴിലാളികളും ഡിഫൻസ് സർവ്വീസിലെ തൊഴിലാളികളും വർഷങ്ങൾക്കുമുമ്പ് ഉന്നയിച്ചിരുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ജനതാ ഗവൺമെൻറിൻെറ തെററായ നയം തിരുത്തുന്നതിനുവേണ്ടി സമരം ചെയ്യാൻ പോവുകയാണ്. ഈ അവസരത്തിൽ ശങ്കരൻകുട്ടിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഒരാളുടെ പോക്കററടിച്ചുകഴിഞ്ഞാൽ കുററകരമാണ്, ജയിലിൽ അടയ്ക്കും. നിയമപുസ്തകത്തിൽ പോക്കററടിക്കുന്നത് തെററാണ്. എന്നാൽ ഇൻഡ്യയിൽ ആദ്യമായി ലോകത്തിലാദ്യമായി തൊഴിലാളികളുടെ പണിമുടക്ക് കുററകരമായ പ്രവർത്തിയായിട്ട് നിയമ പുസ്തകത്തിൽ എഴുതിവയ്ക്കാൻ പോകുന്ന ജനതാ ഗവൺമെൻറിൻെറ തെററായ നയത്തിനെതിരായി സാർവത്രികമായ പ്രക്ഷോപണം രാജ്യത്തിൻെറ എല്ലാ ഭാഗത്തും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. എല്ലാവിഭാഗം തൊഴിലാളി പ്രവർത്തകരും ആ സമരത്തിൻെറ കൂടെ ഉണ്ടാകുമെന്ന ഉറപ്പുണ്ട്. ഇതിൻെറ പശ്ചാത്തലത്തിൽ വേണം കേരളാ ഗവൺമെൻറ് തൊഴിലാളികളോട് എടുക്കുന്ന സമീപനത്തെപ്പററി പരിശോധിക്കാൻ.

ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. ഈ രാജ്യത്തിലെ തൊഴിലാളികൾക്ക് അറിയാം. ബോണസ് ഇല്ലെന്നു പറഞ്ഞ അവസരത്തിൽ, അടിയന്തിരാവസ്ഥക്കാലത്തുപോലും മററ് സംസ്ഥാനങ്ങളിൽ ബോണസ് നൽകാതിരുന്നപ്പോൾ ഇവിടത്തെ തൊഴിലാളികൾക്ക് നിർബന്ധമായി എട്ടും മൂന്നിലൊന്ന് ശതമാനം ബോണസ് കൊടുക്കണമെന്ന് പ്രഖ്യാപനം നടത്തിയ ഒരു ഗവൺമെൻറാണിത്. അടിയന്തിരാവസ്ഥക്കാലത്ത് കൊണ്ടുവന്ന ബോണസ് നിയമത്തിനകത്ത് നിയമമനുസരിച്ച് ബോണസ് കൊടുക്കാൻ വ്യവസ്ഥയില്ലെങ്കിൽ കൂടി ആ നിയമത്തെ മറികടന്നുകൊണ്ട് തൊഴിലാളികൾക്ക് എട്ടും മൂന്നിലൊന്ന് ശതമാനം ബോണസ് കൊടുക്കണമെന്ന് പ്രഖ്യാപിക്കുകയും കൊടുക്കുകയും ചെയ്ത ഒരു ഗവൺമെൻറാണ് ഇത്. ഈ ഗവൺമെൻറ് ഒരു വ്യവസായ ബന്ധബിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷേ കേന്ദ്രത്തിൽ ഒരു വ്യവസായ ബന്ധ ബിൽ കൊണ്ടുവരുന്നതുകൊണ്ട് അതു കണ്ടിട്ടാകട്ടെ എന്നു പറഞ്ഞു. കേന്ദ്രത്തിൽ കൊണ്ടുവരാൻപോകുന്ന വ്യവസായ ബന്ധ ബില്ലിനോട് സാർവ്വത്രികമായ എതിർപ്പുണ്ട്. അതിനെ എല്ലാ തൊഴിലാളി സംഘടനകളും എതിർത്തിരിക്കുന്നു. ഈ ഗവൺമെൻറ് പോലും എതിർത്തിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഈ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള ഒരു വ്യവസായബന്ധബിൽ അടിയന്തിരമായി കൊണ്ടുവരണമെന്ന്

ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കർഷകതൊഴിലാളികളെ സംബന്ധിച്ചിടത്തോളം കാർഷികതൊഴിലാളി നിയമത്തിനകത്ത് പ്രോവിഡൻറ് ഫണ്ട് നടപ്പാക്കിയിട്ടില്ല എന്ന് ഇവിടെ പറഞ്ഞു. ആ തത്വത്തിൻെറ അടിസ്ഥാനത്തിൽ ഒരു വെൽഫയർ ഫണ്ട് സ്കീം നടപ്പാക്കണമെന്ന് പല ബഹുജനസംഘടനകളും രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ കാർഷികതൊഴിലാളികൾക്ക് വെൽഫയർ ഫണ്ട് സ്കീമിൻെറ ആനുകൂല്യം കിട്ടത്തക്കവിധത്തിൽ ഒരു വെൽഫയർ ബോർഡ് രൂപീകരിക്കുകയും ആ സ്കീം നടപ്പാക്കുകയും വേണം. അതുപോലെതന്നെ നിലവിലുള്ള തൊഴിൽ നിയമങ്ങളനുസരിച്ച് ഒരു കാര്യവും ഇന്ന് ചെയ്യാൻ സാധിക്കുകയില്ല. സായിപ്പിൻെറ ഭരണകാലത്തുള്ള നിയമങ്ങളാണ് ഉള്ളത്. അതിൽ കാലോചിതമായ മാററങ്ങൾ വരുത്തണം. അതിനുവേണ്ടി ഗവൺമെൻറ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയാം. ഇത് പരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മിററിയെ നിയമിച്ചിരുന്നു, ആ കമ്മിററിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല. ആ കമ്മിററിയുടെ കാലാവധി നീട്ടാതെ എത്രയും വേഗം റിപ്പോർട്ട് വാങ്ങി നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇ. എസ്. ഐ. സ്കീമിൽപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകൊല്ലം മുതൽ ആയുർവേദ ചികിൽസക്കുകൂടി സഹായം ചില പ്രദേശങ്ങളിൽ കിട്ടുന്നുണ്ട്. അത് എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കണം. അതോടൊപ്പം ഈ സഹായം ഹോമിയോ ചികിൽസയ്ക്കുകൂടി കിട്ടത്തക്കരീതിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഫാക്ടറി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ആരോഗ്യസംരക്ഷണത്തെ പരിശോധിക്കാൻവേണ്ടി ലേബർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഒരു ജോയിൻറ് ഡയറക്ടർ ഉണ്ട്. അദ്ദേഹത്തിൻെറ കീഴിൽ കൊല്ലം, കോഴിക്കോട് കേന്ദ്രമാക്കി വനിതാ ഇൻസ്പെക്ടറസുമാരുണ്ട്. ഇവരെ കാണാനേയില്ല. ഇവർ ഫാക്ടറികളിൽ പോകാറുണ്ടോ? ഇവരെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്. പല ജില്ലകളും ഇവരുടെ അധികാരാതിർത്തിയിലാണ്. പക്ഷേ ഈ ഉദ്യോഗസ്ഥൻമാരെ തൊഴിലാളികൾ ഇതുവരെ കണ്ടിട്ടേയില്ല. കയർ വ്യവസായത്തിലെ തൊഴിലാളികൾക്ക് ജോലിയിൽനിന്നുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും മററു ചില കാര്യങ്ങളെക്കുറിച്ചും പരിശോധിക്കുന്നതിന് അഹമ്മദാബാദിലെ നാഷണൽ ഇൻസ്ററിററ്യൂട്ട് ഓഫ് ഒക്കുപ്പേഷണൽ ഹെൽത്ത് എന്ന സംഘടനയെ ചുമതലപ്പെടുത്തിയിരുന്നു. അതിൻെറ പ്രവർത്തനം എന്തായി, റിപ്പോർട്ട് കിട്ടിയോ എന്ന് വ്യക്തമാക്കണം. ലക്നോവിലെ ഇൻഡസ്ട്രിയൽ ടെക്സികോളജി സെൻററിനെ ഇതുപോലെ റബർ വ്യവസായത്തെക്കുറിച്ച് പഠിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. അത് എന്തായി എന്ന് അറിയണം. ആലുവ, ഏലൂർ ഭാഗത്തുള്ള വായു മലിനീകരണത്തെക്കുറിച്ച് പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ നാഗ്പ്പൂരിലുള്ള നീരി എന്ന സംഘടനയെ ചുമതലപ്പെടുത്തിയിരുന്നു. അതിൻെറ റിപ്പോർട്ട് കിട്ടിയോ, അതിൻെറ പ്രവർത്തനം എത്രത്തോളമായി എന്ന് പറയണം.

കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ആനുകൂല്യം നൽകണമെന്നുള്ളത് സഭ മൊത്തം അംഗീകരിച്ച ഒരു കാര്യമാണ്. ജോലിയില്ലാതെ കഷ്ടപ്പെടുന്ന കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ആനുകൂല്യം കിട്ടത്തക്ക രീതിയിൽ ക്ഷേമനിധി നിയമം ഉടൻതന്നെ കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാ ലേബർ വെൽഫയർ ഫണ്ട് നല്ലൊരു പരിപാടിയാണ്. ഇതുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പ്രയോജനമുണ്ട്. ലേബർ വെൽഫയർ ബോർഡിന്റെ ചെയർമാനായി ആരെ നിയമിക്കുന്നതിലും വിരോധമില്ല. പക്ഷേ തൊഴിലാളി പ്രസ്ഥാനവുമായി ബന്ധമുള്ള ആളായിരിക്കണം. ഇതിലെ അംഗങ്ങൾ മരണപ്പെട്ടാൽ 500 രൂപ കൊടുക്കാൻ ഇപ്പോഴുംതന്നെ വ്യവസ്ഥയുണ്ട്. ഇതൊരു നല്ല സ്കീമാണ്. ഇപ്പോൾ തൊഴിലാളികളിൽനിന്ന് പ്രതിവർഷം ഈടാക്കിവരുന്നത് ഒരു രൂപയാണ്. ആ ബോർഡിന്റെ പ്രവർത്തനം കുറേക്കൂടി ശക്തിപ്പെടുത്തണം. മരണപ്പെട്ടാൽ കൊടുക്കുന്ന സംഖ്യ 500 എന്നുള്ളത് ആയിരമാക്കി വർദ്ധിപ്പിക്കണം. ഒരു രൂപാ വിഹിതം പ്രതിവർഷമെന്നുള്ളത് രണ്ട് രൂപയാക്കിയാലും തരക്കേടില്ല. എന്തായാലും ഈ വെൽഫയർ ഫണ്ടിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വീടുകൾ, വൈദ്യസഹായം, ശുദ്ധജലം ഇവ ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്വം ഭൂ ഉടമകൾക്കാണ്. 1954-ലെ നിലവിലുള്ള പ്ലാന്റേഷൻ നിയമം ഇതുവരെ പല സ്ഥലത്തും നടപ്പിലാക്കിയിട്ടില്ല. പ്ലാന്റേഷൻ ലേബർ നിയമം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുണ്ടക്കയത്തെ റ്റി. ആർ. റ്റി. എസ്റ്റേറ്റിലെ തൊഴിലാളികൾ ഒരു സമരം നടത്തുകയുണ്ടായി. 80 ദിവസം നീണ്ടുനിന്ന മൂവായിരത്തോളം തൊഴിലാളികൾ പങ്കെടുത്ത ആ സമരത്തെ പുറകിൽനിന്ന് കുത്തിയത് ആരാണ്? അപ്പുറത്തിരിക്കുന്ന സി. ഐ. റ്റി. യു. നേതാക്കൻമാരാണ്. അവർ മാത്രമല്ല, കോൺഗ്രസ് (ഐ) നേതാക്കൻമാരുമുണ്ടായിരുന്നു. കഴിഞ്ഞ മാസം 17-ാം തീയതി ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് ലേബർ കമ്മീഷണർ ഒരു കോൺഫറൻസ് വച്ചു. 15-ാംതീയതി അർദ്ധരാത്രിയിൽ അവിടത്തെ തോട്ടമുടമകളുമായി യോജിച്ചുകൊണ്ട് യോജിച്ചുനടത്തിയ സമരത്തെ കുത്തിത്തകർക്കുന്നതിനുവേണ്ടി രണ്ടു യൂണിയനുകൾ ഒരു എഗ്രിമെന്റുണ്ടാക്കി. സി. ഐ. റ്റി. യു. നേതാക്കൻമാർക്ക് ഇത് അറിഞ്ഞുകൂടെ? നിങ്ങളുടെ പ്രഖ്യാപിത നയം ഇതാണോ? യോജിച്ച് നടത്തിയ സമരങ്ങളെ കോടാലികൊണ്ട് തല്ലിപ്പൊളിച്ചത് എന്തിനാണെന്നുള്ളത് നിങ്ങൾ അന്വേഷിക്കണം. ഞാൻ ഈ പറഞ്ഞത് തെളിയിക്കാൻ തയ്യാറാണ്, അല്ലെങ്കിൽ ഞാൻ നിയമസഭാംഗത്വം രാജിവയ്ക്കാം. തൊഴിലാളി പ്രസ്ഥാനങ്ങളുടെ യോജിച്ച സമരങ്ങളെ നിങ്ങൾ പുറകിൽ കുത്തുകയാണ് ചെയ്യുന്നത്. യോജിച്ച സമരങ്ങളെ തകർക്കുന്നതിനുവേണ്ടി മുതലാളിമാർക്ക് പാദസേവ നടത്തുകയല്ലേ നിങ്ങളുടെ തൊഴിൽ? അപ്പുറത്തിരിക്കുന്ന രണ്ട് പാർട്ടികളിലെ നേതാക്കൻമാർ ഈ യോജിച്ച സമരത്തെ തകർക്കുന്നതിനുവേണ്ടി മുതലാളിമാർക്ക് പാദസേവ നടത്തിയത് ഇന്ന് മുണ്ടക്കയം പ്രദേശത്ത് പാട്ടാണ്. അതേക്കുറിച്ച് അന്വേഷിക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. അതുപോലെ ബീഡിതൊഴിലാളികൾക്കുവേണ്ടി ഒരു വെൽഫയർ ബോർഡ് രൂപീകരിക്കണം.

മറെറാരുകാര്യം പറയാനുള്ളത്, കോളിയോട് സമരത്തെക്കുറിച്ചാണ് അവിടെ പോലീസ് ഇടപെട്ടത് തെററാണ്. തൊഴിലാളികൾ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്താൽ ആ സമരത്തിൽ പോലീസിനെ വിളിച്ചുവരുത്തി അടിച്ചമർത്തിക്കളയാമെന്നു വ്യാമോഹിച്ചാൽ സംഘടിത തൊഴിലാളി പ്രസ്ഥാനം അതിനെ എതിർക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സമരത്തിൽ പങ്കെടുത്ത തൊഴിലാളികളെ അറസ്ററുചെയ്ത് കൈവിലങ്ങുവച്ച് കൊണ്ടുപോയത് നിർഭാഗ്യകരമായ

LIBRARY ARCHIVES Kerala Legislative Assembly

സംഭവമാണ്. മുണ്ടക്കയത്തെ പല തോട്ടമുടമകാരക്കുംവേണ്ടി ഗവൺമെൻറിൻെറ പ്രഖ്യാപിത നയത്തിനുവിരുദ്ധമായി പോലീസുകാർ തൊഴിൽ സമരങ്ങളിൽ ഇടപെട്ട് സമരങ്ങളെ തകർക്കുന്നു. ഇത് സി. പി. യുടെ കാലത്തും ഇ. എം. എസ്.-ൻെറ കാലത്തും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ഇങ്ങനെ അനാവശ്യമായി തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെട്ടാൽ തെററായ പോലീസിൻെറ നടപടിക്കെതിരായി സംഘടിത തൊഴിലാളിവർഗ്ഗം ഒന്നിച്ചണിനിരന്നെങ്കിൽ മാത്രമെ കേരളത്തിലെ തൊഴിലാളികളുടെ യോജിച്ച ശബ്ദത്തിന് ഒരു രൂപം കൊടുക്കാൻ കഴിയുകയുള്ളു. അതിന് നിങ്ങളോട് എല്ലാവരോടും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ഇ. അഹമ്മദ്: മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ സർ, ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സംഘടിത തൊഴിലാളിവർഗ്ഗത്തിന് എല്ലാവർക്കും വേണ്ടത്ര പരിഗണനയും അവരുടെ ആവശ്യങ്ങരക്ക് അനുഭാവപൂർവ്വമായ പരിഗണനയും അംഗീകാരവും നൽകുന്ന ഒരു ഗവൺമെൻറ് തൊഴിൽ വകുപ്പിനുവേണ്ടി ധനാഭ്യർത്ഥനകളുമായി വരുമ്പോരം അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. പി. കെ. ശങ്കരൻകുട്ടി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഭരണകക്ഷി അംഗങ്ങളുടെ പ്രസംഗങ്ങളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അവർ കേന്ദ്രഗവൺമെൻറിനെ എതിർത്തതിലാണ് വലിയ വിമ്മിഷ്ടം കാട്ടിയത്. ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹവും അദ്ദേഹത്തിൻെറ പാർട്ടിക്കാരും പ്രതിപക്ഷ പാർട്ടികളിലെ മെമ്പർമാരും ഈ ഗവൺമെൻറിൻെറ നിലപാടിനെ നോക്കിക്കാണുന്നത് എങ്ങനെയാണ്? നിശ്ചയമായും ഗവൺമെൻറിൻെറ തെററുകുററങ്ങരം ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിൻെറ ചുമതലയാണ്. പക്ഷേ രചനാത്മകമായ വിമർശനങ്ങരക്കുപകരം നാശോന്മുഖമായ വിമർശനങ്ങരം നടത്തിയിട്ടില്ലേ? കേന്ദ്രഗവൺമെൻറ് തൊഴിലാളിവിരുദ്ധനയം കൈക്കൊള്ളുമ്പോരം അതേസംബന്ധിച്ച് പ്രധിഷേധ പ്രതികരണം രേഖപ്പെടുത്തേണ്ടത് ജനാധിപത്യ മര്യാദയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഒരു കടമയാണ്. അത് ഇവിടെ പ്രകടിപ്പിക്കുമ്പോരം ശ്രീ. പി. കെ. ശങ്കരൻകുട്ടിയും അദ്ദേഹത്തെപ്പോലുള്ള ആളുകളും അതിനെ എതിർക്കുന്നതിൻെറ കാരണം എന്താണെന്ന് മനസിലാകുന്നില്ല. ഇതുപറയുമ്പോരം എൻെറ ജില്ലയിലുള്ള ഒരു പഴയ പറച്ചിലിനെ കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. ഒരു അധികാരിയുടെ പശു അയൽവാസിയുടെ കിണററിൽ വീണതിനെക്കുറിച്ചാണ്. അധികാരിയുടെ പശു അയൽവാസിയുടെ കിണററിൽ വീണാലും കുററം അയൽവീട്ടുകാരനാണ്. കാരണം പറമ്പിന് വേലികെട്ടിയില്ല, കിണററിന് മറവില്ല. അയൽവാസിയുടെ പശു അധികാരിയുടെ വീട്ടിലെ കിണററിൽ വീണാലും ആ കുററം അയൽവാസിക്കാണ്. കാരണം അയൽവാസിയുടെ പശുവിനെ കെട്ടാതെ അഴിച്ചുവിട്ടിരുന്നു. അങ്ങനെ മേഞ്ഞുനടക്കാൻ പാടില്ല. അതുപോലെയാണ്. ശ്രീ. പി. കെ. ശങ്കരൻകുട്ടിയുടെ വാദം.

സർ, കേന്ദ്രഗവൺമെൻറ് തൊഴിലാളിവിരുദ്ധനയം നടപ്പിലാക്കാൻ ശ്രമിച്ചാൽ അതിനെ എതിർക്കാൻ പാടില്ല എന്നാണ് ഇൻഡസ്ട്രിയൽ റിലേഷൻ ബില്ലിൽ പറയുന്നത്. തൊഴിലാളികളുടെ കൂട്ടായി വിലപേശാനുള്ള അവകാശത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കാതിരിക്കും? അതുപോലെതന്നെ കേരള ഗവൺമെൻറ് ഇവിടത്തെ സംഘടിത തൊഴിലാളിവർഗ്ഗത്തിൻെറ എല്ലാ ആവശ്യങ്ങളേയും അനുഭാവപൂർവ്വം പരിഗണിക്കുന്നുണ്ട്. അതിനെ അനുകൂലിക്കാനൊട്ട് ശങ്കരൻകുട്ടിയെപ്പോലുള്ള ആളുകൾക്ക് സാധിക്കുന്നുമില്ല. എന്തിനേറെ പറയുന്നു, കേരളത്തെ മററ് സംസ്ഥാനങ്ങളുമായി താരതമ്യപെടുത്തി പരിശോധിക്കുമ്പോൾ കേരളത്തിലെ തൊഴിലാളികൾ വാസ്തവത്തിൽ അവരുടെ കൂട്ടായി വിലപേശാനുള്ള അധികാരം വിനിയോഗിക്കുകയും ആ അവകാശം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ജൻബാദിൽ ജനതാ പാർട്ടിയുടെ നേതാവായ സൂര്യദേവിനെ സംബന്ധിച്ച് കേൾക്കാത്തവർ തൊഴിലാളിരംഗത്തുണ്ടാകുമോ എന്ന് സംശയമാണ്. അൻപത്തേഴ് ട്രേഡ് യൂണിയൻ നേതാക്കൻമാരെ കൊലനടത്തിയെന്ന് അദ്ദേഹത്തിൻെറ പേരിൽ ആരോപണം ഉന്നയിച്ചു. അതിൽ ഏതാണ്ട് 18 കേസുകൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നും അദ്ദേഹം ജയിലറയിൽ കഴിഞ്ഞുകൂടുകയാണ്. ഇതിനെ എതിർക്കാൻ പാടില്ലേ, ഇതിനെ എതിർക്കേണ്ടതല്ലേ? എന്താണ് സർ മദ്ധ്യപ്രദേശിലുള്ളത്. മദ്ധ്യപ്രദേശിൽ തൊഴിലാളികളുടെ സമരം നിരോധിച്ചുകൊണ്ടുള്ള ഒരു മിനിമിസ അവിടെ നടപ്പിലാക്കിയിരിക്കുകയാണ്. തൊഴിൽ സമരം നടത്തുന്ന ആളുകളെ മൂന്നുമാസം വരെ ശിക്ഷിക്കാനുള്ള ഒരു ബില്ല് അവിടെ സർക്കുലേററുചെയ്തത് അവിടെ ഗവൺമെൻറ് നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: മദ്ധ്യപ്രദേശിൽ മിനിമിസ ശരിയല്ല. പക്ഷേ ഇവിടെ ഈ ഡൈസ്നോൺ എന്തിനാണ്?

ശ്രീ. ഇ. അഹമ്മദ്: ഡൈസ്നോണും മിനി മിസയും തമ്മിൽ താരതമ്യപ്പെടുത്തുന്ന രാഘവൻെറ ആ ഏർപ്പാട് എനിക്ക് മനസിലാകുന്നില്ല. ഡൈസ്നോൺ മിനി മിസയല്ല. മിനിമിസ ഒരു തൊഴിലാളിക്ക് പണിമുടക്കാനുള്ള അവകാശത്തിൻെറ നിഷേധമാണ്. തൊഴിലെടുക്കാത്ത ആളുകൾക്ക് ശമ്പളംകൊടുക്കാൻ പാടില്ല എന്നുപറയുന്നതും തൊഴിൽ മുടക്കുന്ന ആളുകളെ ജയിലിൽ ഇടണമെന്നുപറയുന്നതും തമ്മിൽ യാതൊരു താരതമ്യപഠനവുമില്ലെന്നു ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്. ഈ രാജ്യത്ത് ഈ കേരളത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ വളരെയേറെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സംഘടിത തൊഴിലാളിവർഗ്ഗത്തിന് പല ആനുകൂല്യങ്ങളും വകവച്ചുകൊടുത്തിട്ടുണ്ട്. അതേയവസരത്തിൽ കേന്ദ്രഗവൺമെൻറിൽ കേരളാ ഗവൺമെൻറ് സമ്മർദ്ദം ചെലുത്തേണ്ട ഒരു പ്രധാനകാര്യം ഇവിടെ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഇന്നത്തെ ബേസിക് സ്ട്രക്ചറിലുള്ള ഇംപാലൻസാണ്. കേരളത്തിൽ ഒരു തൊഴിലാളിക്കു കിട്ടുന്ന കൂലി എത്രയാണ്? അതേസമയം തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ്, ഇൻഡ്യയിലെ മററ് പ്രദേശങ്ങൾ ഇവിടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതിയെന്താണ്? അവർ ചൂഷണം ചെയ്യപ്പെടുകയാണ്. മനുഷ്യത്വരഹിതമായ നിലയിൽ അവരുടെ അദ്ധ്വാനം ഇവിടത്തെ മുതലാളിവർഗ്ഗത്തിനുവേണ്ടി ഗവൺമെൻറ് തണലിൽ ചൂഷണം ചെയ്യപ്പെടുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽകാര്യ മന്ത്രിയോട് ഈ സന്ദർഭത്തിൽ ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നത് ഈ വേജ് സ്ട്രക്ചറിലുള്ള റീജിയണൽ ഇംപാലൻസ് ഒഴിവാക്കാനായി മററു സംസ്ഥാന ഗവൺമെൻറുകളെ പ്രേരിപ്പിക്കാൻ കേന്ദ്രത്തിലെ തൊഴിൽകാര്യമന്ത്രിയോട് അഭ്യർത്ഥിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ശങ്കരൻകുട്ടി പറഞ്ഞു, കേന്ദ്രഗവൺമെന്റ് ഇൻഡസ്ട്രിയൽ റിലേഷൻസ് ബില്ല്. ഒന്നും പാസ്സാക്കിയിട്ടില്ലെന്ന്. അപ്പോൾ ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തോട് അനുഭാവമുള്ള ഒരു ഗവൺമെന്റാണ് കേന്ദ്രത്തിൽ ഉള്ളതെങ്കിൽ തൊഴിലാളികളുടെ വേജ് സ്ട്രക്ചറിലുള്ള ഇംപാലൻസ് ഒഴിവാക്കാൻ കേന്ദ്രഗവൺമെന്റ് മുതിരുമെന്ന് നമുക്ക് ആശിക്കാമല്ലോ. ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഈ കാര്യങ്ങൾകൂടി അദ്ദേഹത്തിന്റെ ചർച്ചയിൽ പരിഗണിക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറെറാരുകാര്യം ശ്രീ. ശങ്കരൻകുട്ടി പറഞ്ഞു, ഉമ്മൻചാണ്ടി ഉള്ള സമയത്ത് കുറേ കാശുകൊണ്ടുവന്നു, കേന്ദ്രഗവൺമെന്റിന്റെ സഹായം കൊണ്ടുവന്നു, മററാരുംതന്നെ കൊണ്ടുവന്നില്ല എന്ന്. ഞാൻ ബഹുമാനപ്പെട്ട ശങ്കരൻകുട്ടിയോട് ചോദിക്കാനാഗ്രഹിക്കുകയാണ് 1970-നുശേഷം 77 വരെ കേന്ദ്രഗവൺമെന്റിന്റെ വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കേരളത്തിന്റെ മററ് വിവിധങ്ങളായ പുരോഗതിക്കുവേണ്ടി കേരളഗവൺമെന്റ് വാങ്ങിയ പണത്തിന്റെ കണക്ക് അദ്ദേഹമൊന്നു പരിശോധിച്ചാൽ മതി. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, അഗ്രികൾച്ചറൽ റീ ഫൈനാൻസ് കോർപ്പറേഷൻ, ഹഡ്കോ മുതലായ എല്ലാവിധ സ്ഥാപനങ്ങളിൽനിന്നും ധാരാളം പണം കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ ഈ രണ്ട് വർഷം മുമ്പുതന്നെ ശ്രീ. മൊറാർജിയുടെ ഗവൺമെന്റ് തന്നെ കേരളത്തിലെ ജനങ്ങൾക്ക് ഇങ്ങനെയെല്ലാം കൊടുക്കാൻ തുറന്നുവച്ചു എന്നുള്ള ധാരണയിൽ ദയവുചെയ്ത് സംസാരിക്കാതിരിക്കണമെന്നു മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു.

സർ, ഒന്നുരണ്ടുകാര്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഒന്ന് കേരളാഗവൺമെന്റ് ഓവർസീസ് എംപ്ലോയ്മെന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നൊരു സ്ഥാപനം രൂപവൽക്കരിച്ചിട്ടുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലാത്ത ആളുകൾക്ക് വിദേശരാജ്യങ്ങളിൽ, ഗൾഫ്രാജ്യങ്ങളിൽപോയി തൊഴിൽ കണ്ടെത്താനുള്ള ഒരു സ്ഥാപനമാണ് ഇത്. ഈ സ്ഥാപനം നിലവിൽവന്ന് വളരെ അഭിമാനകരമായ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ടെങ്കിലും ആ കോർപ്പറേഷനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. ഈ അടുത്ത് അതിന്റെ ഒരു ബ്രാഞ്ച് ബോംബെയിൽ തുറന്നതായി പത്രങ്ങളിൽ കണ്ടു. ബോംബെയിൽ പോയി ഈ സ്ഥാപനവുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്ന പല മലയാളി സഹോദരങ്ങൾക്കും അതിന്റെ ആഫീസിനെ സംബന്ധിച്ചോ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ യാതൊന്നും അറിഞ്ഞുകൂടാ. അന്വേഷണത്തിൽ മനസിലായത് അവിടെ ഒരു ഉദ്യോഗസ്ഥനെ നിശ്ചയിച്ചു എങ്കിലും ആ ഉദ്യോഗസ്ഥന് ആവശ്യമായ ആഫീസോ മററു സൗകര്യങ്ങളോ ഇതുവരെയും കോർപ്പറേഷൻ ചെയ്തുകൊടുത്തിട്ടില്ലെന്നാണ്. ഒരുവേള കോർപ്പറേഷന് അതിന് സാമ്പത്തികമായ വിഷമതയുണ്ടെങ്കിൽ അതു പരിഹരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്.

സർ, ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വളരെ പ്രശംസനീയമായ നിലപാടാണ് ഉള്ളതെന്നുപറഞ്ഞുകൊണ്ട് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജററ് പ്രസംഗത്തിൽ ഗൾഫ് രാജ്യങ്ങളിൽനിന്നു വരുന്ന ആളുകൾ അവരുടെപണം

LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണത്തിനുവേണ്ടി ചെലവാക്കുന്നതായി പറഞ്ഞു. ഗൾഫ് രാജ്യങ്ങളിൽനിന്നു വരുന്ന ആളുകൾക്ക് പ്രത്യേകം ഹൗസിംഗ് സ്കീം നടപ്പിലാക്കുമെന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ആ പദ്ധതി ഗവൺമെന്റ് പ്രായോഗികമായി നല്ലനിലയിൽ നടപ്പിൽ വരുത്തുകയാണെങ്കിൽ ഭയാശങ്കകൾ ഇല്ലാതാവുകയും നമ്മുടെ ഗൾഫ് മലയാളികളുടെ പണം ക്രിയാത്മകമായി പ്രത്യുൽപ്പാദനപരമായി മററു പദ്ധതികൾക്ക് ചെലവാക്കാൻ സാധിക്കുന്നതുമാണ്. ഈ പദ്ധതികളെ എല്ലാനിലയിലും സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എസ്. തങ്കപ്പൻ പിള്ള</u>: സർ, ബഹുമാനപ്പെട്ട തൊഴിൽകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർക്കേണ്ടി വന്നതിൽ ഖേദിക്കുകയാണ്. സമയക്കുറവുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് തൊഴിൽ പരമായ നയങ്ങളിൽ എടുത്തിരിക്കുന്ന നിലപാടിനെ സംബന്ധിച്ചിടത്തോളം ഒരു സമൂലമായമാററം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി ഒന്നു ശ്രമിക്കണമെന്ന് ഒരഭ്യർത്ഥനമാത്രമേ എനിക്കുള്ളു. ഈ രാജ്യത്തെ അദ്ധ്യാപകരും അതുപോലെ എൻ. ജി. ഒ. മാരും നടത്തിയ സമരങ്ങളെ ഈ ഗവൺമെന്റ് എങ്ങനെയാണ് അഭിമുഖീകരിച്ചതെന്നും ആ സമരങ്ങൾ ഇനിമേലാൽ നടത്താതിരിക്കാനുള്ള ഒരുസാഹചര്യം ഉണ്ടാകത്തക്കവണ്ണം ഡൈസ്നോൺ തുടങ്ങിയ പുതിയരീതികൾ ഏർപ്പാടുചെയ്തതും ഈ രാജ്യത്തെ തൊഴിൽനയത്തോടും തൊഴിലാളികളോടും കാണിച്ചിട്ടുള്ള വഞ്ചനാപരമായ നിലപാടാണെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരു യൂണിവേഴ്സിററി എക്സാമിനേഷൻ ബഹിഷ്കരിച്ചാൽ ഒന്നും രണ്ടും മാസത്തെ ശമ്പളം നിഷേധിക്കുന്ന ഒരുനയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ ഇത് തൊഴിലാളികൾക്ക് അനുഗുണമായിപ്രവർത്തിക്കുന്ന ഒരു ഗവൺമെൻറാണെന്നുപറയാൻ നിർവ്വാഹമില്ല. ഞാൻ കൂടുതൽ വിശദാംശങ്ങളിലേക്ക് സമയമില്ലാത്തതുകൊണ്ട് കടക്കുന്നില്ല.

ഇവിടെ പലരും ഇ. എസ്. ഐ. ഹോസ്പിററലിനെപ്പററി പറഞ്ഞു. പല കോർപ്പറേഷനുകളും നഷ്ടമാണെങ്കിലും ഇ.എസ്. ഐ. കോർപ്പറേഷൻ വളരെ ലാഭകരമായിനടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ഒന്നുരണ്ടു മെമ്പർമാർ പറഞ്ഞു. ഇ. എസ്. ഐ. കോർപ്പറേഷന്റെ ആനുകൂല്യം ഇന്ന് തൊഴിലാളികൾക്ക് കിട്ടുന്നുണ്ടോ എന്ന് ആലോചിക്കണം. ഇവിടെ വരുന്നമരുന്ന് ബ്ലോക്കിൽ കച്ചവടംചെയ്യുന്ന ഏർപ്പാടാണുള്ളത്. തൊഴിലാളികൾക്ക് മററ് എക്സ്പർട്ട് ഡോക്ടേഴ്സിന്റെ അഭിപ്രായമനുസരിച്ച് മരുന്നുവാങ്ങണമെന്നുണ്ടെങ്കിൽ അതിനുള്ള ആനുകൂല്യം കൊടുക്കുന്നില്ല. ഇതെല്ലാം ബഹുമാനപ്പെട്ടമന്ത്രി ശ്രദ്ധിക്കണം. തൊഴിലാളി രംഗത്ത് മാററംവരുത്തുന്ന അവർക്ക് നൻമ ഉണ്ടാക്കുന്നതിന് അടിസ്ഥാനപരമായി പ്രവർത്തിക്കുന്ന ഗവൺമെൻറാണ് ഇതെന്നു കാണിക്കാനെങ്കിലും ഒരു യജ്ഞം നടത്തണം. മറെറാരുകാര്യം. ഈ കൊച്ചുകേരളം മറേറതുസംസ്ഥാനത്തെക്കാൾ മുൻപന്തിയിൽനിൽക്കുകയാണ്. കാർഷികതൊഴിലാളി നിയമം പാസാക്കുന്നകാര്യത്തിൽ ചുമട്ടുതൊഴിലാളിനിയമം പാസാക്കുന്ന കാര്യത്തിൽ ഒക്കെത്തന്നെ ബഹുമാനപ്പെട്ടമന്ത്രി ഒന്നുകാര്യമായി ശ്രദ്ധിക്കണം. കാർഷികത്തൊഴിലാളി നിയമത്തോടനുബന്ധപ്പെട്ട വകുപ്പുകൾ, കാർഷികത്തൊഴിലാളികൾക്ക് അനുഗുണമായിപ്രവർത്തിക്കുന്ന വകുപ്പുകൾ ഇഫക്ടിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും തുടക്കംകുറിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ എന്ന് ശാന്തമായി ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ചുമട്ടുതൊഴിലാളിബില്ലിനെ സംബന്ധിച്ചിടത്തോളം അതിന്റെ ശിൽപ്പി ഇവിടെ ഇരിപ്പുണ്ട്, ശ്രീ. ഉമ്മൻചാണ്ടി. അദ്ദേഹം ഈ ബില്ലവതരിപ്പിച്ചുകൊണ്ട് പറഞ്ഞകാര്യങ്ങൾ ഞാൻ ഓർത്തുപോവുകയാണ്. ആ തൊഴിൽനിയമം പാസായതിനുശേഷം കൊല്ലത്തും, തിരുവനന്തപുരത്തും, കോഴിക്കോട്ടും, ചുമട്ടുതൊഴിലാളികൾ മിനിമം വേജസിനുവേണ്ടി നടത്തിയ സമരങ്ങളും അതിന് ഈ ഗവൺമെന്റ് എങ്ങനെ ഞെരിച്ചുകൊന്നു എന്നുള്ളകാര്യവും നാം ആലോചിക്കേണ്ടതുണ്ട്. മിനിമം വേജസ് കിട്ടുന്നതിനുവേണ്ടി നടത്തുന്ന ധാർമ്മികമായ യജ്ഞത്തിൽ ഗവൺമെന്റ് അവരുടെഭാഗത്തുനിന്ന് ആനുകൂല്യം നേടിക്കൊടുക്കുന്ന കാര്യത്തിൽ മുൻപന്തിയിൽ വരണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജെ. ജോസഫ്: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഇന്ന് നമ്മുടെ രാജ്യത്തിലെ ഏററവും വലിയപ്രശ്നമായി നാം കാണുന്നത് തൊഴിലില്ലായ്മയാണ്. ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണമെങ്കിൽ വ്യാവസായികമായി നമ്മുടെരാജ്യം വികസിച്ചെങ്കിൽമാത്രമേ സാധിക്കുകയുള്ളു. പക്ഷേ ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽതന്നെ വ്യവസായവികസനത്തിനാവശ്യമായ അനുകൂലസാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ ഇല്ലെന്നു ധ്വനിപ്പിച്ചിട്ടുണ്ട്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധികമായ അസ്വസ്ഥതയും ഈ മേഖലയിൽ പുതിയ വ്യവസായികൾ കടന്നുവരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിച്ചിട്ടില്ലെന്നും നമ്മുടെ സംസ്ഥാനത്തുതന്നെ മൂലധനം മുടക്കാൻ കഴിവുള്ള അനേകം ആളുകൾ ഇന്നു മററുസംസ്ഥാനങ്ങളിൽ മൂലധനം മുടക്കി വ്യവസായങ്ങൾ ആരംഭിക്കുന്നുണ്ടെന്നും മററുസംസ്ഥാനങ്ങളെപ്പോലെ സാമ്പത്തികമായ സൗകര്യങ്ങൾ ഈരംഗത്തു വരുന്ന ആളുകൾക്കു ചെയ്തുകൊടുക്കാൻ സാധിക്കുന്നില്ലെന്നുമുള്ള യഥാർത്ഥമായ വീക്ഷണം, സമീപനം സൂചിപ്പിച്ചുകൊണ്ടാണ് നമ്മുടെ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ അതിന് ഒരുമാററംവരുത്താൻ വ്യക്തമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണെന്നും അതിനുള്ളപരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. പക്ഷേ ഇന്നു നമ്മുടെ വ്യവസായരംഗത്ത് കാർന്നു തിന്നു കൊണ്ടിരിക്കുന്ന പ്രശ്നം വ്യവസായരംഗത്തെ അസമാധാനമാണ്. കൂണുപോലെ മുളച്ചുപൊങ്ങുന്ന ട്രേഡ് യൂണിയനുകൾ, ലേലംവിളിക്കുന്നതുപോലെ തൊഴിലാളികളെ പ്രീണിപ്പിക്കാൻവേണ്ടി കൂടുതൽ കൂടുതൽ ഡിമാൻറുകൾ വച്ചുകൊണ്ട് സമരരംഗത്തേയ്ക്കു വന്നിരിക്കുന്നത് ഇതെല്ലാം ഇന്നു വ്യവസായികൾക്കു ഈ രംഗത്തുവരുന്നതിനുള്ള പ്രതിബന്ധങ്ങളാണ്. തൊഴിലാളിനേതാവുകൂടിയായ ബഹുമാനപ്പെട്ടമന്ത്രി ഈ നിലപാടിനും സമീപനത്തിനും മാററം വരുത്താൻ ട്രേഡ്യൂണിയനുകളുടെ സമീപനം ഈ രാജ്യത്തിന്റെ പുരോഗതിക്കു ആവശ്യമായരീതിയിൽ രൂപപ്പെടുത്തിയെടുക്കാനും ആവശ്യമായ നയപരിപാടികൾ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. യൂണിയൻനേതാക്കൾ അനാവശ്യമായ സമരം സംഘടിപ്പിച്ചാൽ, യൂണിയനുകളുടെ വളർച്ചക്കുവേണ്ടി രാഷ്ട്രീയപാർട്ടികളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി സമരങ്ങൾ സംഘടിപ്പിച്ചാൽ അതു സ്വയംമരണമാണെന്നു മനസ്സിലാക്കിക്കൊണ്ട് തൊഴിലാളികളുടെ താൽപ്പര്യത്തിനും വ്യവസായവികസനത്തിനും ആവശ്യമായനയം സ്വീകരിക്കുന്നതിനും ഈ രാജ്യത്തിലെ തൊഴിലാളികൾക്കു വളരെയേറെ പങ്കുണ്ടെന്നുള്ള കാര്യം നമുക്കു വിസ്മരിക്കുവാൻ ഒക്കുകയില്ല. അതുമനസ്സിലാക്കിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്തെങ്കിൽമാത്രമേ തൊഴിലി ല്ലായ്മ പ്രശ്നത്തിനുപരിഹാരം കാണാൻകഴിയൂ. ഇന്നു ഈ സഭയിൽ പ്രസംഗിച്ച ബഹുമാനപ്പെട്ട പി. ബാലൻ, യശശ്ശരീരനായ ഇ. ജോൺജേ ക്കബിനെ വലിച്ചുകൊണ്ടുവരുകയുണ്ടായി. അതുവളരെ നിർഭാഗ്യ കരമായിപ്പോയി എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. കർഷകത്തൊഴി ലാളി ബില്ലിനെസംബന്ധിച്ചുള്ള ചർച്ചാവേളയിൽ ഈ സഭയ്ക്കകത്തും പുറത്തും എല്ലാം ഈ ബില്ലിനോടുള്ള എന്റെപാർട്ടിയുടെസമീപനം, കേരളാകോൺഗ്രസ് പാർട്ടിയുടെ കർഷകത്തൊഴിലാളിബില്ലിനോടുള്ള സമീപനം എന്താണെന്നുവ്യക്തമാക്കിയിട്ടുണ്ട്. കേരളാകോൺഗ്രസ് പാർട്ടി ഒരിക്കലും തൊഴിലാളിവിരുദ്ധ പാർട്ടിയല്ല. തൊഴിലാളികൾക്കെ തിരായിനിൽക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനമാണ് കേരളാകോൺഗ്രസ് എന്നു ധ്വനിപ്പിച്ചത്, ഖേദകരമായിപ്പോയി. തൊഴിലാളികളുടെ താൽ പ്പര്യം സംരക്ഷിക്കണമെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ തൊഴിലാളികളുടെ താൽപ്പര്യം എന്നുപറഞ്ഞുകൊണ്ട് അപ്രായോഗികമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബില്ലുകൊണ്ടുവന്നാൽ അതു തെററാണെന്നു പറയേണ്ടിവരും. ബില്ലവതരിപ്പിച്ച് പാസ്സാക്കിയിട്ട് നാളെ നടപ്പിലാക്കാൻ പ്രയാസം വരുമെന്നുള്ളതുകൊണ്ട്, അപ്രായോഗിക മായതുകൊണ്ട് അതു ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. ഇതു നടപ്പിലാക്കാ നുള്ള ബുദ്ധിമുട്ട് യഥാർത്ഥത്തിൽ ഇന്നു നമുക്ക് അനുഭവപ്പെടുന്നുണ്ട്. നിയമമെന്നുപറയുന്നത് ജനജീവിതത്തെ ക്രമീകരിക്കുവാനുള്ള വ്യവസ്ഥ കളാണെങ്കിൽ ആ വ്യവസ്ഥകൾ പ്രായോഗികമായിരിക്കണം. കർഷക ത്തൊഴിലാളി ബില്ലിലെ പലവ്യവസ്ഥകളും പ്രായോഗികമല്ലാത്തതു കൊണ്ടു അതിനെയെതിർത്തു. തൊഴിലാളികളുടെ ക്ഷേമനിധി ഉണ്ടാക്കു ന്നതിനെ കേരളാകോൺഗ്രസ് എതിർത്തിട്ടില്ല. തൊഴിലാളികൾക്കു ക്ഷേ മനിധി ഉണ്ടാകണം. അതിനെസംബന്ധിച്ചിടത്തോളം യാതൊരുസംശയ വുമില്ല. കർഷകത്തൊഴിലാളികളും കർഷകരും ഒരുമിച്ചു സഹകരിച്ച് മുന്നോട്ടുപോകണമെന്നുള്ളതാണ് ഞങ്ങളുടെ പാർട്ടിയുടെ നയം. കർഷ കരും കർഷകത്തൊഴിലാളിയും ഒരേനാണയത്തിന്റെ ഇരുവശങ്ങളാണെന്നും അവർ പരസ്പരപൂരകങ്ങളാണെന്നും ഈ പാർട്ടി വിശ്വസിക്കുന്നു. അത നുസരിച്ചുള്ള സമീപനമാണ് കർഷകത്തൊഴിലാളിബില്ലിലും ഞങ്ങൾ തുടർന്നിട്ടുള്ളതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഒരേനാണയത്തിന്റെ രണ്ടുവശങ്ങ ളാണെന്നു പറഞ്ഞിട്ടുള്ളത് ആരാണ്?

ശ്രീ. വി. ജെ. ജോസഫ്: അതു ബഹുമാനപ്പെട്ട ബാലകൃഷ്ണ പിള്ളയ്ക്കുമറിയാം. നമ്മളെല്ലാം ഒരുമിച്ചുണ്ടായിരുന്നപ്പോൾ തന്നെയാണ് പറഞ്ഞിട്ടുള്ളത്. പിന്നീടു ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കു മാററംവരി കയും കേന്ദ്രത്തിലിരിക്കുന്ന ജനതാഗവൺമെന്റു കൊണ്ടുവന്ന വ്യവസായ ബന്ധബില്ലിനെ അനുകൂലിക്കുവാൻ പ്രചോദനം ഉണ്ടാകുകയും ചെയ്തത് നമുക്കറിയാം. വ്യവസായബന്ധനിയമം കൊണ്ടുവന്ന് തൊഴി ലാളികളുടെ താൽപ്പര്യങ്ങൾ ഹനിക്കുകയും തൊഴിലാളിവർഗ്ഗത്തെ അടി ച്ചമർത്തുകയും ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയുടെ രണ്ടു എം. എൽ. എ. മാരായ ശ്രീ. പി. ബി. ആർ. പിള്ളയും ശ്രീ. ശങ്കരൻകുട്ടിയും ഇവിടെ പ്രസംഗിച്ചതുകേട്ടപ്പോൾ എനിക്കുതോന്നിയത് 'കർത്താവേ ഇവ രോടു പൊറുക്കേണമേ' എന്നാണ്. അത്രമാത്രം ദയനീയമായിപ്പോയി അവരുടെ വിലാപം. ഞാൻ അക്കാര്യത്തിലേയ്ക്കൊന്നും കടക്കുന്നില്ല. സർ, വ്യവസായവളർച്ചയ്ക്കാവശ്യമായ സമീപനം സ്വീകരിക്കുവാൻ ട്രേഡ്

LIBRARY ARCHIVES Kerala Legislative Assembly

യൂണിയനുകളും രാഷ്ട്രീയപാർട്ടികളും സംയുക്തമായി മുന്നോട്ടുനീങ്ങിയാൽ മാത്രമേ, കക്ഷിരാഷ്ട്രീയത്തിന് അതീതമായി ചിന്തിച്ചുകൊണ്ട് വ്യാവസായികവളർച്ചയ്ക്കുവേണ്ടി ശ്രമിച്ചെങ്കിൽമാത്രമേ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുവാൻകഴിയൂ.

സർ, ഹൗസിംഗിനെസംബന്ധിച്ചു, നമ്മുടെ ഭവനനിർമ്മാണ പ്രവർത്തനങ്ങളെസംബന്ധിച്ച്, ഗവൺമെന്റിന്റെ പരിപാടികളെ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ പല വിഭാഗങ്ങൾക്കും ഭവനങ്ങളുണ്ടാക്കിക്കൊടുക്കാനുള്ള സ്കീമുകളുണ്ട്. കഴിഞ്ഞ ബഡ്ജററു സെഷനിൽ, 1978-79-ലെ ബഡ്ജററു സെഷനിൽ വളരെ വ്യക്തമായി പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കു ലോൺസ്കീം ഉണ്ടാക്കുമെന്നു ഈ നിയമസഭയുടെ വേദിയിൽ നിന്നുകൊണ്ട് ബഹുമാനപ്പെട്ടമന്ത്രി ഉറപ്പുനൽകിയിട്ടുള്ളതാണ്. പക്ഷേ നാളിതുവരെയും പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കു ഈ ലോൺസ്കീം നടപ്പിലാക്കിയിട്ടില്ല. അതു കാലതാമസം കൂടാതെ നടപ്പിലാക്കാൻ ശ്രമിക്കണം. നടപ്പിലാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതുപോലെ പ്രൈവററുസ്കൂളുകൾപോലെതന്നെ പ്രൈവററുകോളേജുകളിലേയും അദ്ധ്യാപകർക്കു ഭവനനിർമ്മാണ വായ്പ കൊടുക്കുന്നതിനുള്ള സ്കീം ആസൂത്രണം ചെയ്യണം. മാത്രമല്ല സർ ഈ സഭയിലെതന്നെ അനേകം മെമ്പർമാർ സ്വന്തമായി ഭവനങ്ങളില്ലാത്തവരുണ്ട്. സ്വന്തമായി ഭവനങ്ങളില്ലാത്ത മെമ്പറൻമാർക്കുകൂടി ഭവനനിർമ്മാണത്തിനുള്ള വായ്പാ സൗകര്യം ഉണ്ടാക്കണം.

സർ, ജലസേചനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനം വളരെയേറെ മുമ്പോട്ടുപോയിട്ടുണ്ട്. ഇപ്പോൾ ശ്രീ. എം. വി. മാണി സൂചിപ്പിച്ചതുപോലെ ഈ സംസ്ഥാനത്തുള്ള ജലം മുഴുവനും ഉപയോഗിക്കാൻ ഒരു മാസ്ററർപ്ലാൻ ഉണ്ടാക്കേണ്ടതാണ്. ആ മാസ്ററർപ്ലാൻ അനുസരിച്ച് നമ്മുടെ സംസ്ഥാനത്തു കിട്ടാവുന്നിടത്തോളം വെള്ളം ഉപയോഗിക്കുന്നതിനും കൃഷിവികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പക്ഷേ ഇന്നു നമ്മുടെ ജലസേചനവകുപ്പിലെ സാങ്കേതികവിഭാഗം വേണ്ടത്ര വിപുലമാണെന്ന ചിന്ത എനിക്കില്ല. ഈ വിഭാഗം ഒന്നു പരിഷ്ക്കരിക്കുകയും പുനക്രമീകരണം നടത്തുകയും ചെയ്തുകൊണ്ട് ഈ സാങ്കേതിക വിഭാഗത്തിനു ഒരു പുതുജീവൻ നൽകേണ്ടതാണ്. ഇന്നു ആ സൗകര്യം ചെറിയതോതിൽ വികസിപ്പിക്കുവാൻ എല്ലാഭാഗങ്ങളിലും പൊതുമരാമത്തു പാലങ്ങൾ നിർമ്മിക്കുമ്പോൾ ഷട്ടറുകൾ ഇടുന്നതിനുള്ള നടപടികൾകൂടി ഉണ്ടായാൽ ഈ വേനൽക്കാലത്തു വെള്ളം നിറുത്തുകയും വർഷകാലത്തു ഈ ഷട്ടറുകൾ തുറന്നുവിടുകയും ചെയ്യാം. ഇതുമൂലം വലിയ പ്രയോജനം ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചു പറയുമ്പോൾ തീർച്ചയായും വളരെയേറെ വാദപ്രതിവാദങ്ങൾക്കിടയാക്കിയ ഒരു പ്രോജക്ടാണ് മീനച്ചൽ റിവർവാലിപ്രോജക്ട്. ആ വാദപ്രതിവാദങ്ങളെല്ലാം തീർത്തുകൊണ്ട് കർഷകരുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുകയും ചെയ്തുകൊണ്ട് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ മീനച്ചൽ റിവർവാലിപ്രോജക്ടിനു രൂപം കൊടുക്കാൻ മുന്നോട്ടുവന്ന ജലസേചനവകുപ്പുമന്ത്രിക്കു നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മീനച്ചൽ റിവർവാലിപ്രോജക്ട് 25,000 ഏക്കർ സ്ഥലത്തു പ്രയോജനം ചെയ്യുന്നതും, കോട്ടയം ജില്ലയിൽ ജലസേചനത്തിനു ഉപകരിക്കുന്നതുമാണ്. ഈ പ്രോജക്ടിന്റെ നടപടി എത്രയുംവേഗം പൂർത്തിയാക്കുകയും അതിന്റെപണി തീർക്കുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: സർ, നമ്മുടെ ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. തൊഴിൽവകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ കേരളത്തിന്റെ നാലതിർത്തിയിൽമാത്രം ഒതുക്കിനിറുത്തികൊണ്ട് ഈ ചർച്ച തുടരാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇന്ന് ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം വളരെ ആശങ്കയോടും ഉൽക്കണ്ഠയോടുംകൂടി നോക്കിയിരിക്കുന്ന ഒരു കാലഘട്ടമാണ്. സർ, എല്ലാ പുരോഗമനാശയങ്ങളുടേയും മുമ്പിൽ പുരോഗമന പ്രസ്ഥാനങ്ങളുടേയും മുമ്പിൽ എല്ലാക്കാലത്തും നിലകൊണ്ടിട്ടുള്ള നമ്മുടെ സംസ്ഥാനം, ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം അവരുടെ ന്യായമായ അവകാശങ്ങൾ നില നിർത്താനുള്ള ഇന്നത്തെ പോരാട്ടത്തിൽ കേരള ഗവൺമെന്റിനുള്ള സംഭാവനയും നേതൃത്വവും നൽകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്.

സർ, കേന്ദ്രത്തിൽ അവതരിപ്പിച്ചിട്ടുള്ള വ്യവസായ ബന്ധബില്ലും ഇന്നും പിൻവലിക്കപ്പെടാതെ ഇന്നും ഗവൺമെന്റിന്റെ കൈവശം സൂക്ഷിച്ചിരിക്കുന്ന ഭൂതലിംഗം കമ്മിററി റിപ്പോർട്ടും ബോണസ് സംബന്ധിച്ച തീരുമാനത്തിൻമേലുള്ള അനിശ്ചിതത്വവും ഇന്ന് ഇൻഡ്യയിലെ തൊഴിലാളികൾക്കിടയിൽ വലിയ ആശങ്ക ഉളവാക്കിയിട്ടുണ്ട്. സർ, ഈ വ്യവസായബന്ധബില്ലിൽ ഇന്ന് തൊഴിലാളികളുടെ കൂട്ടായ വിലപേശലിനെ ചോദ്യം ചെയ്യുന്ന തൊഴിലാളികളുടെ മുമ്പോട്ടുള്ള നീക്കങ്ങൾക്കു കടിഞ്ഞാണിടുന്ന വിധത്തിലുള്ളതാണ്. ഈ ബില്ലിന്റെ അനന്തര നടപടികളുമായി മുമ്പോട്ടുള്ള പോക്കിനെ, അതിനെതിരായി ശക്തിയായിട്ടുള്ള വികാരം ഇൻഡ്യയുടെ എല്ലാ ഭാഗത്തും രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾക്കൊക്കെ അതീതമായി പ്രകടിപ്പിച്ചിട്ടും ഇന്നും ആ നടപടികളുമായി മുമ്പോട്ടുപോവുകയാണ്.

സർ, ബോണസിനെ സംബന്ധിച്ച് ശ്രീമാൻ ശങ്കരൻകുട്ടി പറഞ്ഞു; എട്ടും മൂന്നിലൊന്നു ശതമാനം ബോണസ് ആക്കിയെന്ന്. ഞാൻ അതിന്റെ കഥയിലേക്കു കടക്കുന്നില്ല. രണ്ടുകൊല്ലം കഴിഞ്ഞിട്ടും ഇന്നുവരെ ശ്രീമതി ഇന്ദിരാഗാന്ധി നിറുത്തലാക്കിയ ബോണസ്സിനെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കാൻ ജനതാ ഗവൺമെന്റിനു സാധിച്ചിട്ടില്ലെന്നുള്ളത് വളരെ അപമാനകരമാണ്. സർ, ഇന്നും ഓരോ വർഷത്തേക്ക് അവസാന സമയത്ത് ഓർഡിനൻസ് കൊണ്ടുവന്ന് താൽക്കാലികമായി മുട്ടുശാന്തിക്കുവേണ്ടി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ തൊഴിലാളികൾ ഇന്ന് ആവശ്യപ്പെടുന്നത് ബോണസ് സംബന്ധിച്ച വ്യക്തമായ ഒരു തീരുമാനമെടുക്കണമെന്നാണ്; അവസാന തീരുമാനം എടുക്കണമെന്നാണ്. ഓരോ വർഷവും മാറി മാറി തീരുമാനമുണ്ടാക്കുന്ന വ്യവസ്ഥിതി മാറി ബോണസ് സംബന്ധിച്ച വ്യക്തമായ തീരുമാനം എടുക്കാൻ സാധിക്കണം. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നിശ്ചയമായും സംസ്ഥാന ഗവൺമെന്റ് തൊഴിലാളി വർഗ്ഗത്തിന്റെ ഇതുപോലുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ മുൻപന്തിയിൽ നിൽക്കാൻ തൊഴിലാളികൾക്ക് നേതൃത്വം നൽകാൻ, അവരുടെ ഇന്നത്തെ ആശങ്ക നീക്കാൻ നേതൃത്വം നൽകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്.

എനിക്കു മുമ്പു സംസാരിച്ച ചില മെമ്പറൻമാർ മറെറാരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന, ഒരുദേശീയവേതന നയം അല്ലെങ്കിൽ മേഖലാടിസ്ഥാനത്തിലുള്ള മിനിമം വേതനം ആവശ്യമാണ്. അഞ്ചും പത്തും

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലമായിട്ട് മിനിമം കൂലി പുതുക്കാത്ത വ്യവസായങ്ങളുണ്ട്. പുതുക്കിയില്ലെന്നുമാത്രം പറഞ്ഞാൽപോര. നമ്മുടെ രാജ്യത്ത് അടിമപ്പണി പല വ്യവസായങ്ങളിലും നടക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തിനുകൂടി അപമാനകരമാണ്. ഉദാഹരണമായി കശുവണ്ടി. നമ്മുടെ സംസ്ഥാനത്തിന്റെ തൊട്ടടുത്തുള്ള കന്യാകുമാരി ജില്ലയിൽ നടക്കുന്ന കശുവണ്ടി ഫാക്ടറികൾ നമ്മുടെ രാജ്യത്തിനുകൂടി അപമാനകരമാണ്. അടിമപ്പണി. 12 മണിക്കൂർനേരം പണിയെടുപ്പിക്കുന്നു. കിട്ടുന്ന വേതനം രണ്ടുരൂപ, രണ്ടര രൂപ. ഈ വ്യവസ്ഥിതി മാറണമെന്നുള്ള നമ്മുടെ ഗവൺമെൻറിന്റെ നിരന്തരമായ മുറവിളി സംസ്ഥാന ഗവൺമെൻറിന്റെ മുറവിളി കേന്ദ്ര ഗവൺമെൻറ് സ്വീകരിക്കുന്നില്ലെന്നുള്ളത് ഖേദകരമാണ്. ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിന്റെ നേരെ കേന്ദ്ര ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയം നിഷേധാത്മകമാണ്. നിശ്ചയമായും നമ്മുടെ ഗവൺമെൻറും ഇവിടത്തെ എല്ലാ രാഷ്ട്രീയ തൊഴിലാളി സംഘടനകളും ഇതിനെ ചെറുക്കാൻ, ദേശീയ മിനിമം വേതനമോ മേഖലാടിസ്ഥാനത്തിലുള്ള മിനിമം വേതനമോ നേടിയെടുക്കുന്നതിനുള്ള ശ്രമവുമായി മുന്നോട്ടു നീങ്ങണമെന്ന വ്യക്തമായ അഭ്യർത്ഥന ഞാൻ വയ്ക്കുകയാണ്. സർ, ദീർഘമായി ആ കാര്യങ്ങളിലേക്കു കടക്കുന്നില്ല.

സർ, ഗവൺമെൻറിന്റെ മുമ്പിൽ ഒന്നു രണ്ടു കാര്യങ്ങൾ നിർദ്ദേശിക്കാനുണ്ട്. ഒന്ന്, ഇവിടെ ജീവിതവിലസൂചികയെ സംബന്ധിച്ച് എല്ലാ വിഭാഗം തൊഴിലാളികളുടെ ഭാഗത്തുനിന്നും ആക്ഷേപമുണ്ടായപ്പോൾ ഗവൺമെൻറ് ഒരു ത്രികക്ഷി കമ്മിററിയെ നിശ്ചയിച്ചു. ആ കമ്മിററിയുടെ റിപ്പോർട്ട് കേന്ദ്രഗവൺമെൻറ് നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അഡൈ്വസറി കമ്മിററി അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ ജീവിത സൂചികയെ സംബന്ധിച്ച കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറ് എത്രയുംവേഗം നടപ്പാക്കണമെന്നുള്ളതാണ് ഇന്ന് കേരളത്തിലെ തൊഴിലാളികളുടെ ആവശ്യം. കേന്ദ്ര ഗവൺമെൻറിന്റെ വ്യവസായ ബില്ലിനെതിരായി കേരളത്തിലെ തൊഴിലാളികൾ ഒററക്കെട്ടായി സമരം ചെയ്ത കൂട്ടത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ മുമ്പിൽ ഉന്നയിച്ച ഒരു ആവശ്യമാണ് ഇത്. കേന്ദ്ര ടെക്നിക്കൽ കമ്മിററികൂടി അംഗീകാരം നൽകിയിരിക്കുന്ന ഈ അവസരത്തിൽ അതു നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം നമ്മുടെ കർഷകത്തൊഴിലാളി നിയമത്തിന്റെ കാര്യമാണ്. എന്റെ സുഹൃത്ത് ശ്രീ. പി. ബാലൻ ഇവിടെ സൂചിപ്പിച്ചു. കർഷകത്തൊഴിലാളി നിയമത്തിലെ പല വകുപ്പുകളും, കാര്യങ്ങളും നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. ഏററവും പ്രധാനപ്പെട്ട, തൊഴിലാളികൾ ആഗ്രഹിക്കുന്ന പി. എഫ്. എന്ന ആശയം നടപ്പാക്കിയിട്ടില്ല. ഈ പ്രോവിഡൻറ് ഫണ്ട് എന്ന ആശയം നടപ്പാക്കുന്നതിൽ വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ക്ഷേമ നിധി എന്ന ആശയം ഇന്ന് ഉയർന്നു വന്നിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എന്നുമുതലാണ് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന ആശയം ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കു മനസ്സിൽ ഉദിച്ചത്?

ശ്രീ. ഉമ്മൻചാണ്ടി: ദേവസ്സിക്കുട്ടി അതിനെക്കുറിച്ചു കൂടുതൽ പറയേണ്ട കാര്യമില്ല. വളരെ വ്യക്തമായി എവിടെയും നിന്നുകൊണ്ട് എനിക്കതു പറയാൻ സാധിക്കും. കർഷകത്തൊഴിലാളികൾക്ക് ക്ഷേമ നിധി നൽകുന്നതിനെപ്പോലും ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി എതിർക്കുകയാണെങ്കിൽ അതു ക്രൂരതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. കെ. ദേവസ്സിക്കുട്ടി: എതിർപ്പുണ്ടായിട്ടില്ല. ക്ഷേമനിധി ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷെ ഈ പ്രോവിഡന്റ് ഫണ്ട് പ്രായോഗികമല്ലെന്ന അഭിപ്രായം ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്ക് എന്നുമുതലാണ് ഉണ്ടായത് എന്നാണ്?

ശ്രീ. ഉമ്മൻചാണ്ടി: ഏററവും ഫലപ്രദമായ രീതിയിൽ അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭ്യമാകുന്നതിന്റെ ഒരു തുടക്കമെന്ന നിലയിൽ ക്ഷേമനിധി എന്ന ആശയം നടപ്പാക്കണം. അതു കഴിഞ്ഞിട്ട് മുമ്പോട്ടുപോകാൻ സാധിക്കുമെന്നുണ്ടെങ്കിൽ നമുക്ക് പ്രോവിഡന്റ് ഫണ്ട് എന്ന ആശയം നടപ്പാക്കാൻ കഴിയുമോ എന്നു നോക്കണം. ഏതായാലും ഇതിനുവേണ്ടി അടിയന്തിരമായ നടപടിയെടുക്കണം. നിയമസഭ അവസാനിക്കുവാൻ പോവുകയാണ്. നിയമസഭ ഇതിനുവേണ്ടി പ്രത്യേകമായി വിളിച്ചുകൂട്ടിയതാണെങ്കിൽപോലും ഇവിടത്തെ കർഷകത്തൊഴിലാളികൾ അനേകകാലമായി കാത്തിരിക്കുന്ന ഈ ആവശ്യം അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഈ ഗവൺമെന്റ് ഈ വർഷവും തൊഴിലില്ലായ്മാ വേതനം നൽകുന്നതിനു തീരുമാനിച്ചത് കേരളത്തിലെ മുഴുവൻ യുവാക്കളും ഒരു പോലെ സ്വാഗതം ചെയ്യുകയാണ്. തൊഴിലില്ലായ്മവേതനം ഇല്ലെന്നു പറഞ്ഞു ചിലരൊക്കെ സമരം നടത്തുന്നുണ്ട്. ഇതൊക്കെ രാഷ്ട്രീയമായ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. തൊഴിലില്ലായ്മാവേതനം അതു കുറെ കൂടി ഫലപ്രദമായ രീതിയിൽ അവരുടെ സേവനം പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് ഇവിടത്തെ യുവജന സംഘടനകളുമായി ആലോചിച്ച് ഫലപ്രദമായ നടപടികളുമായി മുന്നോട്ടു പോകണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. എം. വി. രാഘവൻ: ഇതും കർഷകത്തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് ആശയംപോലെ ആശയമായി നിൽക്കുകയല്ലേ?

ശ്രീ. ഉമ്മൻചാണ്ടി: രാഘവന്റെ നാട്ടിൽതന്നെ അനേകായിരം ആളുകൾക്ക് കിട്ടിയിട്ടുണ്ട്. കിട്ടിയില്ലെന്നു പറയുന്നത് ചുരുക്കം ചില ആളുകളുടെ കാര്യമാണ്. ഏതായാലും ഞാൻ ഒരു വാദപ്രതിവാദത്തിനു മുതിരുന്നില്ല. ഈ നല്ല ആശയം ഏററവും ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുകയാണ്.

നമ്മുടെ ഭവനനിർമ്മാണ രംഗത്തെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ സംസ്ഥാനം ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഏതാണ്ട് 13 ലക്ഷത്തോളം ഭവനങ്ങൾ ഉണ്ടായാൽ മാത്രമേ ഈ രംഗത്ത് നമ്മുടെ ചെററക്കുടിലുകളിൽനിന്നും മാറി അത്യാവശ്യം ജീവിക്കാനുള്ള സൗകര്യത്തിലേക്കു നമ്മൾ എല്ലാ കുടുംബങ്ങളേയും ആക്കിത്തീർത്തു എന്ന് നമുക്ക് അവകാശപ്പെടാൻ സാധിക്കുകയുള്ളു. ആ ലക്ഷ്യത്തിൽ എത്തുന്നതിന് വളരെ വ്യക്തമായ പരിപാടികളുമായി നാം മുന്നോട്ടു നീങ്ങേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷം, ഒരു വർഷം ഒരു ലക്ഷം വീട് എന്ന തത്വം ഗവൺമെന്റ് അംഗീകരിച്ചിരുന്നു. ആറാം പദ്ധതിയെ സംബന്ധിച്ചിടത്തോളം ഏതാണ്ട് അവസാന രൂപം വന്നിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അഞ്ചാം പദ്ധതിയിൽ ഭവന നിർമ്മാണ രംഗത്തേക്ക് മാററിവച്ചിരുന്നതിന്റെ മൂന്നിരട്ടി തുക ആറാം പദ്ധതി കാലത്ത് വിനിയോഗിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തുക മാററിവച്ചിരിക്കുകയാണ്. നിശ്ചയമായും വളരെ വിപുലമായ പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ചുകൊണ്ട് ഒരു വർഷം ഒരു ലക്ഷം വീടുകൾതന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി ചുരുങ്ങിയ കാലഘട്ടത്തിനകത്ത് നമ്മുടെ ലക്ഷ്യത്തിൽ എത്തണം. നമ്മുടെ രാജ്യത്ത് അനേകലക്ഷം ആളുകൾ മനുഷ്യവാസയോഗ്യമല്ലാത്ത ചെററക്കുടിലുകളിൽ താമസിക്കുന്നു; താമസിക്കാൻ പററാത്ത വീടുകളിൽ താമസിക്കുന്നു. ആറാം പദ്ധതി നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടമാണ്. കേന്ദ്രഗവൺമെൻറ് വളരെ കൂടുതൽ തുക, ഉയർന്ന പ്രയോർട്ടി ഭവനനിർമ്മാണ രംഗത്തു നൽകിയിരിക്കുകയാണ്. ഇത്രയും തുക ചെലവഴിക്കാനുള്ള സംവിധാനമുണ്ടാക്കി അതു പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള</u>: സർ, ജലസേചനം, ഭവനനിർമ്മാണം തൊഴിലും തൊഴിൽദാനവും എന്നീ വകുപ്പുകൾക്ക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർ, അടുത്ത കാലത്ത് കുറച്ചു ദിവസമായി ഈ രാജ്യം മുൻപ് അനുഭവിച്ചിട്ടില്ലാത്ത തരത്തിലുള്ള വരൾച്ച അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിയാണെങ്കിൽ രാജ്യത്തിൻെറ പല ഭാഗങ്ങളിലും നശിച്ചുകൊണ്ടിരിക്കുന്നു. തെങ്ങിൻെറ മണ്ടപോലും ഉണക്കുമൂലം അടർന്നുവീഴുന്ന അനുഭവം പലേടത്തുമുണ്ടായി. അതിനു വെള്ളം കോരാമെന്നു വിചാരിച്ചാൽ കിണററിലും കുളത്തിലുമൊന്നും വെള്ളവുമില്ല. ചില സ്ഥലങ്ങളിൽ കുടിക്കാൻ വെള്ളമില്ലാഞ്ഞിട്ട് വിലയ്ക്കു വാങ്ങിക്കേണ്ട പരിതഃസ്ഥിതിയുണ്ടായി എന്നു പത്രങ്ങളിൽ രണ്ടു ദിവസം മുൻപ് വായിച്ചു. ഒരു വൈരുദ്ധ്യം മനസ്സിലാക്കാൻ പ്രയാസമായിട്ടുള്ളത്, നമ്മുടെ രാജ്യം 44 നദികൾ ഒഴുകുന്ന രാജ്യമായിരിക്കെ ഈ ജലക്ഷാമം അനുഭവിക്കേണ്ടിവരുന്നു എന്നുള്ളതാണ്. കൂടാതെ അനവധി തോടുകളും കായലുകളുമുള്ള രാജ്യമാണ് കേരളം. അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് ഭയങ്കരമായ വെള്ളപ്പൊക്കം ഉണ്ടായി. നാശനഷ്ടങ്ങളൊക്കെ ഉണ്ടായി. ഈ വെള്ളപ്പൊക്ക കാലത്ത് ഒഴുകിയ വെള്ളം ആവശ്യമായ രൂപത്തിൽ നമുക്ക് ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ വരൾച്ച ഈ രാജ്യത്ത് അനുഭവിക്കേണ്ടിവരുന്നത്. പത്തുപതിനൊന്നു വൻകിട പ്രോജക്ററുകൾ ഇവിടെ പ്രവർത്തിക്കുന്ന കാര്യം സമ്മതിക്കുന്നു. ചില ചെറുകിട പ്രോജക്ററുകളും ഉണ്ട്. അതു വിസ്മരിക്കുന്നില്ല. പക്ഷെ പല വൻകിട പ്രോജക്ററുകളുടേയും കാര്യമാലോചിച്ചാൽ അതൊക്കെ പണ്ടാരോ പറഞ്ഞതുപോലെ രാമേശ്വരത്തെ ക്ഷൌരം പോലെ ഒരിക്കലും പൂർത്തിയാകാത്ത രീതിയിൽ നടക്കുകയാണ്. ഒരു പ്രോജക്ററിൻെറ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് ആ പ്രോജക്ററിനെക്കുറിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കണം. അതിൻെറ ഡിസൈനും തയ്യാറാക്കണം. ഇന്നു പല പ്രോജക്ററുകൾക്കും കാണാവുന്ന തകരാറ് എന്താണെന്നുവച്ചാൽ എങ്ങനെ പ്രവർത്തിക്കണമെന്ന കാര്യത്തിൽ സമഗ്രമായ പ്രോജക്ററ് റിപ്പോർട്ടും ഡിസൈനും കാണുകയില്ല. പല സന്ദർഭങ്ങളിലും അങ്ങനെയാണ്. വളരെ വേഗം ഡിസൈനും പ്രോജക്ട് റിപ്പോർട്ടും ഒക്കെ തയ്യാറാക്കുകയും പക്ഷെ അതു ഭാവി പ്രവർത്തനത്തിനുപകരിക്കാത്ത നിലയിൽ ദുരുപയോഗപ്പെട്ടുപോവുകയും ചെയ്യുന്ന ഏർപ്പാടും ഉണ്ട്. ആ ഡിപ്പാർട്ടുമെൻറിലെ ആളുകളെത്തന്നെ പ്രോജക്ററ് റിപ്പോർട്ടുകളും ഡിസൈനും ഒക്കെ തയ്യാറാക്കാൻ ചുമതലപ്പെടുത്തുന്ന ഏർപ്പാടാണുള്ളത്. എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടപേക്ഷിക്കുവാനുള്ളത്, അവർക്ക് ജോലി കൂടുതലാണെങ്കിൽ പ്രോജക്ട് റിപ്പോർട്ടും ഡിസൈനുമൊക്കെ തയ്യാറാക്കാൻ ഒരു പ്രത്യേക വിംഗ് ഏർപ്പെടുത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ടെങ്കിൽ അങ്ങനെ ഏർപ്പെടുത്തി സമഗ്രമായ പ്രോജക്ട് റിപ്പോർട്ടും ഡിസൈനുമെല്ലാം ആരംഭത്തിനു മുൻപുതന്നെ തയ്യാറാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ പ്രോജക്റ്റുകളും ഡിസൈനും തയ്യാറാക്കിക്കഴിഞ്ഞാലും പല പ്രോജക്റ്റുകൾക്കും അപ്രൂവലും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും കിട്ടാൻ ദീർഘകാലം വേണ്ടിവരുന്നു. ആ പരാതിക്കു പരിഹാരമുണ്ടാക്കാൻ പരിശ്രമിക്കണം, എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല പ്രോജക്ട് റിപ്പോർട്ടൊക്കെ തയ്യാറാക്കിക്കഴിഞ്ഞാൽ ലാൻഡ് അക്വിസിഷൻ നടപടിക്ക് വളരെക്കൂടുതൽ കാലതാമസമുണ്ടാകുന്നതായിട്ടാണ് അനുഭവം. ഞാൻ ഒരു പ്രോജക്റ്റ് അഡ്വൈസറി കമ്മിററിയിൽ അംഗമാണ്. എന്റെ അനുഭവം പറഞ്ഞാൽ ലാൻഡ് അക്വിസിഷനുവേണ്ടി പ്രത്യേകം തഹസിൽദാരെ നിയമിക്കാൻ അനവധി പ്രാവശ്യം ആവശ്യപ്പെട്ടതിനുശേഷം വളരെ താമസിച്ചാണ് ലാൻഡ് അക്വിസിഷന് ആളുകളെ നിയമിച്ചത്. നിയമിച്ചാലും ഇന്നുണ്ടാകുന്ന അനുഭവം ഭൂമി കൊടുക്കാൻ ഉടമസ്ഥൻമാർ തയ്യാറാകാത്ത തരത്തിലുള്ളതാണ്. പണ്ടാരാണ്ടു പറഞ്ഞതുപോലെ ഭഗീരഥന്റെ തപസ്സ് നടത്തിയാൽമാത്രമേ പണം കിട്ടാൻ ഏർപ്പാടുള്ളു. അതുകൊണ്ടു നേരിട്ടു നെഗോഷിയേഷൻ നടത്തി ഭൂമി എടുക്കാമെന്നു വിചാരിച്ചാൽ ഭൂവുടമസ്ഥൻമാർ ഭൂമി വിട്ടുകൊടുക്കുന്ന നയം പലയിടങ്ങളിലും അനുവർത്തിക്കുന്നില്ല. സമയത്തിനു പണം കിട്ടാത്ത അനുഭവം കൊണ്ടാണ് ഇത്.

അതെല്ലാം കഴിഞ്ഞ് നടപ്പിലാക്കിക്കഴിയുമ്പോൾ, ചില സ്നേഹിതൻമാരിവിടെ പറഞ്ഞതുപോലെ നെൽക്കൃഷിക്കും കരിമ്പുകൃഷിക്കും മാത്രം ജലസേചനം കൊടുക്കുന്ന ഏർപ്പാടുണ്ട്. അത് അവസാനിപ്പിക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ നമ്മുടെ രാജ്യത്തു നാണ്യവിളകൾക്ക് പ്രാധാന്യം കൊടുത്ത് നാണ്യവിളകൾ വർദ്ധിപ്പിക്കുന്ന കാലഘട്ടമാണ്. തെങ്ങുപോലെയുള്ള നാണ്യവിളകൾക്കുകൂടി ജലസേചനസൗകര്യമുണ്ടാക്കുന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കണം. ഇതിനെപ്പററി കൂടുതൽ പറഞ്ഞാൽ കൊള്ളാമെന്നുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ട് കൂടുതൽ പറയുന്നില്ല. ഇന്ന് ഇറിഗേഷൻ പ്രവർത്തനങ്ങളിൽ കാണുന്ന വൈഷമ്യങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നു വിശ്വസിക്കുകയാണ്.

ഭവനനിർമ്മാണത്തെക്കുറിച്ചാലോചിക്കുമ്പോൾ ഞാൻ ഓർക്കുകയാണ് കഴിഞ്ഞ ബഡ്ജററ് സമ്മേളന സമയത്ത് ധനകാര്യമന്ത്രി പ്രസംഗിച്ചു, പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. അവർക്ക് ധാരാളം വീടുകൾ വച്ചുകൊടുക്കാൻ പോവുകയാണ്എന്ന്. അത് ഒരു മരീചികയായി അവശേഷിച്ചിരിക്കുകയാണ്. ഭൂമി റവന്യു ഡിപ്പാർട്ടുമെന്റിൽനിന്നു കൊടുത്തിട്ടുപോലുമില്ല. എന്നാണ് മനസ്സിലാക്കുന്നത്. ഇങ്ങനെയുള്ള കാലതാമസം ഒഴിവാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

എന്റെ നാട്ടിൽ അടുത്ത കാലത്ത് ഒരു ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി കുറെ സ്ഥലമെടുക്കാനുള്ള നടപടിയുണ്ടായിരുന്നു. ഇന്നത്തെ തൊഴിൽവകുപ്പുമന്ത്രി അധികാരത്തിൽ വരുന്നതിനു മുൻപാണ്, ഭവന നിർമ്മാണ വകുപ്പിൽനിന്ന് നടപടിയാരംഭിച്ചു സ്ഥലമെടുത്ത് അവിടെ ഭവനങ്ങൾ നിർമ്മിക്കുന്ന അവസാനഘട്ടമായപ്പോൾ ഗവൺമെന്റിൽനിന്ന് സ്റേറ ചെയ്തു. ആ സ്റേറയുടെ പിറകിൽ അഴിമതിയുണ്ടെന്ന് ഞാൻ വ്യക്തമായ ആരോപണം ഉന്നയിക്കുകയാണ്. വളരെ സത്യമായിട്ട് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടറിയാവുന്ന കാര്യമാണ്. സ്റേറയുടെ പിന്നിൽ അഴിമതിയുണ്ട്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ഉമ്മൻചാണ്ടി ഇരിക്കുന്ന സന്ദർഭത്തിലാണ്. സ്റേറ മാററണമെന്നു പല പ്രാവശ്യം ആവശ്യപ്പെട്ടു. ഞാൻ നേരിട്ടു പറഞ്ഞപ്പോൾ, വളരെക്കൂടുതൽ വില കൊടുത്ത് ഭൂമി എടുക്കാൻ നിവർത്തിയില്ല. എന്നു സാങ്കേതിക തടസ്സം പറഞ്ഞു. ഒരു സെൻറിന് 1000 രൂപയിൽ കുറഞ്ഞു ഭൂമി കിട്ടണമെന്നു പറഞ്ഞാൽ ഇന്നു കിട്ടുകയില്ല.

ശ്രീ. എം. കെ. രാഘവൻ: എവിടെ അഴിമതിയുണ്ടെന്നാണ്,

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സ്റേറ ചെയ്തതിൻെറ പിറകിൽ അഴിമതി ഉണ്ടെന്ന്.

ശ്രീ. എം. കെ. രാഘവൻ: എവിടെ സ്റേറ ചെയ്തത് ?

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: എൻെറ നാട്ടിൽ, കായംകുളത്ത്, ഭൂമിയുടെ വില കൂടിപ്പോയെന്ന് ആരോപണമുന്നയിച്ച് ഇന്നു നമ്മുടെ നാട്ടിൽ ആയിരം രൂപയിൽ കുറഞ്ഞ വിലയ്ക്ക് ഒരു സെൻറ് ഭൂമി കുഗ്രാമങ്ങളിൽപോലും കിട്ടുമോ എന്നു സംശയമാണ്. പേർഷ്യയിൽ നിന്നും ദുബായിൽ നിന്നും ധാരാളം പണം വന്നു മറിഞ്ഞുകൊണ്ടിരിക്കുന്ന ഈ കൊച്ചു കേരളത്തിൽ ഭൂമിക്കു വില വളരെക്കൂടുതൽ വർദ്ധിച്ചിരിക്കുന്ന സന്ദർഭത്തിൽ വില കൂടിപ്പോയി എന്നു പറഞ്ഞ് സ്റേറ ചെയ്തത് കഷ്ടമായിപ്പോയി. ആ സ്റേറ വെക്കേററ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലില്ലായ്മയെക്കുറിച്ച് ആലോചിക്കുമ്പോൾ 1978 അവസാനം ഏതാണ്ട് 23,000 ഐ. ടി. ഐ. പാസ്സായ ആളുകൾ തൊഴിലില്ലാതെ നമ്മുടെ രാജ്യത്ത് നിൽപ്പുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. അതേസമയത്ത് കഴിഞ്ഞ വർഷം 35 ഐ. ററി. ഐ.-കൾ ഇവിടെ കൂടുതൽ അനുവദിക്കുകയുണ്ടായി. ഐ. ററി. ഐ.-കൾ അനുവദിച്ചപ്പോൾ എം. എൽ. എ. മാരുടെ അയോഗ്യത നീക്കാനുള്ള ബിൽ ഇവിടെ കൊണ്ടുവന്നതിൽ ഉണ്ടായതുപോലെ, അധികാരമേറെറടുത്ത കക്ഷിയിൽ ആളുകളെ പിടിച്ചു നിർത്താനുള്ള ഒരഴിമതിയാണ് ആ നടപടി എന്ന് അന്നു ഞങ്ങൾ ആരോപിക്കുകയുണ്ടായി. ഐ. ടി. സി.-കൾ സ്ഥാപിച്ചാൽ ധാരാളം പേർക്ക് പഠിക്കാൻ സൗകര്യമുണ്ടാകും എന്നുള്ളതു ശരിയാണ്, പക്ഷെ അതേസമയത്ത് മറെറാരു കാര്യംകൂടി ആലോചിക്കണം.

സർ, ഈ ഐ. ടി. സി.കൾക്ക് ആവശ്യമായ സാമഗ്രികൾ ഇല്ലാത്തതുകൊണ്ട് പഠിത്തം ശരിയായി നടക്കുന്നില്ല. സെൻട്രൽ ഗവൺമെൻറ് തന്നെ അടുത്ത കാലത്ത് ഇതിനെക്കുറിച്ച് അന്വേഷിക്കാൻവേണ്ടി ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. എൻെറ അറിവു ശരിയാണെങ്കിൽ ആ കമ്മീഷൻ ഇവിടെ വന്ന് ഐ. ടി. സി കൾ പരിശോധിച്ചപ്പോൾ ഐ.ടി. സി കളുടെ പ്രവർത്തനം അത്ര ശരിയല്ല. എന്ന നിഗമനത്തിലാണ് അവർ എത്തിയത്. ഐ. ടി. സി. കളുടെ നോംസ് പൂർണ്ണമായി നടപ്പാക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. കാരണം സാമ്പത്തികമായ ബുദ്ധിമുട്ട് അവർക്ക് അനുഭവപ്പെടുന്നുണ്ട്. അഡ്മിഷൻെറ കാര്യത്തിൽ അവർ നേടിയിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനുംപണംവാങ്ങുന്ന കാര്യത്തിൽ അവർ ഒട്ടും പരാജയപ്പെട്ടിട്ടില്ല. അതേസമയത്ത് ലക്ഷക്കണക്കിന് രൂപ മുടക്കി അവിടെ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തേണ്ടതായ സാമഗ്രികൾ വരുത്താൻ കഴിയാത്തതുകൊണ്ട് പല കോഴ്സുകൾക്കും ആവശ്യമായ ട്രെയിനിംഗ് കൊടുക്കാൻ കഴിയുന്നില്ല എന്നുള്ളതും സത്യമാണ്. ഇതിന്റെഫലമായി വരുന്നത് എന്താണെന്നുവച്ചാൽ ഈ 35 ഐ.ടി. സി. കളിൽ പോയി കോഴ്സ് കംപ്ലീററു ചെയ്ത് വരുന്ന വിദ്യാർത്ഥികൾക്ക് അവസാനം സർട്ടിഫിക്കററ് കിട്ടാതെ അലഞ്ഞുതിരിയേണ്ട അവസ്ഥ ഉണ്ടാകുന്നു. അതുകൊണ്ട് യാതൊരു ഭാവനയും ഇല്ലാതെ കുറെ ആളുകളെ കക്ഷിയിൽ പിടിച്ചുനിർത്താൻവേണ്ടിമാത്രം ഐ. ടി. സി. കൾ അനുവദിക്കുന്ന ഏർപ്പാട് തുടരാൻ പാടില്ലായെന്ന് ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയാണ്. അങ്ങനെ തുടർന്നാൽ ഈ രാജ്യത്ത് ഇന്നു കാണുന്ന തൊഴിലില്ലായ്മ കുറെക്കൂടി വർദ്ധിക്കുമെന്നല്ലാതെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കണ്ടെത്താൻ സാധിക്കുകയില്ല. ചില വാദങ്ങൾ ഉന്നയിക്കും. പുറം രാജ്യങ്ങളിൽ ഐ. ടി. ഐ. പാസ്സായ യുവാക്കളെ ആവശ്യമുണ്ട്. ഐ. ററി. ഐ. പാസ്സായ ധാരാളം ആളുകൾക്ക് അവിടെ തൊഴിൽകിട്ടും എന്നൊക്കെ പറയാറുണ്ട്. പാസ്സായ 23,000 ൽപരം ആളുകൾക്ക് തൊഴിൽ കിട്ടാനുള്ള സൗകര്യം ഇല്ലാതെ ഇരിക്കുമ്പോൾ ഇനിയും ധാരാളം ആളുകളെ തൊഴിലില്ലായ്മയിലേക്കുതള്ളിവിടുന്നതു എന്തിനാണ്? പഠിച്ചു പാസ്സായി സർട്ടിഫിക്കററ് കിട്ടാൻ സൗകര്യമില്ലാത്ത വിധത്തിൽ വിദ്യാർത്ഥികളെ വഴിയാധാരമാക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണമെന്ന്. അഭ്യർത്ഥിക്കുകയാണ്. ഇന്നു ഈ വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെ ഇതിന്റെ ചുമതല ഏറെറടുത്തതിനു ശേഷമല്ല ഇതൊക്കെ വന്നത് എന്ന് എനിക്കറിയാം. അദ്ദേഹം ഈ മാതിരി കാര്യങ്ങളെക്കുറിച്ച് കാര്യമായി ആലോചിക്കുമെന്നാണു എന്റെ വിശ്വാസം. കഴിഞ്ഞകാലത്ത് അധികാരത്തിലിരുന്നവർ കാണിച്ച മര്യാദകേട്, അങ്ങ് ഒന്നു പരിശോധിച്ചതിനുശേഷം ഒന്ന് പരിഹരിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിൽ രംഗത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ രാജ്യത്ത് തൊഴിലാളികൾക്ക് സംസ്ഥാനവ്യാപകമായി ഒരു വേതന നയം ആവിഷ്കരിച്ചു നടപ്പാക്കാൻ ഈ ഗവൺമെൻറ് ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.എം.കെ.രാഘവൻ: സർ, 22, 25, 38 എന്നീ ഡിമാൻറുകൾ സർവ്വസമ്മതമായി പാസ്സാക്കിത്തരണമെന്നാണ് ആദ്യമായി എനിക്ക് അപേക്ഷിക്കുവാനുള്ളത്. ഈ ഡിമാൻറുകളെക്കുറിച്ച് നടത്തിയ ചർച്ചയിൽ ഈ ഡിമാൻറുകൾ അനുവദിച്ചു തരുന്ന കാര്യത്തിൽ വളരെയേറെ അഭിപ്രായവ്യത്യാസമൊന്നും ഇവിടെ പ്രകടമാക്കപ്പെട്ടിട്ടില്ല. ആദ്യമായി നടത്തിയ തൊഴിലിനെ സംബന്ധിച്ച ഡിമാൻറിന് പല നിർദ്ദേശങ്ങളും ഭരണഭാഗത്തുനിന്നും പ്രതിപക്ഷഭാഗത്തുനിന്നും ഉണ്ടായി. വിമർശനരൂപത്തിലും അല്ലാതെയും ഉള്ള ഡിമാൻറുകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എല്ലാ വിധത്തിലുമുള്ള മാററങ്ങൾക്കുംവേണ്ടി സോദ്ദേശത്തോടുകൂടി ചെയ്ത എല്ലാ നിർദ്ദേശങ്ങളും സ്വീകരിക്കാൻ ഞാൻ തയാറാണ്. ഈ ഗവൺമെൻറിന്റെ പരിപാടിയും അതുതന്നെയാണ്. അങ്ങനെ ചെയ്ത വിമർശനനിർദ്ദേശങ്ങളിൽ ചില അപസ്വരങ്ങൾ ഇല്ലാതെയുമില്ല. ആ അപസ്വരങ്ങളെയൊക്കെക്കുറിച്ച് വളരെ കാര്യമായി എടുത്തുപറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അതിനെ അവഗണിക്കുകയായിരിക്കും ഭേദമെന്ന് ഞാൻ കരുതുകയാണ്. അതു പറഞ്ഞ സന്ദർഭവും പറഞ്ഞയാളിന്റെ പ്രകൃതവുംകൂടെ കണക്കിലെടുക്കുമ്പോൾ അവയെ അവഗണിക്കുകയായിരിക്കും നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട ഒരു മെമ്പർ ഒരു കാര്യം ആരോപണ സ്വഭാവത്തിൽ പറഞ്ഞുകഴിഞ്ഞാൽ ആ ആളുടെ പ്രകൃതവും തരവും ഒക്കെ ഇന്നയിന്നതാണ്, അതുകൊണ്ട് ഞാൻ അത് അവഗണിക്കുകയാണ് എന്ന് ഒരു മന്ത്രി പറയുന്നത് മര്യാദയാണോ, ശരിയാണോ?

ശ്രീ. എം. കെ. രാഘവൻ: ഞാൻ അതിനകത്ത് ഒരു മര്യാദകേടും കണ്ടില്ല. ഞാൻ അതിന്റെ ശരിയായ സ്പിരിററ് മനസ്സിലാക്കിയതു കൊണ്ടാണ് പറയുന്നത്, അല്ലാതെ ഒരു ദുരുദ്ദേശവുംവച്ച് പറഞ്ഞതല്ല. എന്നെപ്പോലെ തന്നെ അത് ദേവസ്സിക്കുട്ടിക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയും ഇതുപോലുള്ള തടസ്സങ്ങളൊക്കെ ഉണ്ടാകുമ്പോഠം അതിനെയൊക്കെ എതിർക്കാതിരിക്കുക എന്നതാണ് എന്റെ അഭിപ്രായം. അതല്ലാതെ അതിനെ എതിർത്ത് ദേവസ്സിക്കുട്ടി ഉന്നയിക്കുന്ന എതിർപ്പിന് പ്രാമാണ്യം കൊടുക്കേണ്ട ആവശ്യം ഇല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സത്യം മറിച്ചല്ലെ? അങ്ങോട്ടു പറയുന്ന ആരോപണങ്ങഠംക്ക് മറുപടി പറയാൻ ഇല്ലാതെവരുമ്പോഠം കൊഞ്ഞണം കാട്ടുകയല്ലേ?

ശ്രീ. എം. കെ. രാഘവൻ: എനിക്ക് അതിലൊന്നും ആക്ഷേപം ഇല്ല. അതൊക്കെ ഓരോരുത്തരുടെ മനോധർമ്മം പോലെയുള്ള വ്യാഖ്യാനങ്ങഠം കൊടുക്കാവുന്നതാണ്. ഞാൻ അതെല്ലാം സ്വീകരിക്കാൻ തയ്യാറാണ്. വളരെ വിശാലമായ മനസ്ഥിതിയോടുകൂടി അതെല്ലാം സ്വീകരിക്കാൻ തയ്യാറാണ്. അതുകൊണ്ട് പ്രസക്തമായ ചില നിർദ്ദേശങ്ങഠം മാത്രമേ സ്പർശിക്കാൻ ആഗ്രഹിക്കുന്നുള്ളു. എന്റെ സ്നേഹിതൻ ശ്രീ. ബാലൻ ആണ് ചർച്ച ആരംഭിച്ചത്. ആരംഭത്തിൽതന്നെ എനിക്ക് നല്ല സർട്ടിഫിക്കററ് തന്നു. അതിനു ഞാൻ അദ്ദേഹത്തോട് കൃതജ്ഞതയുള്ളവനാണ്. എനിക്ക് എന്തോ മാററം സംഭവിച്ചു. ഞാൻ എങ്ങോട്ടോ പോയതായി ഇവിടെ ചിത്രീകരിച്ചതായി കേട്ടു. ഞാൻ എങ്ങും പോയതായി എനിക്ക് ഓർമ്മയില്ല. ഞാൻ പിന്നീട്, കുറെ ഇരുത്തത്തോടുകൂടി ആലോചിച്ചപ്പോഠം ഞാൻ അല്ല പോയത് അദ്ദേഹമാണ് പോയത് എന്നാണെനിക്ക് മനസ്സിലായത്. അത് പലരും പലപ്പോഴും ചിന്തിക്കാറില്ല. തീവണ്ടിയിൽ ഇരുന്ന് പുറത്തേക്ക് നോക്കുമ്പോഠം തെങ്ങും കമുകും ഒക്കെ എങ്ങോ ഓടിപ്പോകുന്നതായി തോന്നും. തെങ്ങ് ഓടി, കമുക് ഓടി എന്ന് പറയുന്നതുപോലെ ചിലപ്പോഴൊക്കെ അത് പററാവുന്ന ഒരു സംഭവമാണ്. അങ്ങനെ അദ്ദേഹം പറഞ്ഞുപോയി എന്നുള്ളതിൽ കവിഞ്ഞ് മറെറാന്നും ഉണ്ടെന്നുതോന്നുന്നില്ല. മറെറാന്ന് എനിക്ക് ഈ ചുററുപാടിൽ ഇരുന്നുകൊണ്ട്, കൊണ്ടുപോകാൻ സാധിക്കുമോ എന്ന് അദ്ദേഹത്തിന് ഒരു സംശയമുണ്ടായി. അതും അസ്ഥാനത്താണെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഇരിക്കുന്നിടത്തെല്ലാം ഉറച്ചിരിക്കുകയും ഞാൻ ഇരിക്കുന്ന ചുററുപാട് പരിശുദ്ധമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന കൂട്ടത്തിൽപെട്ടതായതുകൊണ്ട് എനിക്ക് ആത്മവിശ്വാസം ഇല്ലായ്മ ഉണ്ടാകേണ്ട ആവശ്യമില്ല. അതുകൊണ്ട് ഞാൻ വിചാരിക്കുന്നത് കാര്യങ്ങഠം നൻമയിലേക്ക് മാറിവരുമെന്നാണ്. എനിക്ക് ഒരു വിഷമം മാത്രമേയുള്ളു. വല്ലപ്പോഴുമൊക്കെ എന്റെ ഈ പരിശ്രമത്തിൽ എന്റെ കൈക്ക് തളർച്ച വന്നുപോയാൽ ഒരു താങ്ങ് തരാൻ ഇല്ലാതെപോയല്ലോ എന്ന വിഷമം മാത്രമെ ഉള്ളു. ആ കുറവു മനസ്സിലാക്കി അദ്ദേഹം അത് പരിഹരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ആളുകളെ ക്ഷണിക്കലാണോ?

ശ്രീ. എം. കെ. രാഘവൻ: ക്ഷണിച്ചാലും പരസ്യമായ ക്ഷണമല്ലേ? അദ്ദേഹം പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കർഷകത്തൊഴിലാളി നിയമത്തിന്റെ പതിനഞ്ചാം വകുപ്പ് ആണ് അതിന്റെ കാതലായ ഭാഗം എന്നുള്ള കാര്യത്തിൽ എനിക്ക് സംശയം ഇല്ല. അത് നടപ്പിൽ വരുത്തുന്നതിന് ശ്രമങ്ങൾ എടുക്കുന്നുണ്ട്. താമസംവരുന്നുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. പ്രോവിഡന്റ് ഫണ്ടാണ് ആ വ്യവസ്ഥയുടെ സ്പിരിററ്. അതു നടപ്പിൽവരുത്താൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതല്ലാതെ അതിട്ടിട്ട് ഓടാനൊന്നും വിചാരിക്കുകയല്ല. പ്രോവിഡന്റ് ഫണ്ടും വെൽഫയർ ഫണ്ടും തമ്മിൽ ചെറിയൊരു വ്യത്യാസം ഉണ്ട്. ഇല്ലെന്നല്ല. ആ പ്രോവിഡന്റ് ഫണ്ടിന്റെ സ്പിരിററും പ്രോവിഡന്റ് ഫണ്ടിനേക്കാൾ കൂടുതലായുള്ള സോഷ്യൽ ശക്തി ഒരുക്കിയിട്ട് റൂറൽ വർക്കേഴ്സിന് ഉണ്ടാകണം എന്നുള്ള അഭിപ്രായഗതിയാണ് ഇപ്പോൾ വളർന്നുവന്നിട്ടുള്ളത്. പ്രോവിഡന്റ് ഫണ്ടു തന്നെ റൂറൽ വർക്കേഴ്സിന് അപര്യാപ്തമായ സോഷ്യൽ സെക്യൂരിററി മെഷറാണ് എന്നുള്ള അഭിപ്രായമാണ്, ഐ. എൽ. ഒ. പോലെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽപോലും ഇന്ന് ആലോചനയിൽ വന്നിട്ടുള്ളത്. അതുകൊണ്ട് പ്രോവിഡന്റ് ഫണ്ടിന്റെ പോലും അപര്യാപ്തത മാററിക്കൊണ്ടുള്ള ഒരു നടപടിക്രമം ഈ അഗ്രികൾച്ചറൽ വർക്കേഴ്സിന് ആശ്വാസകരമായി ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ എന്റെ ബഹുമാന്യ സ്നേഹിതൻ അടക്കം അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും എന്നെ പഴിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത് നടപ്പിൽ വരുത്താൻവേണ്ടിയുള്ള ശ്രമത്തിൽ തന്നെ ഇരിക്കുകയാണ്. അതു വിട്ടുകളയുമെന്ന തെററായ ധാരണ മറുഭാഗത്താർക്കുംതന്നെ ഉണ്ടാകരുത് എന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ബഹുമാനപ്പെട്ട മി. ബാലൻ പറഞ്ഞത് നമ്മുടെ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ആളുകൾക്ക് ഇന്നുകൊടുക്കുന്ന ശിക്ഷ പോര എന്നാണ്. ഞാനും ആ അഭിപ്രായക്കാരനാണ്. കുറേക്കൂടി ഡിറററൻറായിട്ടുള്ള പണിഷ്മെന്റ് കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതിന് എന്തെല്ലാം ഭേദഗതി ആവശ്യമുണ്ടോ അതെല്ലാം ചെയ്യാൻ തയ്യാറാണ്. മറെറാന്നുകൂടി സഭയുടെ അറിവിനായി പറയാൻ ആഗ്രഹിക്കുകയാണ്, ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം ചമയുന്ന ഉദ്യോഗസ്ഥൻമാർ തൊഴിൽനിയമം അനുശാസിക്കുന്ന കൺസിലിയേഷന്റെ മുമ്പിൽ പോകാൻ പലപ്പോഴും വിമുഖത കാണിക്കുന്നുണ്ട്. ആ നിലപാട് തെററാണെന്ന് ഗവൺമെന്റിനുവേണ്ടി ഉറപ്പിച്ചുപറയാൻ തയ്യാറാണ്. പറയാൻ മാത്രമല്ല, കൺസിലിയേഷന്റെ മുമ്പിൽ അവരെ ശാസിച്ചുവരുത്താനും തയ്യാറാണ്. വരുത്തുന്നതിനുള്ള ചില നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും ഒരു തൊഴിലുടമയ്ക്കും ആ നിയമങ്ങളെ കവച്ചുവയ്ക്കാനുള്ള അവസരം കൊടുക്കുകയില്ലെന്നുള്ള കാര്യം അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ, ഈ അടുത്തദിവസം ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അബോളിഷൻ ഓഫ് കോൺട്രാക്ട് ലേബർ ആക്ടനുസരിച്ച് അവരിട്ടിമേററ് എംപ്ലോയർക്ക് ചില ചുമതലകളുണ്ട്. ആ നിയമത്തിൽ അനുശാസിക്കുന്നതാണ് അത്. പൊതുമേഖലയിലുള്ള തൊഴിലുടമകൾ അത് അനുസരിക്കാറില്ല. അത് അനുസരിക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണ്. നിയമം ലംഘിക്കുക എന്നു പറയുന്നത് ഗവൺമെൻറിൻെറ ലക്ഷ്യമല്ല, നേരേമറിച്ച് ഗവൺമെൻറ് മാതൃകാപരമായ എംപ്ലോയർ ആയിരിക്കണം എന്നുള്ള അടിസ്ഥാനപരമായ തത്വമാണ് അവരെ പറഞ്ഞുമനസ്സിലാക്കിയത്. അതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ പൊതുമേഖലയിലും പ്രോജക്ടിലുമൊക്കെ പണിയെടുക്കുന്ന കോൺട്രാക്ട് ലേബററുടെ രേഖകൾ സൂക്ഷിക്കുന്നതിലും വേജസ് ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിലുമൊക്കെ അവർ അനുസരിക്കേണ്ടതായ എല്ലാ നിയമങ്ങളും അനുസരിക്കാമെന്ന് എല്ലാ വിഭാഗം ആളുകളും ഒരുമിച്ചിരുന്ന് ഒരു തീരുമാനമെടുക്കുകയും അതനുസരിച്ചുള്ള നടപടികൾ മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. ഇടതുപക്ഷ ഗവൺമെൻറാണോ അല്ലയോ എന്നൊക്കെ തീരുമാനിക്കുന്നത് ഈ ഗവൺമെൻറിൻെറ തൊഴിലാളികളോടുള്ള നയ-പെരുമാററങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നൊക്കെ എൻെറ സ്നേഹിതൻ ചടയൻ ഗോവിന്ദൻ പറഞ്ഞു. ഞാനും അതിൽ യോജിക്കാൻ തയ്യാറാണ്. പക്ഷേ അതിൻെറ അളവുകോലായി അദ്ദേഹം സ്വീകരിച്ചത് ഈ ഗവൺമെൻറ് എൻ. ജി. ഒ. മാരുടെ നേരെ എങ്ങനെ പെരുമാറി, അവരുടെ നിവേദനം കേൾക്കാൻ എങ്ങനെ സന്ദർഭം കൊടുത്തു എന്നതൊക്കെയാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് അതാണെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യം തന്നെ മററു പലരും ഇവിടെ പറഞ്ഞു. ഇല്ലെന്നല്ല ഞാൻ പറയുന്നത്, അതു മാത്രമാണോ അളവുകോലായി എടുക്കേണ്ടത്? എനിക്ക് എൻ. ജി. ഒ. മാരോട് ആരോടും ഒരു പരിഭവവുമില്ല. പക്ഷേ ചടയൻ ഗോവിന്ദനെ പോലുള്ള ആളുകൾ എൻ. ജി. ഒ. മാരേയും അദ്ധ്യാപകവൃത്തിയെടുക്കുന്നവരെയുമൊക്കെ തൊഴിലാളിവർഗ്ഗത്തിൻെറ മുന്നിരപ്പടയാളികളായി ചിത്രീകരിക്കുന്നത് അത്രയേറെ ഭംഗിയാണോ എന്നുള്ളതിൽ എനിക്ക് സംശയമുണ്ട്. തൊഴിലാളികളുടെ കാര്യം പറയുമ്പോൾ ആ കണക്കുകൂട്ടൽ അത്രയേറെ ശരിയാണോ? ഞാൻ ഒരുകാര്യം പറയാം, അഗ്രിക്കൾച്ചറൽ വർക്കേഴ്സിൻെറ പ്രോവിഡൻറ് ഫണ്ടും......

ശ്രീ. ചടയൻ ഗോവിന്ദൻ: എൻ. ജി. ഒ. മാർ ബൂർഷ്വ വിഭാഗത്തിൽ പെട്ടവരാണെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. എം. കെ. രാഘവൻ: ഞാൻ അതു പറയുന്നില്ല. നിങ്ങളുടെ പദപ്രയോഗം തന്നെ ഉണ്ടല്ലോ. നിങ്ങൾ അവരെ വിളിക്കുന്നത് പെററി ബൂർഷ്വാ എന്നല്ലേ?

ശ്രീ. എം. വി. രാഘവൻ: എന്നാൽ ഞങ്ങളുടെ സാഹിത്യം മന്ത്രി ഒന്നിരുന്നു വായിക്കണം. ഞങ്ങൾ അവരെ വർക്കിംഗ് ക്ലാസിൻെറ കൂട്ടത്തിലാണ് പെടുത്തിയിരിക്കുന്നത്. പെററിബൂർഷ്വായുടെ കൂട്ടത്തിലല്ല.

ശ്രീ. എം. കെ. രാഘവൻ: പരിവർത്തനം ഉണ്ടായെങ്കിൽ നല്ലതാണ്. സമയംപോലെ ഇരുന്നു വായിച്ചുമനസ്സിലാക്കാം. ഞാൻ ഇവിടെ പറഞ്ഞുവന്നത് അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ബില്ലിലെ പ്രോവിഡൻറ് ഫണ്ട് സ്ഥാപിച്ചെടുക്കണമെന്നുപറയുന്നത് ഒരു സോഷ്യൽ സെക്യൂരിററി മെഷർ ആണ്. നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണ്. കാർഷിക വൃത്തികൊണ്ടാണ് ഇന്ന് ഭൂരിപക്ഷം ആളുകളും ഉപജീവനം കഴിക്കുന്നത്. എന്നാൽ അവരുടെ ജീവിതം സുരക്ഷിതമല്ല. ഇവിടെ പറഞ്ഞതുപോലെ നാൽപ്പതും അറുപതും ദിവസം മാത്രമെ ഒരാണ്ടിൽ അവർക്ക് പണി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നുള്ളു. ബാക്കിയുള്ള മുന്നൂറോളം ദിവസങ്ങളിൽ പണിയെടുക്കാൻ സൗകര്യമില്ലാത്ത ആളുകളുടെ ജീവിതത്തിന് എന്തെങ്കിലും സുരക്ഷിതത്വം ഉറപ്പുചെയ്യുന്നതിനുവേണ്ടി പ്രോവിഡൻറ് ഫണ്ടോ അതുപോലെയുള്ള റിലീഫ് ഫണ്ടോ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥ ഈ രാജ്യത്ത് ഉണ്ടാകണം. അതിനു ശ്രമിക്കുന്ന അവസരത്തിൽ നേരത്തെ പറഞ്ഞ എൻ. ജി. ഒ. മാരോടും അദ്ധ്യാപകരോടും കാണിക്കുന്ന മുൻഗണനയെക്കാൾ കൂടുതൽ മുൻഗണന ഈ വർഗ്ഗത്തിന് കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ല. അവരോട് അതു കാണിച്ചുപോയി, ഇവരോട് ഇത് കാണിക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ അതുമാത്രം മാനദണ്ഡമായി കണക്കാക്കുകയും ഇത് വിസ്മരിക്കുകയും ചെയ്യുന്നത് ശരിയല്ല, ധർമ്മമല്ല എന്ന് മാത്രമെ എനിക്ക് പറയാനുള്ളു. ഈ കാര്യവും കൂടി ഈ ഗവൺമെൻറ് ചെയ്യുന്നുണ്ട് മററ് പല വിഭാഗങ്ങളുടേയും കാര്യത്തിൽ സോഷ്യൽ സെക്യൂരിററി ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഈ ഗവൺമെൻറ് ഒന്നിനുപുറകെ ഒന്നായി നടപടികൾ സ്വീകരിക്കുന്നത്. കശുവണ്ടി തൊഴിലാളികളുടെ കാര്യത്തിൽ ഒരു നിയമം കൊണ്ടുവരണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്. അതിന് ഈ സമ്മേളനത്തിൽ സമയം കാണുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ. ഇന്ന് അഞ്ചു മണിക്ക് ബിസിനസ് അഡ്വൈസറി കമ്മിററി എന്തുതീരുമാനമെടുത്തു എന്നറിഞ്ഞുകൂടാ. അതുപോലെതന്നെ കയർ തൊഴിലാളികളുടേയും മരം കയററ തൊഴിലാളികളുടേയും കടലിലും കായലിലും മൽസ്യം പിടിക്കാൻ പോകുന്ന തൊഴിലാളികളുടെയും ജീവിതത്തിൽ ഒരു സുരക്ഷിതത്വം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അങ്ങനെ രാജ്യത്തെ ഭൂരിപക്ഷം വരുന്ന ആളുകളുടെ ജീവിതത്തിൽ സുരക്ഷിതത്വം ഉണ്ടാക്കാൻ നടപടിയെടുക്കുന്ന ഈ ഗവൺമെൻറ് ഇടതുപക്ഷ ഗവൺമെൻറല്ല എന്ന് ചിത്രീകരിക്കാൻ എൻെറ സ്നേഹിതൻ മുതിർന്നതിൽ എനിക്കൽപ്പം സങ്കടമുണ്ട്.

ശ്രീ. എം. വി. രാഘവൻ: അങ്ങ് പുതുമക്കൊരനല്ലെ പറയണം, ഞങ്ങൾ കേൾക്കാം.

ശ്രീ. എം. കെ. രാഘവൻ: മനസ്സിലാകാത്ത പുതുക്കം പലതും കേൾക്കേണ്ടിവരും. സർ, അതുപോലെതന്നെ ഇവിടെ പറയുന്നതുകേട്ടു. വീട്ടുപടിക്കൽ സത്യഗ്രഹം ചെയ്തത് ഗവൺമെൻറ് നിരോധിച്ചിരിക്കുന്നു എന്ന്, എവിടെയാണെന്ന് എനിക്ക് മനസ്സിലായില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കൊല്ലത്തെ മുതലാളിമാരുടെ വാതിൽക്കൽ സത്യഗ്രഹം നടത്തിയ ആളുകളെ അറസ്ററുചെയ്തു, മൈക്ക് അനുവദിക്കാതിരുന്നു; നിരോധിക്കുകയും ചെയ്തു.

ശ്രീ. എം. കെ. രാഘവൻ: അല്പം ക്ഷമിക്കൂ, പറയുന്നതുമുഴുവൻ കേൾക്കണം. ഒരു തൊഴിൽ സ്ഥാപനം ഉണ്ടാകുകയും അവിടെ തൊഴിൽ സമരം ഉണ്ടാകുകയും ചെയ്യുന്ന ചുററുപാടിൽ ആ തൊഴിൽസമരം ആ തൊഴിൽ സ്ഥാപനത്തിൽ ഒതുങ്ങി നിൽക്കണം സാധാരണഗതിയിൽ. ആ സന്ദർഭത്തിൽ തൊഴിലുടമകളല്ലാത്ത ആളുകൾ താമസിക്കുന്ന വീട്ടിലേക്ക് സമരം നീട്ടിക്കൊണ്ടുപോകുന്നത് യുക്തമല്ലെന്ന് ഗവൺമെൻറ് പറഞ്ഞുകാണും. അതല്ലാതെ ഒരു തൊഴിലുടമ ഒരുതൊഴിൽ സ്ഥാപനം ഉപേക്ഷിച്ച് വീട്ടിൽ പോയി ഇരുന്നാൽ അവിടെ തൊഴിൽ സമരം കൊണ്ടു ചെല്ലേണ്ട എന്ന് ഗവൺമെൻറ് പറഞ്ഞതായിട്ട്......

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അങ്ങനെതന്നെ പറഞ്ഞു എന്ന് ഈ സഭയിലെ ഭരണകക്ഷി അംഗങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ, മന്ത്രിമാർ പങ്കെടുത്ത കോൺഫറൻസുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലുടമ, അതുപേക്ഷിച്ചുപോയ സ്ഥലങ്ങളിൽ വീട്ടുപടിക്കൽ സമരം അനുവദിക്കുന്നില്ല—അതാണ് പ്രശ്നം.

ശ്രീ. എം. കെ. രാഘവൻ: ഏതായാലും രേഖാമൂലമായി എന്തെങ്കിലു മുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഞാൻ അതിനു സാക്ഷിയല്ല. ഞാൻ ഉണ്ടായിരുന്ന സന്ദർഭങ്ങളിലുള്ള ചർച്ചകളിലെല്ലാം ഈ സാഹചര്യത്തില ല്ലാതെ മറ്റൊരു സാഹചര്യത്തിലും ഇതു നിരോധിച്ചിട്ടുള്ളതായി എനിക്കറി യുകയില്ല. അതുകൊണ്ടു ഞാൻപറഞ്ഞു എന്നു മാത്രമേയുള്ളു.

ശ്രീ. പി. ശങ്കർ: ഈ കർഷകത്തൊഴിലാളികൾക്കു ഫാക്ടറി ഒന്നു മില്ല. അവർ കർഷകരുടെ വീട്ടുപടിക്കൽമാത്രമേ പോകാറുള്ളു. അതു നിരോധിച്ചിട്ടുള്ള അനുഭവങ്ങളുണ്ട്, അതുകൊണ്ടാണു പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. കെ. രാഘവൻ: കർഷകരുടെ വീട്ടിലേയ്ക്കു പോകുന്നതു നിരോധിച്ചിട്ടുണ്ടോ?

ശ്രീ. പി. ശങ്കർ: പോലീസ് തടയുന്നുണ്ട്. വീട്ടുപടിക്കൽ സത്യാ ഗ്രഹം നടത്താൻ പാടില്ലാ വയലിൽ പോയി നടത്തണമെന്നുപറയുന്നുണ്ട്. വയലിലാണെങ്കിൽ മുനിസിഫ് കോടതിയുടെ നിരോധനവും.

ശ്രീ. എം. കെ. രാഘവൻ: പോലീസുകാർ എവിടെയെങ്കിലും പറഞ്ഞോ എന്നുള്ളതല്ല. ഗവൺമെന്റ് അക്കാര്യത്തിൽ ഇങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്നുള്ളതാണ്. എന്റെ അറിവിൽപെട്ടിട ത്തോളം ഇല്ല, അതുകൊണ്ടാണു ഞാൻ പറഞ്ഞത്. അതുപോലെതന്നെ ഇവിടെ പലഭാഗത്തുനിന്നും ഉണ്ടായ മറ്റൊരു ആരോപണം—ചിലതെല്ലാം പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതുകൂടിയാണ്—പലകേന്ദ്രങ്ങളിലും പോലീസ് തൊഴിൽ സമരങ്ങളിൽ ഇടപെടുന്നു എന്നുള്ളതാണ്. പോലീസ് തൊഴിൽസമരങ്ങളിൽ ഇടപെടാൻ പാടില്ല. അത് ഈ ഗവൺമെന്റിന്റെ നയമാണ്. പോലീസ് ഇടപെടാൻ പാടില്ലാത്തതാണ്. ഒരു തൊഴിൽസമര ത്തിലും പോലീസ് ഇടപെടാൻ പാടില്ല. പക്ഷേ അങ്ങനെ ഇടപെടുന്നു എന്ന ആരോപണം ഇവിടെ ഉണ്ടായിട്ടുണ്ട്. ആരോപണങ്ങളിൽ എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ള ചിലതെല്ലാം ഇടപെടൽ ആണെന്നു എനിക്കു തന്നെ തോന്നിയിട്ടുള്ളതുകൊണ്ട് ഹോംമിനിസ്ററുടെ ദൃഷ്ടിയിൽ കൊണ്ടുവന്നു അത് ഇല്ലായ്മചെയ്തിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ ആ ആരോപണം ഭാവിയിൽ ഇല്ലാതാക്കത്തക്കവിധ ത്തിൽ വേണ്ട സൗകര്യങ്ങൾ ചെയ്യാനായി ഗവൺമെന്റു ശ്രമിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്.

സർ, ഇ. എസ്. ഐ. യെക്കുറിച്ച് കുറെ പരാതികളെല്ലാം പറഞ്ഞു. ഇ. എസ്. ഐ. ഒരു പരിപൂർണ്ണമായ പ്രസ്ഥാനമായി തീർന്നിട്ടില്ലെ ന്നാണ് എനിക്ക് ഇപ്പോഴും തോന്നുന്നത്. അവിടെ മരുന്നു കൊടുക്കുന്ന തിനെ സംബന്ധിച്ച്, ഡോക്ടർമാരെ സംബന്ധിച്ച് എല്ലാം പരാതികൾ ധാരാളമായുണ്ട്. അവയ്ക്കു കഴിയുന്നത്ര പരിഹാരം ഉണ്ടാക്കിക്കൊണ്ടിരി ക്കുകയാണ്. പരിപൂർണ്ണമായി ഈ ഗവൺമെന്റിന്റെ മാത്രം നിയന്ത്ര ണത്തിലുള്ള ഒരു കാര്യവുമല്ല അത്.

2/470—28

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: നൂറു രൂപയ്ക്കുവരെ പുറമേനിന്നു മരുന്നു വാങ്ങിച്ചാൽ നൂറു രൂപവരെയുള്ള സംഖ്യ അതാതു മെഡിക്കൽ ഓഫീസർമാർ കൊടുക്കണമെന്ന വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. ആ വ്യവസ്ഥ ലംഘിക്കുന്ന എത്രയോ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഞാൻ തന്നെ നിവേദനം നൽകിയിട്ടുണ്ട്. ഇത്തരമാളുകളുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ആ രീതിയിലുള്ള ആക്ഷേപങ്ങൾ ഇല്ലായ്മചെയ്യാൻ നടപടിയെടുക്കാം. മിനിമംവേജസ് പലസ്ഥലത്തും നടപ്പാക്കുന്നില്ലെന്നു പറഞ്ഞു. മിനിമംവേജസ് നടത്തുന്നില്ലെന്നു പറയുന്നതിനകത്ത് എല്ലാ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകണമെന്നു മാത്രമേ എനിക്കുപറയാനുള്ളു. കാരണം കയർമേഖലയിൽതന്നെ ഉണ്ടായതു മററൊരുതരത്തിലാണ്. മിനിമംവേജസ് ഫിക്സുചെയ്തു, പക്ഷേ എഗ്രീഡ്വേജസ് മിനിമം വേജസിനെക്കാൾ കുറവായ സന്ദർഭവും ഉണ്ടാകാതിരുന്നില്ല, അങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കുവാൻ എല്ലാഭാഗത്തുനിന്നും ശ്രമം ഉണ്ടാകുകയാണെങ്കിൽ ഗവൺമെൻറിൽനിന്നും മിനിമംവേജസ് നടപ്പിലാക്കാനുള്ള ശ്രമം ഉണ്ടാകുമെന്നു അറിയിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. 5 കൊല്ലത്തിനുള്ളിൽ എല്ലാ മിനിമംവേജസും റിവൈസ് ചെയ്യണം, അതൊന്നും ഈ സന്ദർഭത്തിൽ പാടില്ല എന്നൊരു അഭിപ്രായം നിയമം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമില്ല: ബഹുമാനപ്പെട്ട മെമ്പറൻമാർതന്നെ പറഞ്ഞ ആ സാഹചര്യത്തിൽ, വ്യവസായങ്ങൾ മററു സംസ്ഥാനങ്ങളിലേക്കു പോകുന്നു എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ മിനിമംവേജസ് റിവൈസ് ചെയ്യുന്നത് ബുദ്ധിപൂർവ്വകമാണോ അല്ലയോ എന്നു തീരുമാനിച്ചശേഷം നമുക്ക് ആലോചിച്ചു ചെയ്യാവുന്ന ഒരു കാര്യം മാത്രമാണത്. ഒരു ദേശീയ വേതന നയമോ ഒരു റീജിയണൽ വേജ് ലവലോ ഉണ്ടാകാതെ ബുദ്ധിപൂർവ്വകമല്ലാതെ വേജ് റിവൈസ് ചെയ്താൽ ദോഷമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഉടനടി വേജ് റിവിഷനുവേണ്ടി നടപടി സ്വീകരിക്കാത്തത്.

ഭവനനിർമ്മാണ പദ്ധതിയെ സംബന്ധിച്ച് ഞാൻ ഒന്നും പറയേണ്ട കാര്യമില്ല. ഗവൺമെൻറ് കഴിഞ്ഞ ഒന്നുരണ്ടു വർഷക്കാലമായി ഭവനനിർമ്മാണപദ്ധതിക്ക് ഏററവും കൂടുതൽ ഊന്നൽ കൊടുക്കുന്നത് ഈ ദുർബ്ബലവിഭാഗങ്ങളുടെ ഭവനനിർമ്മാണ പദ്ധതിക്കാണ്. എൻെറ സ്നേഹിതൻ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞതുപോലെ ഏതാണ്ട് 13 ലക്ഷത്തോളം വരുന്ന ഭവനങ്ങൾ നമ്മുടെ രാജ്യത്ത് ആവശ്യമാണ്. ഇപ്പോൾ പലവിഭാഗങ്ങളിൽക്കൂടി, ബാങ്കിൻെറ സഹായത്തോടുകൂടി, ഹഡ്കോയുടെ സഹായത്തോടുകൂടി ഗവൺമെൻറു പദ്ധതികൾമൂലം ഇങ്ങനെ പലവിധത്തിലുള്ള പദ്ധതികളാണ് നാം ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുകൊണ്ടു നമുക്കു വളരെയേറെ ഈ രംഗത്തു മുന്നോട്ടുപോകാൻ കഴിയും. ശ്രീ. പി. കെ. ശങ്കരൻകുട്ടി പറഞ്ഞതുപോലെ കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾക്കു മുൻപുവരെ ഹഡ്കോയുടെ സഹായം ഉപയോഗപ്പെടുത്താൻ നമുക്കു സാധിച്ചിരുന്നില്ല. നേരെമറിച്ച് ഇപ്പോൾ അതു വളരെയേറെ പ്രയോജനപ്പെടുത്താൻ നമുക്കു സൗകര്യമുണ്ടായിട്ടുണ്ട്. ഇതനുസരിച്ച് കൂടുതലായ പ്രയോജനം നാം നേടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ചില ആക്ഷേപങ്ങൾ ശ്രീ. ശങ്കരൻകുട്ടി പറയുകയുണ്ടായി. അതിനെക്കുറിച്ചെല്ലാം വിശദമായ അന്വേഷണങ്ങൾ നടത്തി ആവശ്യമായ കാര്യങ്ങളെല്ലാം ചെയ്യാവുന്നതെയുള്ളു. ഞാൻ വളരെ വിശദമായി ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മറെറാന്ന് ഇറിഗേഷനാണ്. ഇറിഗേഷനെസംബന്ധിച്ച്........

ശ്രീ. പി. ബാലൻ: ഇന്നു തൊഴിൽനിയമങ്ങരം ലംഘിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ തൊഴിലാളികളോ തൊഴിലാളിസംഘടനകളോ പരാതി ബോധി പ്പിക്കണം. പരാതികരം ഇല്ലാതെകണ്ട് ഇത്തരം തൊഴിൽനിയമലംഘനങ്ങരം സ്ഥാപനങ്ങളോ വ്യക്തികളോ നടത്തുന്നുണ്ടോ എന്നു പരിശോധിക്കു വാനും കേസ്സെടുക്കുവാനും ഗവൺമെൻറുതലത്തിൽ ഒരു സംവിധാന മുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ഇവിടെ പലരും അതിൻെറ സൂചനകരം തന്നു. ഞാൻ അതു വിശദീകരിക്കാൻ പോകാതിരുന്നതാണ്. ഇന്നു കൺസിലിയേഷൻ മെഷീനറി ശരിയായി പ്രവർത്തിക്കുന്നില്ല. അതാതു സമയങ്ങളിൽ തൊഴിൽത്തർക്കങ്ങരം കാണുകയും അതനുസരിച്ച് നടപടി കരം സ്വീകരിക്കുകയും ചെയ്യുന്നില്ലെന്ന് ഇവിടെ പ്രസ്താവിക്കുക യുണ്ടായി. അതുപോലെതന്നെ ഫാക്ടറികരം കാലാകാലങ്ങളിൽ പരിശോധി ക്കുകയാണെങ്കിൽ ഈ തൊഴിൽ നിയമങ്ങരം നടപ്പിലാക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻകഴിയും. ഇക്കാര്യങ്ങളെല്ലാം ക്രമമായി നടക്കുന്നു എന്ന അവകാശവാദം എൻെറ ഭാഗത്തില്ല.

ശ്രീ. പി. പി. എസ്തോസ്: വളരെക്കാലമായി നിലവിലുള്ള ഒരു പ്രശ്നമാണ് കൺസിലിയേഷൻ കോൺഫറൻസിൽ ഉടമകരം നിരന്തരമായി പങ്കെടുക്കാതിരിക്കുകയെന്നുള്ളത്. അതിൻെറ ഫലമായി തൊഴിൽ പ്രശ്ന ങ്ങരം ദീർഘകാലത്തേക്ക് ഒരു പരിഹാരവും കാണാതെ നീണ്ടുപോകു ന്നുണ്ട്. ഇക്കാര്യത്തിൽ ഇപ്പോരം ഗവൺമെൻറിൻെറ ഇടതുപക്ഷ വീക്ഷ ണഗതിയനുസരിച്ച് എന്തെങ്കിലും മാററം വരുത്താനുള്ള നിയമനടപടിയോ എക്സിക്യൂട്ടീവ് നടപടിയോ എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാ കുമോ?

ശ്രീ. എം. കെ. രാഘവൻ: ഇന്നു നിലവിലുള്ള നിയമം അനുസരിച്ച് ഈ കൺസിലിയേഷൻ പ്രൊസീഡിംഗ്സിൽ തൊഴിലുടമകളെ നിർബന്ധ ന്ധിച്ചു വരുത്താനുള്ള അധികാരം ഇല്ല എന്നുള്ളത് ഈ നിയമത്തിൻെറ ഒരു ബലഹീനതയാണ്. അതുകൊണ്ട് ഈ കൺസിലിയേഷൻ ദുർബ്ബ ലമാകുന്നു. അതാണ് ഈ കൺസിലിയേഷൻെറ ദൗർബല്യം. അതിനു മററു ഏർപ്പാടുകരം ഉണ്ട്. അതിവിടെ പറയാൻ പററുന്നതല്ല. മററു മാർ ഗ്ഗങ്ങരം മാത്രമേ നമുക്കു ലഭ്യമാകുകയുള്ളു. കഴിഞ്ഞ കാലത്തുണ്ടായിരു ന്നതുപോലെ അത്ര പ്രകടമായി ഇപ്പോരം തൊഴിലുടമകരം വരാത്ത സാഹ ചര്യം ഉണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട എസ്തോസിനും അറി യാൻകഴിയും. മിക്കവാററും തൊഴിലുടമകരം ഇപ്പോരം കൺസിലിയേഷനു വന്നുകൊണ്ടിരിക്കുകയാണ്. ഒരു നിയമമാററം ഉണ്ടാക്കാൻ പ്രയാസമാണ്. അതുകൊണ്ട് കഴിയുന്നതും നമ്മളെല്ലാം ഒരുമിച്ച് പരിശ്രമിച്ച് തൊഴിലുട മകളെക്കൂടി കൺസിലിയേഷൻ രംഗത്തുകൊണ്ടുവന്ന് അതിനു വേഗത കൂട്ടാനുള്ള ശ്രമം നടത്താം. നേരത്തെ ഞാൻപറഞ്ഞു ഈ ഇൻസ്പെക്ട റേററും കൺസിലിയേഷൻ മെഷീനറിയും എല്ലാം ഓവറാരം ചെയ്തെടുക്ക ണമെന്ന്. അതിനുള്ള ശ്രമവും നടക്കാതിരിക്കുന്നില്ല. ഇതെല്ലാം ഒന്നു ശരിപ്പെടുത്തി എടുത്തശേഷം അതുശരിയാക്കാമെന്നാണ് എൻെറ പ്രതീക്ഷ.

ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഇവിടെ എൻെറ സ്നേഹി തൻമാർ ചിലർ പറഞ്ഞു. നമ്മുടെ ജലസമ്പത്തു പരിപൂർണ്ണമായി നമ്മരം ഉപയോഗിക്കുന്നില്ല, അതിനൊരു പഠനം നടത്തണം, അങ്ങനെ പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തി കാര്യങ്ങൾ ഫലപ്രദമാക്കണം എന്നു പറഞ്ഞുകേട്ടു. ഇതു തമിഴ് നാട്ടുകാരുടെ വാദമാണ്. നമ്മുടെ വാദമല്ല. നാം നമ്മുടെ രാജ്യത്തെ ജലസമ്പത്തു പരിപൂർണ്ണമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഫലപ്രദമായി നമ്മുടെ എല്ലാ ജലസമ്പത്തും നാം ഉപയോഗിക്കുകയാണ്. ചിലയാളുകൾക്ക് കടലിലേക്കു വെള്ളം ഒഴുകിപ്പോകുന്നതു ഫലപ്രദമായ കാര്യമല്ലെന്ന ഒരു ധാരണയുണ്ടായിട്ടുണ്ട്. അതും വളരെ ഫലപ്രദമായ കാര്യമാണ്. ഉപ്പുവെള്ളം ഇങ്ങോട്ടുകയറാതിരിക്കാൻ അങ്ങോട്ടുവെള്ളം ശക്തിയായി പോകണം. ഇതാണ് ചാലിയാർപുഴയിൽ ഇപ്പോഴുണ്ടാകുന്നത്. അങ്ങോട്ടു വെള്ളം പോകാത്തതുകൊണ്ടാണ് ഉപ്പുവെള്ളം ഇങ്ങോട്ടു കയറിവരുന്നത്. ശരിക്കും വെള്ളം അങ്ങോട്ടുപോകുമ്പോൾ അത്രവേഗത്തിൽ ഇങ്ങോട്ടു ഉപ്പുവെള്ളം കടക്കുകയില്ല.

ശ്രീ. എം. പി. ഗംഗാധരൻ: വേലിയേററവും വേലിയിറക്കവും എന്ന പ്രകൃതിനിയമം ഒന്നും ബാധകമല്ലേ?

ശ്രീ. എം. കെ. രാഘവൻ: വിദഗ്ദ്ധൻമാർ പറയുന്നതല്ലേ എനിക്കു പറയാൻകഴിയൂ. എന്റെ സ്നേഹിതൻ ഗംഗാധരന് ഇതിനുള്ള വൈദഗ്ദ്ധ്യം ഉണ്ടെന്നു ഞാൻ ഇതേവരെ മനസ്സിലാക്കിയിട്ടില്ല.

സർ, ജലസേചന പദ്ധതികൾക്കായി ഇപ്പോൾ 37 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ പ്രാവശ്യം ജലസേചന മന്ത്രിമാരുടെ കോൺഫറൻസ് ഇവിടെ കൂടിയ അവസരത്തിൽ......

ശ്രീ. എം. വി. രാഘവൻ: ചാലിയാർ പുഴയെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. ചാലിയാർപുഴയിലെ വെള്ളം ശുദ്ധീകരിക്കുവാൻ എന്താണു ചെയ്തിട്ടുള്ളതെന്നറിയുകയില്ല. ചുങ്കം പള്ളിവരെ കൊണ്ടുപോയിവിടാൻ തീരുമാനിച്ചു എന്ന് അറിഞ്ഞു. അപ്പോൾ അതിനപ്പുറമുള്ളവർക്കു ശുദ്ധജലം കിട്ടണ്ടേ?

ശ്രീ. എം. കെ. രാഘവൻ: ഇത് ഇറിഗേഷനുമായി ബന്ധമുള്ളതല്ലെങ്കിലും താൽപ്പര്യമുള്ള വിഷയമായതുകൊണ്ട് ഞാൻ ഉത്തരം പറയാം. ചാലിയാർപുഴയിലെ മലിനജലം ഗ്വാളിയർ റയോൺസിൽനിന്നുള്ളതാണ്. അതിൽ ഡൈലൂഷൻ കൊണ്ടുവേണം വിഷാംശം ഇല്ലാതാക്കാൻ. ചുങ്കംപള്ളിപ്രദേശത്തു വിശാലമായ കായലാണ്. കൂടുതൽ വെള്ളത്തിൽ ചെന്നു ചേരുമ്പോൾ നദീജലത്തിൽ ഉള്ള കാഠിന്യം അവിടെ ഉണ്ടാകുകയില്ലെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. ഗ്വാളിയാർ റയോൺസിന്റെ ഭാഗത്തുള്ള ചാലിയാർപുഴയിൽ ഉണ്ടാകുന്നതിനെക്കാൾ വളരെ കുറച്ച് ഇഫക്ടു മാത്രമേ ചുങ്കപ്പള്ളിയിൽ ഉണ്ടാകുകയുള്ളു.

ശ്രീ. സിറിയക് ജോൺ: ചുങ്കപ്പള്ളിയിൽ കൊണ്ടുവിടുന്നതു താൽക്കാലികമായ ഒരു സംവിധാനം എന്നുള്ളതല്ലാതെ സ്ഥിരമായ സംവിധാനമാണോ? സ്ഥിരമായി കടലിൽകൊണ്ടുപോകുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായല്ലേ ഇതു നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. എം. കെ. രാഘവൻ: അതേ. നേരത്തെ തീരുമാനിച്ചിട്ടുള്ളതനുസരിച്ച് താൽക്കാലികമായി ഇപ്പോൾ ചുങ്കപ്പള്ളിയിൽ കൊണ്ടുപോയി വിടുകയും അവസാനമായി പുറംകടലിൽ കൊണ്ടുപോയി തള്ളുകയും ചെയ്യാനാണ് തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: ഇതു 1974-ൽ തീരുമാനിച്ചിട്ടുള്ളതാണ്. ഇന്നേവരെ അതിനെസംബന്ധിച്ച് ഒന്നും ചെയ്തിട്ടില്ല. ഇനിയിപ്പോഴും താൽക്കാലികമായി ചെയ്യാതെ സ്ഥിരമായ ഏർപ്പാടു ചെയ്യാൻ പാടില്ലേ?

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, ഇതുമായി ബന്ധപ്പെടാത്ത വിഷയങ്ങൾ ചർച്ചചെയ്തു സമയം നഷ്ടപ്പെടുത്തരുത്.

ശ്രീ. എം. കെ. രാഘവൻ: 1974, 1975, 1976, 1977 വർഷങ്ങളിൽ ചെയ്യാത്തതുകൊണ്ടാണ് ഇപ്പോൾ ചെയ്യാനിടവന്നത്. അന്നെല്ലാം ചെയ്യേണ്ട തട്ടുകൾ ചെയ്യാത്തതുകൊണ്ടാണ് ഇപ്പോൾ ചെയ്യാനിടവന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: ഇപ്പോൾ സ്ഥിരമായ ഏർപ്പാടുണ്ടാക്കിക്കൂടേ?

ശ്രീ. എം. കെ. രാഘവൻ: അപ്പോഴേക്കും കോഴിക്കോടുള്ള ആളുകൾ മുഴുവൻ ചത്തുതീരും. സർ, ഇവിടെ ഓവർസീസ് ഡെവലപ്പ്മെന്റു കോർപ്പറേഷനെസംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. ഇ. അഹമ്മദ് പറഞ്ഞു. അതിന്റെ ഓഫീസിൽ ഇപ്പോൾ ആളില്ല. അറ്റൻഡു ചെയ്യാൻ ആളില്ല. അവശ്യമായ ആളുകളെ നിയമിക്കുന്നതു സംബന്ധിച്ചുള്ള നടപടി ഗവൺമെന്റ് എടുത്തുവരുന്നുണ്ട്.

ശ്രീ. ചടയൻ ഗോവിന്ദൻ: ജീവിതസൂചികയെസംബന്ധിച്ച് പരിശോധിക്കുവാനുള്ള കമ്മിററിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല.

ശ്രീ. എം. കെ. രാഘവൻ: ഇവിടെ നേരത്തെ രണ്ടു പദ്ധതികളെ സംബന്ധിച്ചു പറഞ്ഞു, കൂട്ടായിയും ചമ്രവട്ടവും. കൂട്ടായി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചമ്രവട്ടം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വർഷം ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ട് അടുത്തവർഷം അത് ആരംഭിക്കുവാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഇതോടുകൂടി മലപ്പുറം ഭാഗത്തുള്ള ജലദൗർലഭ്യം സംബന്ധിച്ച പ്രവർത്തനങ്ങൾ എല്ലാം അവസാനമായി തീരുമെന്നാണ് എനിക്കുതോന്നുന്നത്.

ശ്രീ. ചടയൻ ഗോവിന്ദൻ: ജീവിതസൂചികയുടെകാര്യം ഞാൻ ചോദിച്ചതിന് ഉത്തരം പറഞ്ഞില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഹൗസിംഗ് ബോർഡിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല.

ശ്രീ. എം. കെ. രാഘവൻ: ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചു ഞാൻ പറഞ്ഞു. ഹൗസിംഗ് ബോർഡിലെ ആളുകളെന്നുപറഞ്ഞാൽ മറുപടി പറയാൻ ആളില്ലാത്തതുകൊണ്ട് അന്വേഷിച്ചു പറയാമെന്നു ഞാൻ പറഞ്ഞു. ഇപ്പോൾ റെഡിയായി ഉത്തരം എന്റെ കൈവശമില്ല. എന്റെ സ്നേഹിതൻ ലിവിംഗ് ഇൻഡക്സിനെസംബന്ധിച്ച് പറയുകയുണ്ടായി. ലിവിംഗ് ഇൻഡക്സ് സംബന്ധിച്ച് ഒരു കമ്മിററി ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിററിയിൽ മാർക്കററിലെ വില നിജപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങളെല്ലാം ഉണ്ടായി. പഞ്ചസാര, അരി, മണ്ണെണ്ണ മുതലായ സാധനങ്ങളുടെ വിലയെടുത്തു കണക്കാക്കണമെന്നും അങ്ങനെ കണക്കാക്കുമ്പോൾ 30 മുതൽ 50 പോയിന്റുവരെ വ്യത്യാസം വരികയും അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോഴും ഡി. എ. 5 രൂപമുതൽ 10 രൂപവരെ വ്യത്യാസമുണ്ടാകുമെന്നുമുള്ള നിഗമനത്തിൽ അവർ എത്തുകയും ചെയ്തു. ഈ വസ്തുത നാം സെൻട്രൽ കമ്മിററിയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നുണ്ട്. നമുക്കു മാത്രമായി ചെയ്യാൻ പ്രയാസമാണ്. അവരുടെ കൺകറൻസിനുവേണ്ടി കാത്തിരിക്കുകയാണ്. അതു കിട്ടിക്കഴിഞ്ഞാൽ അതു നടപ്പിലാക്കാൻ കഴിയുമെന്നാണ് അതിനെസംബന്ധിച്ച് എനിക്കു പറയുവാനുള്ളത്.

ശ്രീ. എം. കെ. കൃഷ്ണൻ: സെൻട്രൽ റവ്യൂ കമ്മിററിക്ക് അയച്ചിട്ട് അവരുടെ അഭിപ്രായം അറിയേണ്ട ആവശ്യമില്ല. സംസ്ഥാന റിവിഷൻ കമ്മററിയെന്നനിലയിൽ ഏകകണ്ഠമായി എടുത്ത തീരുമാനമെന്ന നിലയിൽ അതു നടത്താൻ പ്രയാസമില്ലെന്നുള്ളത് ശരിയല്ലേ?

ശ്രീ. എം. കെ. രാഘവൻ: ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമുക്കുതന്നെ നടപ്പിലാക്കാമെന്നധാരണയിൽ ഞാനും അതിനെ സംബന്ധിച്ച് അന്വേഷിച്ചു. അപ്പോഴം അതു സാധ്യമല്ല, അവരുടെകൂടി കൺകറൻസ് വേണം. അതുകൊണ്ടാണു ഞാൻ അതുപറഞ്ഞിട്ടുള്ളത്. ഞാൻ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകഠം അനുവദിച്ചുതരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Demand No. XXII—Housing

The cut motion moved by Shri N. I. Devassikutty was put and lost.

The cut motion moved by Shri Chadayan Govindan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri V. Eacharan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The question that Government be granted a sum of Rs. 5,98,14,500 under Demand XXII—Housing was put and carried.

The Demand was passed and grant was made.

Demand No. XXV—Labour and Employment

The cut motion moved by Shri N. I. Devassikutty was put and lost.

The cut motion moved by Shri Chadayan Govindan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The cut motion moved by Shri Neelalohithadasan Nadar was by leave withdrawn.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The question that Government be granted a sum of Rs. 8,42,62,500 under Demand No. XXV—Labour and Employment was put and carried.

The Demand was passed and grant was made.

Demand No. XXXVIII—Irrigation

The cut motion moved by Shri N. I. Devassikutty was put and lost.

The cut motion moved by Shri Chadayan Govindan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri Neelalohithadasan Nadar was by leave withdrawn.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The question that Government be granted a sum of Rs. 58,38,40,800 under Demand XXXVIII—Irrigation was put and carried.

The Demand was passed and the grant was made.

Mr. Deputy Speaker: Order, Order. The House will now adjourn to meet again at 8.30 a. m. tomorrow.

1979 ഏപ്രിൽ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 8 മണിക്ക് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly